Vol. 1

# സർക്കുലർ

***Circular Letter No. 1/2010***
***Prot. No. 8855/2009***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

നാം വീണ്ടും ഒരു പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിയ്ക്കുകയാണല്ലോ. ഓരോ പുതുവർഷവും ദൈവം നമുക്ക് തരുന്ന ദാനമാണ് എന്ന് അനുസ്മരിക്കാം. കഴിഞ്ഞ വർഷം ദൈവം നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും എല്ലാം ചൊരിഞ്ഞ നിരവധിയായ അനുഗ്രഹങ്ങൾക്ക് നാം നന്ദി പറഞ്ഞു കാണും. അതോടൊപ്പം പുതിയ വർഷത്തിൽ കർത്താവിന്റെ പാതയിലൂടെ ചരിയ്ക്കാനുള്ള കൃപയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ശാന്തിയും സമാധാനവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

നിർദ്ധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സഹായ പദ്ധതി നമ്മുടെ രൂപതയിൽ നടപ്പാക്കിയിട്ടുള്ളത് നിങ്ങൾക്കറിയാവുന്ന വസ്തുതയാണല്ലോ. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപാ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത്. കഴിഞ്ഞ അഞ്ച് വർഷമായി നമ്മൾ ഇപ്രകാരം ചെയ്യുന്നുണ്ട്. ഏറെപ്പേർക്ക് ഇത് വലിയ സഹായമാണ്. ഇപ്പറഞ്ഞ പദ്ധതിയ്ക്ക് പുറമേ നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങൾ ഒരുമിച്ച് ചേർന്ന് ഇരുന്നൂറിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്കും വർഷം ആയിരം രൂപാ വച്ച് സഹായ ധനം കൊടുക്കുന്നുണ്ട്.

അതുപോലെ തന്നെ വർഷം തോറും ഇരുപത് കുട്ടികളെ വീതം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്ന മറ്റൊരു പദ്ധതിയും നിലവിലുണ്ട്. മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 60 കുട്ടികൾ ഗൂഡല്ലൂർ കയ്യൂന്നിയിലുള്ള സേക്രട്ട് ഹാർട്ട് മട്രിക്കുലേഷൻ സ്കൂളിലും തലഞ്ഞി കാർമ്മൽ സ്കൂളിലുമായി പഠിക്കുന്നുണ്ട്. ആ സ്കൂളുകളുടെ വാഹനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ

നിന്ന് മാത്രമാണ് അപ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്. എല്ലാ വർഷവും എൽ.കെ.ജി. യിലേക്ക് മാത്രമാണ് കുട്ടികളെ സ്വീകരിക്കുന്നത്. അവരിൽ എല്ലാ ക്ലാസിലും പഠിച്ചു കയറുന്നവർ ഏതെങ്കിലും ജീവിതമാർഗ്ഗത്തിൽ എത്തുന്നതുവരെ അവരെ പഠിപ്പിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

കുട്ടികളെ തെരഞ്ഞെടുക്കുന്നതും അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും ഓരോ ഇടവകയിലേയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കമ്മിറ്റിക്കാരും ഉൾപ്പെടുന്ന സമിതിയാണ്. ഇടവകയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ഇതിൽ ഭാഗഭാക്കാകുന്നു. പണം ചെക്കായി രൂപതാ കേന്ദ്രത്തിൽ നിന്ന് അതാത് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് അയയ്ക്കുന്നത്. അത് പള്ളിക്കണക്കിൽ വരവ് വച്ച ശേഷം ഒന്നോ രണ്ടോ ഗഡുക്കളായി കുട്ടികൾക്ക് വിതരണം ചെയ്യുകയും പള്ളിക്കണക്കിൽ ചെലവെഴുതുകയും ചെയ്യുന്നു. പണം കുട്ടികൾക്ക് പുസ്തകം, വസ്ത്രം, കുട, ചെരുപ്പ് തുടങ്ങിയവ വാങ്ങാൻ ഉപയോഗിക്കുന്നു എന്ന് അവർ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പണം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിച്ചാൽ പിറ്റേ വർഷം മുതൽ സഹായം കൊടുക്കുന്നതുമല്ല.

സഹായധനം ലഭിയ്ക്കുന്ന കുട്ടികളുടെ കാര്യത്തിൽ അതാത് ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന് പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം. അവരുടെ വീടുകൾ ഇടയ്ക്കിടെ അവർ സന്ദർശിക്കുകയും അവരുടെ പഠനനിലവാരം വിലയിരുത്തുകയും ആവശ്യമായ വിവരങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും കമ്മിറ്റിക്കാരേയും അറിയിക്കുകയും ചെയ്യണം. ആ കുടുംബങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയിലും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിയ്ക്കായി 9,74,143 രൂപയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 3,85,600 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധതിയിൽ നിന്ന് 9,55,700 രൂപയും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 3,36,000 രൂപയും വിതരണം ചെയ്തു. ആകെ 12,91,700 രൂപയാണ് വിതരണം ചെയ്തത്. രൂപതാകേന്ദ്രത്തിൽ നിന്നും നടത്തുന്ന പദ്ധതിക്കായി 585 കുട്ടികൾക്കും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 232 കുട്ടികൾക്കും സഹായം കിട്ടി.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 60 കുട്ടികൾക്കായി 3,87,120 രൂപയാണ് കൊടുത്തത്. അതുപോലെ കോഴിക്കോട് സ്റ്റാർട്ട് എന്ന

സ്ഥാപനത്തിൽ ഒരു കുട്ടിയ്ക്ക് പഠിക്കാനായി 30000 രൂപാ കൊടുത്തിട്ടുണ്ട്. നേഴ്സിംഗ് പഠനത്തിനായി സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 3 കുട്ടികൾക്ക് 60000 രൂപായും കൊടുത്തു. അങ്ങനെ മൊത്തം 12,91,700 രൂപാ നമ്മൾ കഴിഞ്ഞ വർഷം വിദ്യാഭ്യാസ സഹായനിധി കൊടുത്തിട്ടുണ്ട്. ഇതിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളുടെ ഈ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളായി മാറും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ അതിൽ നിന്ന് കരകയറ്റുവാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുകയാണ് എന്ന ബോധ്യത്തിൽ നിന്നാണ് ഇപ്രകാരമൊരു പദ്ധതിയ്ക്ക് രൂപം കൊടുത്തത്. ചെറുകിട കർഷകർക്ക് കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട് ഇനി ജീവിതം മുന്നോട്ട് നീക്കാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. കാലക്രമത്തിൽ കൃഷിയും ഒരു വ്യവസായമായി മാറുകയും കൃഷി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുകയും ചെയ്യും എന്നതും ഉറപ്പായ കാര്യമാണ്. ആ സാഹചര്യത്തിൽ വ്യാവസായിക-സേവന മേഖലകളിൽ ജോലി ചെയ്യുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ചവർക്കായിരിക്കും മുൻഗണന. അതില്ലാത്തവർ തീർത്തും നിർദ്ധനർ ആയിത്തീരുന്ന അവസ്ഥ സംജാതമാകും. അങ്ങനെ വന്നാൽ അത് സമൂഹത്തിൽ വലിയ കലഹങ്ങൾക്കും അസ്വസ്ഥതകൾക്കും കളവിനും കൊള്ളയ്ക്കും കൊലപാതകങ്ങൾക്കും എല്ലാം കാരണമാകും. അതുകൊണ്ട് പണമുള്ളവരുടെ നിലനിൽപ്പിന്റെ പ്രശ്നം കൂടിയാണ് പാവപ്പെട്ടവരെ സാമ്പത്തികമായി ഉയർത്തുക എന്നത്.

പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഒന്നാമത്തേത് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്ന് എടുക്കുന്ന ഒരു പൊതുപണസമാഹരണമാണ്. ജനുവരി മാസത്തിലെ അവസാന ഞായറാഴ്ചയാണ് ഇത് സമാഹരിക്കുന്നത്. രണ്ടാമത്തെ മാർഗ്ഗം വ്യക്തികളും സമൂഹങ്ങളും തരുന്ന തുകകളാണ്. തങ്ങൾക്ക് ദൈവം തന്ന സമ്പത്തിൽ നിന്ന് ഒരു ഭാഗം അവശതയനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നീക്കി വയ്ക്കുന്ന ധാരാളം പേരുണ്ട്. പ്രത്യേകിച്ചും ഏതെങ്കിലും ആഘോഷാവസരങ്ങൾ വരുമ്പോൾ പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന സമ്മാനങ്ങളിൽ ഒരു ഭാഗം ഈ

നല്ല കാര്യത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഇതിനായി ബഹുമാനപ്പെട്ട വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിന് ചെലവാക്കുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസ നിധിയിലേക്ക് തരുന്ന ഇടവകകൾ ഉണ്ട്. ഓരോ ഇടവകയും അവരുടെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും ഇപ്രകാരം നീക്കി വയ്ക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്കത് വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. നമ്മുടെ കണ്ണിനും കാതിനും മനസ്സിനുമെല്ലാം ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്.

ഈ വർഷം ജനുവരി 31 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസനിധിയിലേയ്ക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2009 ഡിസംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജനുവരി 10 -ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

Vol. 2

# സർക്കുലർ

***Circular Letter No. 2/2010***
***Prot. No. 8933/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമുക്കേവർക്കും ഏറെ സന്തോഷം നൽകുന്ന ഒരു വാർത്തയായിരുന്നല്ലോ നമ്മുടെ രൂപത വിഭജിച്ച് കർണ്ണാടകത്തിൽ മാണ്ഡ്യ കേന്ദ്രമാക്കി പുതിയൊരു രൂപത സ്ഥാപിതമായതും അതിന്റെ പ്രഥമ മെത്രാനായി നമ്മുടെ രൂപതയിൽ നിന്നുള്ള പെരിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ ജോർജ്ജ് ഞറളക്കാട്ട് അച്ചൻ നിയമിതനായതും. അഭിവന്ദ്യ ശ്രേഷ്ഠമെത്രാപ്പോലീത്താ കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ ഇതു സംബന്ധിച്ചുള്ള അറിയിപ്പ് ഇക്കഴിഞ്ഞ തിങ്കളാഴ്ച (ജനുവരി 18) ഉച്ചകഴിഞ്ഞ് 4.30 ന് പുതിയ രൂപതയുടെ ഭദ്രാസന (കത്തീഡ്രൽ) ദേവാലയമായ ഹിങ്കൽ പരിശുദ്ധ ഉണ്ണിമിശിഹായുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് പരസ്യപ്പെടുത്തി. പുതിയ രൂപതയുടെ അതിർത്തിയിൽ ഇപ്പോൾ സേവനം ചെയ്യുന്ന ധാരാളം വൈദികരും സമർപ്പിതരും അത്മായവിശ്വാസികളും തദവസരത്തിൽ സന്നിഹിതരായിരുന്നു. ഇത്തരുണത്തിൽ മാണ്ഡ്യ രൂപതയ്ക്കും അതിന്റെ പ്രഥമ ഇടയൻ അഭിവന്ദ്യ ഞറളക്കാട്ട് ജോർജ്ജ് പിതാവിനും ഭാവുകങ്ങളും ആശംസകളും ദൈവാനുഗ്രഹവും നേരാം. ആ പ്രദേശത്ത് അധിവസിക്കുന്ന എല്ലാ ദൈവജനത്തിനും അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കും പുരോഗതിയ്ക്കും പുതിയ രൂപത നിമിത്തമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

കർണ്ണാടകത്തിൽ മാനന്തവാടി രൂപതയുടെ ഭാഗമായുണ്ടായിരുന്ന മാണ്ഡ്യ, മൈസൂർ, ചാമരാജനഗർ, ഹസൻ എന്നീ ജില്ലകളാണ് പുതിയ രൂപതയിൽ ഉൾപ്പെടുന്നത്. മാണ്ഡ്യയിൽ നിന്ന് ഏകദേശം ഏഴ് കിലോമീറ്റർ തെക്കായി ബാംഗ്ലൂർ-മൈസൂർ ഹൈവേയുടെ വശത്തായി കാലെനഹള്ളി എന്നറിയപ്പെടുന്ന മിഷൻ സ്റ്റേഷനാണ് ബിഷപ്പ്സ് ഹൗസായി രൂപാന്തരപ്പെടുന്നത്. അവിടെ നിന്നും ഏകദേശം മുപ്പത്

കിലോ മീറ്റർ അകലെ മൈസൂറിനടുത്തുള്ള ഹിങ്കൽ ഇടവകപ്പള്ളി ഭദ്രാസന ദേവാലയമായി ഉയർത്തപ്പെടുകയും ചെയ്തു.

പുതിയ രൂപത സ്ഥാപിതമായതോടൊപ്പം തന്നെ മാനന്തവാടിയുടെ ഭാഗമായുണ്ടായിരുന്ന ചിക്ക്മാംഗ്ലൂർ ജില്ല ഭദ്രാവതി രൂപതയോട് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അക്കാര്യം ജനുവരി 18 ന് ഉച്ചകഴിഞ്ഞ് 4.30 ന് നരസിംഹരാജപുരം വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് പരസ്യപ്പെടുത്തി. ഇതേ ഇടവകപ്പള്ളിയെ ഭദ്രാവതി മെത്രാൻ അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ അഭ്യർത്ഥന പ്രകാരം ഭദ്രാവതി രൂപതയുടെ ഭദ്രാസനദേവാലയമായി അഭിവന്ദ്യ ശ്രേഷ്ഠമെത്രാപ്പോലീത്താ ഉയർത്തുകയും ചെയ്തിട്ടുണ്ട്. ചിക്ക്മാംഗ്ലൂർ മിഷനിലുള്ള ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും മറ്റ് ദൈവജനം മുഴുവനും ഈ നടപടികൊണ്ട് കൂടുതൽ ആത്മീയവും ഭൗതികവുമായ നേട്ടം ഉണ്ടാകും എന്നതിൽ സംശയമില്ല. ഭദ്രാവതിയിൽ നിന്ന് കേവലം 50 കിലോ മീറ്ററോളം മാത്രമാണ് നരസിംഹരാജപുരത്തേയ്ക്കുള്ള ദൂരം. അവിടെയുള്ള ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും മറ്റ് ദൈവജനം മുഴുവനും അവരുടെ പുതിയ ഭവനത്തിൽ എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു.

ഇത്തരുണത്തിൽ മാനന്തവാടി രൂപതയുടെ ഭാഗമായിരുന്ന കർണ്ണാടകത്തിലെ ഈ ജില്ലകളെ വളർത്തി വലുതാക്കിയ സി.എം.ഐ, എം.എസ്.റ്റി., എന്നീ വൈദിക സമൂഹങ്ങളെ നന്ദിയോടെ ഓർക്കാതിരിക്കാൻ പറ്റില്ല. കാരണം അത്രയധികം പ്രവർത്തനങ്ങൾ അവരവിടെ ചെയ്തിട്ടുണ്ട്. അവരുടേയും അവരോടൊപ്പം കഠിനാദ്ധ്വാനം ചെയ്ത വിവിധ സന്യാസിനീസമൂഹാംഗങ്ങളുടേയും പരിശ്രമഫലമാണ് പുതുതായി രൂപം കൊണ്ട മാണ്ഡ്യ രൂപത. അതുപോലെ തന്നെ നരസിംഹരാജപുരം മിഷന്റെ വളർച്ചയ്ക്കും പുരോഗതിയ്ക്കും വേണ്ടി ബഹുമാനപ്പെട്ട നോർബർട്ടൈൻ വൈദികരും അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്.

1978 ൽ അന്നത്തെ മാനന്തവാടി മെത്രാനായിരുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവാണ് മാണ്ഡ്യ ജില്ലയെ എം.എസ്.റ്റി സമൂഹത്തിനും ഹസൻ ജില്ലയെ സി.എം.ഐ സമൂഹത്തിനും 1995 ൽ ചിക്ക്മംഗളൂർ ജില്ലയെ നോർബർട്ടൈൻ സമൂഹത്തിനും ഏൽപ്പിച്ച് കൊടുത്തത്. 1978 ൽ തന്നെ ഷിമോഗ ജില്ല എം.സി.ബി.എസ് സമൂഹത്തെയും ഏൽപ്പിച്ചിരുന്നു. അന്ന് രൂപതയും ഈ സമൂഹങ്ങളും തമ്മിൽ ഉണ്ടാ

ക്കിയ കരാർ ഈ പ്രദേശങ്ങൾ ആവശ്യത്തിന് വികസിച്ച് കഴിയുമ്പോൾ ഓരോ ജില്ലയും രൂപതകളാക്കാൻ വേണ്ട നടപടി സ്വീകരിക്കും എന്നായിരുന്നു. അതിൻ പ്രകാരമാണ് 2007 ആഗസ്റ്റിൽ ഭദ്രാവതി രൂപത സ്ഥാപിതമായത്.

എന്നാൽ മറ്റു ജില്ലകളെ ഓരോന്നിനേയും ഓരോ രൂപതയായി മാറ്റുന്നതിനോട് സീറോമലബാർ മെത്രാൻ സിനഡും പരിശുദ്ധസിഹാസനവും യോജിച്ചില്ല. രൂപത ആക്കാൻ ആവശ്യമുള്ളത്ര വിശ്വാസികളും വിസ്തീർണ്ണവും അവയോരോന്നിനും ഇല്ല എന്നതാണ് കാരണമായി ചൂണ്ടിക്കാണിയ്ക്കപ്പെട്ടത്. ഭദ്രാവതി തന്നെ തീർത്തും ചെറുതായിപ്പോയി എന്ന തോന്നലും പൊതുവേ ഉണ്ടായിരുന്നു. അതിനാൽ കർണ്ണാടകത്തിൽ മാനന്തവാടിയുടെ ഭാഗമായി ഉണ്ടായിരുന്ന ബാക്കി അഞ്ച് ജില്ലകളും കൂട്ടിച്ചേർത്ത് ഒരു രൂപതയാക്കാം എന്ന അഭിപ്രായമാണ് അവർ മുന്നോട്ട് വെച്ചത്. യുക്തമെങ്കിൽ ചിക്ക്മംഗളൂർ ജില്ലയെ ഭദ്രാവതിയോട് ചേർത്തിട്ട് ബാക്കി നാല് ജില്ലകൾ ഉൾപ്പെടുത്തി പുതിയൊരു രൂപത സ്ഥാപിക്കുന്നതിനോടും അവർക്ക് യോജിപ്പായിരുന്നു. ആ അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത ലഭിച്ചത്. അതിൻപ്രകാരമാണ് ഇപ്പോൾ മാണ്ഡ്യ രൂപത സ്ഥാപിതമായതും ചിക്ക്മംഗളൂർ ജില്ല ഭദ്രാവതിയോട് കൂട്ടിചേർക്കപ്പെട്ടതും.

മേൽപ്പറഞ്ഞ സമർപ്പിതസമൂഹങ്ങളോട് പൊതുവെയും ഈ ഭൂപ്രദേശങ്ങളിൽ സേവനം ചെയ്തു കടന്നുപോയവരും ഇപ്പോൾ അവിടെ സേവനം ചെയ്യുന്നവരുമായ സമൂഹാംഗങ്ങളോട് പ്രത്യേകമായും എനിക്കുള്ള നിസീമമായ നന്ദി രേഖപ്പെടുത്തുവാനും ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ആളും അർത്ഥവും തീർത്തും ഇല്ലാതിരുന്നതുകൊണ്ടാണ് അവരെ ഈ പ്രദേശങ്ങൾ അഭിവന്ദ്യ തൂങ്കുഴി പിതാവ് ഏൽപ്പിച്ച് കൊടുത്തത്. അവരേറ്റെടുത്ത വലിയ ഉത്തരവാദിത്വം തികച്ചും ആത്മാർത്ഥതയോടെ അവർ നിറവേറ്റി എന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. രൂപത നേരിട്ട് നോക്കിയിരുന്നെങ്കിൽ അവിടെ ഇന്നുണ്ടായിട്ടുള്ള വികസനത്തിന്റേയും പുരോഗതിയുടേയും ചെറിയൊരംശം പോലും ഉണ്ടാകുമായിരുന്നില്ല എന്നതൊരു വസ്തുതയാണ്. ഒന്നും ഇല്ലാതിരുന്ന ഈ പ്രദേശങ്ങളിൽ മനോഹരങ്ങളായ ദേവാലയങ്ങളും വൈദിക മന്ദിരങ്ങളും സ്കൂളുകളും അഗതിമന്ദിരങ്ങളും എല്ലാം ഉയർന്ന് നിൽക്കുന്ന കാഴ്ച നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. നരസിംഹരാജ

പുരത്തെ പ്രൗഢഗംഭീരമായ ലിറ്റിൽ ഫ്ളവർ ഇടവകപ്പള്ളി ബഹുമാനപ്പെട്ട നോർബർട്ടൈൻ വൈദികരുടെ തീഷ്ണതയുടേയും ആത്മാർത്ഥതയുടേയും മകുടോദാഹരണമാണ്. അതുപോലെ മാണ്ഡ്യ മിഷനിൽ ഇന്നു കാണുന്ന നിരവധിയായ സ്ഥാപനങ്ങൾ സെന്തോമസ് മിഷനറി സമൂഹത്തിലെ അംഗങ്ങളുടെ നിസ്വാർത്ഥ സേവനത്തെ വിളിച്ചോതുന്നു. ഹസൻ ജില്ലയിൽ ഉള്ള ഹെഗ്ഗദെ ഇടവകദേവാലയം അതുപോലെ സി.എം.ഐ. വൈദികരുടെ പ്രവർത്തനഫലമാണ്. ഇതിന്റെയെല്ലാം പിന്നിൽ അവിടെ പ്രവർത്തിച്ച മിഷനറിമാരുടെ അക്ഷീണവും നിസ്വർത്ഥവുമായ സേവനമാണ് എന്നത് നിസ്സംശയമാണ്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു.

വൈദികരോടൊപ്പം പ്രവർത്തിച്ച വിവിധ സന്യാസിനീസമൂഹങ്ങളിലെ സഹോദരിമാരും ഈ പുരോഗതിയ്ക്ക് ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. എല്ലാവരുടേയും കൂടി കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന പുരോഗതി. എഫ്.സി.സി, എസ്.എച്ച്, എസ്.എ.ബി.എസ്, എം.എസ്.എം.ഐ, സി.എം.സി, എസ്.കെ.ഡി, എം.എസ്.ജെ, ദീനസേവനസമൂഹം, സത്യസേവനസമൂഹം എന്നിവയാണ് അവിടെ സേവനം ചെയ്യുന്ന സന്യാസിനി സമൂഹങ്ങൾ. ഈ സമൂഹങ്ങളിൽ നിന്ന് മാണ്ഡ്യ രൂപതയിലും ചിക്ക്മംഗ്ളൂർ ജില്ലയിലും സേവനം ചെയ്തിട്ടുള്ളവരും ഇപ്പോൾ സേവനം ചെയ്യുന്നവരുമായ എല്ലാ സഹോദരിമാരേയും നന്ദിപൂർവ്വം ഓർക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് ദൈവം തന്നെ പ്രതിഫലം കൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. തുടർന്നും അവരുടെ സേവനങ്ങൾ ഈ പ്രദേശങ്ങളിൽ തുടരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വിവിധ സമർപ്പിത സമൂഹങ്ങളെപ്പോലെതന്നെ മൈസൂർ ജില്ലയിലും ചിക്ക്മംഗ്ളൂർ ജില്ലയിലും രൂപതാ വൈദികരും അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. മാണ്ഡ്യയുടെ ഭദ്രാസനദേവാലയമായ ഹിങ്കൽ ഉണ്ണിമിശിഹാപ്പള്ളി അവരുടെ പ്രവർത്തനത്തിന്റെ മകുടോദാഹരണമാണ്. നരസിംഹരാജപുരം മിഷൻ നോർബർട്ടൈൻ സമൂഹത്തെ ഏൽപ്പിക്കുന്നതിനുമുമ്പ് രൂപതാ വൈദികരാണ് നോക്കി നടത്തിയിരുന്നത്. ഇന്നു കാണുന്ന മിഷന്റെ അടിസ്ഥാനം ഇട്ടത് അവരാണ്. അന്നെന്നപോലെ ഇന്നും ഈ ഇടവകകളിലെ വിശ്വാസിസമൂഹത്തിന്റെ, പ്രത്യേകിച്ച് കൈക്കാരന്മാർ, കമ്മറ്റിക്കാർ, മതബോധനാദ്ധ്യാപകർ, സംഘടനാ

ഭാരവാഹികൾ തുടങ്ങി എല്ലാവരുടേയും സഹകരണം മിഷന്റെ വളർച്ച യിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. അവരേയും ഇത്തരുണത്തിൽ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വലിയ നോമ്പിനു ശേഷം ഏപ്രിൽ 7 ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്കാണ് മാണ്ഡ്യായുടെ നിയുക്തമെത്രാന്റെ മെത്രാഭിഷേകവും പുതിയ രുപതയുടെ ഉദ്ഘാടനവും നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ അതിരൂപതാമെത്രാപ്പോലീത്താ അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാ വായിരിക്കും മുഖ്യ കാർമ്മികൻ. തിരുക്കർമ്മങ്ങൾ നടക്കുന്നത് ഹിങ്ക ലിലെ ഭദ്രാസനദേവാലയത്തിലായിരിക്കും. നിങ്ങളെ ഏവരേയും ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനും പുതിയ രൂപതയ്ക്കും അഭിവന്ദ്യ ജോർജ്ജ് ഞറളക്കാട്ട് പിതാവിനും വേണ്ടി പ്രാർത്ഥിക്കാനും ഏറ്റവും സ്നേഹത്തോടെ ക്ഷണിക്കുന്നു. പുതിയ രൂപതയ്ക്കും രൂപതാ മെത്രാനും ദൈവാനുഗ്രഹവും വിജയവും നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2010 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ഫെബ്രുവരി 7 -ാം തീയതി എല്ലാ പള്ളി കളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ട താണ്.**

# സർക്കുലർ

*Circular Letter No. 3/2010*
*Prot. No. 8934/2020*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഒരു കത്തോലിക്കാ വിശ്വാസിയുടെ ജീവിതം ജനനം മുതൽ മരണം വരെയും അതിനു ശേഷവും പള്ളിയുമായി ബന്ധപ്പെട്ടതാണല്ലോ. പള്ളിയാകട്ടെ ഒരു വൈദികന്റെ സാന്നിദ്ധ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. വൈദികന്റെ സേവനം ലഭ്യമാകാത്ത പള്ളിയ്ക്ക് അർത്ഥം നഷ്ടപ്പെടുന്നു. ക്രൈസ്തവ വിശ്വാസജീവിതത്തിൽ ജനിപ്പിക്കുന്നതിലും വളർത്തുന്നതിലും എല്ലാം വൈദികന് അനിഷേധ്യമായ പങ്കുണ്ട്. അതിന് പകരം നിൽക്കാൻ ആർക്കും സാധിക്കുകയുമില്ല. 2009 ജൂൺ മുതൽ 2010 ജൂൺ വരെ വൈദികവർഷമായി ആചരിയ്ക്കാൻ പരിശുദ്ധ പിതാവ് നമ്മോട് ആഹ്വാനം ചെയ്തപ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് നാം വൈദികജീവിതത്തെ വിലമതിയ്ക്കണം എന്നാണ്. അതുപോലെ വൈദികർ വിശുദ്ധരായി വി. ജോൺ മരിയ വിയാനിയെപ്പോലെ ജീവിയ്ക്കണമെന്നും.

എന്നാൽ വൈദികജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണം ഇന്ന് വളരെയധികം കുറഞ്ഞിരിക്കുന്നു. ആ ജീവിതത്തിലേയ്ക്ക് മക്കളെ പറഞ്ഞയയ്ക്കുന്നതിൽ പല മാതാപിതാക്കളും മടിയ്ക്കുകയും ചെയ്യുന്നു. കാരണങ്ങൾ പലതാകാം. ഇന്ന് പൊതുവേ മക്കളെ പഠിപ്പിച്ച് ഏതെങ്കിലും ഉദ്യോഗത്തിൽ ആക്കണം എന്നുള്ളതാണ് ഏറിയ പങ്കും മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണല്ലോ വലിയ തുകകൾ മുടക്കി അവരെ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കണം എന്നവർ ആഗ്രഹിക്കുന്നത്. എന്നാൽ മിടുക്കരായ കുട്ടികളെ വൈദികപരിശീലനത്തിനായി മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ച് വിടുന്നില്ലെങ്കിൽ അതിന്റെ അനന്തരഫലം ഇന്ന് യൂറോപ്പിൽ സംഭവിക്കുന്നതു തന്നെയായിരിക്കും.

സ്കൂൾ വർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസിൽ

പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേയ്ക്ക് പറഞ്ഞുവിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ രൂപത മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി പത്താം ക്ലാസ് പരീക്ഷ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev. Fr. Thomas Kachirayil, Mount Mary College, PB No. 1, Mananthavady 670645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയയ്ച്ചുതരും. അത് പിന്നീട് അയയ്ച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം. ഏതെങ്കിലും സന്യാസസമൂഹത്തിൽ ചേരാൻ ഉദ്ദേശിക്കുന്നവരും ഈ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം.

പ്ലസ്ടു ഉൾപ്പെടെ മൂന്നുവർഷം മൈനർ സെമിനാരി, അതിനുശേഷം മൂന്നുവർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം, പിന്നെ രണ്ട്വർഷം പുറത്ത് പോയി പഠിച്ച് ബിരുദാനന്തരബിരുദം, അതിനുശേഷം നാല്വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് നമ്മുടെ രൂപതയിൽ വൈദികപരിശീലന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഇതിൽ പുറത്തു പോയി ബിരുദാനന്തരപഠനം നടത്തുക എന്നത് നമ്മുടെ രൂപതയിൽ മാത്രമുള്ളതാണ്. മറ്റ് ചില രൂപതകളിൽ പ്ലസ് ടു അല്ലെങ്കിൽ അതിനു ശേഷം ഡിഗ്രിപഠനം പുറത്തുപോയി നടത്തുക എന്ന രീതിയും നിലവിലുണ്ട്. നമ്മുടെ രൂപതയിൽ ഇപ്രകാരം വൈദികവിദ്യാർത്ഥികൾ രണ്ട് വർഷം പുറത്ത്പോയി സ്വതന്ത്രമായി ജീവിച്ച് ബിരുദാനന്തരബിരുദപഠനം നടത്തണം എന്ന് നിഷ്ക്കർഷിക്കുന്നത് അവർക്ക് പിന്നീട് ഇടവകജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും പക്വതയോടെ നേരിടാനുള്ള കഴിവ് കിട്ടാനും ജീവിതത്തെപ്പറ്റി യാഥാർത്ഥ്യബോധം ഉണ്ടാകാനും വേണ്ടിയാണ്. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള ഇന്നത്തെ അണുകുടുംബങ്ങളിൽ മുമ്പ് വലിയ കുടുംബങ്ങളിൽ കുട്ടികൾക്ക് കിട്ടിയിരുന്നതുപോലെയുള്ള ജീവിതപരിശീലനവും മൂല്യബോധവും കിട്ടുന്നില്ല എന്നത് ഒരു വസ്തു

തയാണ്. കുടുംബങ്ങളിൽ നിന്ന് കിട്ടാതെ അത് സെമിനാരിയിൽ പറഞ്ഞുകൊടുത്തതുകൊണ്ട് മാത്രം അവർ സ്വീകരിക്കുകയുമില്ല. ജീവിതയാഥാർത്ഥ്യങ്ങളെ നേരിൽ കണ്ട് അവ അനുഭവിയ്ക്കുമ്പോൾ മാത്രമാണ് അതവർ ഉൾക്കൊള്ളുന്നത്. അതിനവരെ പ്രാപ്തരാക്കാനുള്ള ഒരു അവസരമായിട്ടാണ് പുറത്തുള്ള താമസത്തേയും പഠനത്തേയും വിഭാവനം ചെയ്തിരിക്കുന്നത്.

ബിരുദാനന്തരബിരുദപഠനത്തിനായി പോകുന്നവർ കഴിയുന്നതും വീട്ടിൽ നിൽക്കരുത് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ വന്നാൽ ഉദ്ദേശിക്കുന്ന ഫലം അതിൽ നിന്ന് കിട്ടുകയില്ല. അവർ സ്വന്തമായി ഒരു താമസസ്ഥലം കണ്ടെത്തി എവിടെയെങ്കിലും ഒരു ഭാഗികജോലിയും സ്വീകരിച്ച് അതിൽനിന്നുള്ള വരുമാനം കൊണ്ട് ജീവിച്ച് പഠനം പൂർത്തിയാക്കണം എന്നാണ് കൊടുത്തിട്ടുള്ള നിർദ്ദേശം. കാരണം കേവലം ഒരു ഡിഗ്രി എടുക്കുക എന്നതല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സമയം, പണം തുടങ്ങിയവ ശരിയായി ഉപയോഗിക്കാനും മറ്റ് മനുഷ്യരുമായി മാന്യമായി ഇടപഴകാൻ പഠിയ്ക്കാനുമൊക്കെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ കുട്ടികൾ കോളേജുകളിൽപോയി പഠിയ്ക്കണമെന്നും ഇല്ല. മാത്രമല്ല, റെഗുലർ കോളേജുകളിൽ പോകുന്നവർക്ക് ജോലി ചെയ്യാൻ സമയവും കിട്ടുകയുമില്ല.

കുട്ടികൾ താമസം ആരംഭിക്കുന്ന സ്ഥലത്തുള്ള ഒരു വൈദികനെ അവരുടെ ആദ്ധ്യാത്മികോപദേഷ്ടാവായി എടുക്കണമെന്നും അദ്ദേഹവുമായി നിരന്തരം ബന്ധത്തിൽ ആയിരിക്കണം എന്നും പറഞ്ഞിട്ടുണ്ട്. മാത്രമല്ല ഒരു ആദ്ധ്യാത്മിക ഡയറിയും കുട്ടികൾക്ക് കൊടുത്തിട്ടുണ്ട്. തങ്ങളുടെ ആദ്ധ്യാത്മിക കൃത്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അതിൽ അവർ രേഖപ്പെടുത്തണം. അങ്ങനെ തന്റെ വൈദികദൈവവിളി ഈ കാലഘട്ടത്തിൽ തിരിച്ചറിയാൻ കുട്ടികൾ പ്രാപ്തരാകണം. പുറത്തുള്ള ജീവിതം നേരിൽ കണ്ട് ജീവിച്ച ശേഷം അവർക്ക് വൈദികജീവിതത്തോട് ആകർഷണം തോന്നുന്നുവെങ്കിൽ അത് യഥാർത്ഥമായിരിക്കാനാണ് സാധ്യത.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 48 മൈനർ സെമിനാരിക്കാരും 40 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 22 പേർ തങ്ങളുടെ ബിരുദാനന്തരബിരുദപഠനവും നടത്തുന്നുണ്ട്. അവരിൽ 5 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങുന്നുണ്ട്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ ആഗോളസാമ്പത്തികമാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞു പോയി. അതിനാൽ അവർ തരുന്ന തുകകൊണ്ട് മാത്രം കുട്ടികളുടെ ചെലവുകൾ നടക്കു കയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് ഏകദേശം 30000 രൂപയും മേജർ സെമി നാരിയിൽ ഏകദേശം 35000 രൂപയും ചെലവാകുന്നു. അതിൽ മേജർ സെമിനാരിയിലേക്ക് ഒരു വിദ്യാർത്ഥിക്ക് രൂപതയിൽ നിന്നും 25000 രൂപ കൊടുക്കേണ്ടതുണ്ട്. അങ്ങനെ ഒരു വർഷം നമുക്കാവശ്യം ഏകദേശം 25 ലക്ഷം രൂപയാണ്. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടിക ളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവ രെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതു കൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാ കേണ്ടിയിരിക്കുന്നു.

പല വേദികളിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്ത് കഴിഞ്ഞു. വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് ഇടവകകൾ പങ്കു വയ്ക്കുക എന്ന ആശയത്തിലാണ് ഒടുവിൽ നാം എത്തിച്ചേർന്നിരിക്കു ന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിയ്ക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരിക്കണം എന്നാണ് തീരുമാനം. അതേപ്പറ്റി വിശദമായി പിന്നീട് അറിയ്ക്കുന്നതാണ്.

ഏതാനും വർഷമായി വൈദികവിദ്യാർത്ഥികളുടെ പരിശീലന ച്ചെലവിനായി നാം ഒരു പൊതുസംഭാവനസമാഹരണം നടത്തുന്നു ണ്ടല്ലോ. ഈ വർഷം ഫെബ്രുവരി മാസം 28 -ാം തീയതിയാണ് നട ത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളി യിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിയ്ക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥി ക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ

കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതു വഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകേന്ദ്രത്തിൽ നിന്ന് 2010 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ഫെബ്രുവരി 21 -ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

Vol. 3



# ഇടയലേഖനം

*Pastoral Letter No. 01/2010*
*Prot. No. 9181/2010*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലാണല്ലോ നാമിപ്പോൾ. പശ്ചാത്താപത്തിന്റെയും, പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ ചാരംപൂശി നാം നോമ്പാരംഭിച്ചു. അതോടൊപ്പം എല്ലാ ആഘോഷങ്ങളിൽ നിന്നും ആഡംബരങ്ങളിൽ നിന്നും ഈ കാലഘട്ടത്തിൽ മാറി നിൽക്കുന്നു. ഭക്ഷണപാനീയങ്ങളിൽ നോമ്പുകാലത്ത് നാം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. കൂടുതലായി ഈ കാലഘട്ടത്തിൽ നാം പ്രാർത്ഥിക്കുകയും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നു. കൂടുതലായി വിശുദ്ധകുർബാനയിൽ സംബന്ധിക്കുകയും അനുതാപത്തിന്റെ കൂദാശയ്ക്കായി അടുത്തടുത്ത് അണയുകയും ചെയ്യുന്നു. ചിലരെങ്കിലും തീർത്ഥാടനങ്ങൾക്കായും ഈ കാലഘട്ടം തെരഞ്ഞെടുക്കുന്നു.

ഇപ്പറഞ്ഞവയെല്ലാം നമ്മുടെ പാപങ്ങളേയും തെറ്റുകളേയും പറ്റി നാം പശ്ചാത്തപിക്കുന്നു എന്നും അവയിൽ നിന്ന് പിൻതിരിയാൻ നാം ആഗ്രഹിക്കുന്നു എന്നും ഉള്ളതിന്റെ ബാഹ്യമായ അടയാളങ്ങളാണ്. അതുപോലെ കർത്താവുമായി കൂടുതൽ അടുത്ത് വസിക്കുവാൻ ആഗ്രഹിക്കുന്നു എന്നും അവ ദ്യോതിപ്പിക്കുന്നു.

എന്നാൽ അവയ്ക്ക് ആനുപാതികമായ മാറ്റങ്ങൾ നമ്മുടെ ഉള്ളിൽ സംഭവിക്കുമ്പോഴാണ് അവ ഫലവത്തായി എന്ന് പറയാൻ കഴിയുന്നത്. കാരണം മാറ്റം വരേണ്ടത് നമ്മുടെ മനസ്സിലും മനോഭാവത്തിലുമാണ്. അവിടെ മാറ്റം വരുമ്പോൾ നമ്മുടെ വാക്കുകളും പ്രവൃത്തികളും ശരിയായതായി തീരുന്നു. അങ്ങനെ മനസ്സിലും മനോഭാവത്തിലും മാറ്റം വന്നുകഴിയുമ്പോൾ അത് കർത്താവിനോടൊത്തുള്ള ഉയിർപ്പിന്റെ ജീവിതമായിത്തീരുന്നു. *ദിവ്യ ഈശോയെ എന്റെ ഹൃദയം അങ്ങയുടെ തിരുഹൃദയത്തിന് ഒത്തതാക്കി തീർക്കണമേ* എന്ന് നാം പ്രാർത്ഥിക്കാറുണ്ടല്ലോ. മനസ്സിലേയും മനോഭാവത്തിലേയും മാറ്റങ്ങൾ കർത്താവിന്റെ മനസ്സിനോടും മനോഭാവത്തോടുമാണ് നമ്മെ അടുപ്പിക്കേണ്ടത്.

മനസ്സിലേയും മനോഭാവത്തിലേയും മാറ്റങ്ങൾ, അതായത്, നമ്മുടെ മനസ്സും മനോഭാവവും ഈശോയുടെ മനസ്സിനോടും മനോഭാവത്തോടും ഒത്തതായിക്കഴിയുമ്പോൾ, അത് നമ്മുടെ അനുദിന ജീവിതത്തിൽ പ്രതിഫലിയ്ക്കും. അപ്പോൾ നമുക്കും വിശുദ്ധ പൗലോസ് ശ്ലീഹായേപ്പോലെ പറയുവാൻ കഴിയും, *ഇനി ഞാനല്ല, കർത്താവാണ് എന്നിൽ ജീവിക്കുന്നതെന്ന്.* ആ ജീവിതമാണ് ഉയിർപ്പിന്റെ ജീവിതം. അപ്പോൾ കിട്ടുന്ന സന്തോഷമാണ് ഉയിർപ്പിന്റെ സന്തോഷം. അവിടെയെത്താനുള്ള പാത കുരിശിന്റെ പാതയാണ്. ആ പാതയാണ് നോമ്പിലൂടെയും ഉപവാസത്തിലൂടെയും പ്രായശ്ചിത്ത പ്രവൃത്തികളിലൂടെയും എല്ലാം നാം അനുധാവനം ചെയ്യാൻ ശ്രമിക്കുന്നത്.

നോമ്പും ഉപവാസവും കേവലം പശ്ചാത്താപവും പ്രായശ്ചിത്തവും മാത്രമല്ല പ്രതിനിധാനം ചെയ്യുന്നത്. ക്രൈസ്തവജീവിതം പങ്കുവയ്ക്കലിന്റെ ജീവിതമാണെന്നും പങ്കു വയ്ക്കാൻ സാധിക്കണമെങ്കിൽ നാം നമ്മുടെ ഉപഭോഗം കുറയ്ക്കണമെന്നുമാണ്. സമ്പത്തായാലും, സമയമായാലും ഊർജ്ജമായാലും അതെല്ലാം ദൈവം നമുക്ക് തന്നിരിക്കുന്ന ദാനമാണ്. അത് നമുക്ക് വേണ്ടി മാത്രം ഉപയോഗിക്കാനുള്ളതുമല്ല. പ്രത്യുത, മറ്റുള്ളവരുമായി പങ്കു വയ്ക്കാനുള്ളതാണ്. അപ്രകാരം പങ്കു വയ്ക്കുന്നത് നമ്മുടെ ആവശ്യങ്ങൾ എല്ലാം സാധിച്ചിട്ടാകാം എന്ന് ചിന്തിച്ചാൽ ഒരിക്കലും നടന്നെന്ന് വരുകയില്ല, കാരണം ആവശ്യങ്ങൾ എന്നും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. അതുകൊണ്ട് പങ്കുവയ്ക്കൽ പ്രക്രിയ നടക്കണമെങ്കിൽ നാം നമ്മുടെ ആവശ്യങ്ങൾ കുറയ്ക്കണമെന്നും ചിലതെല്ലാം വേണ്ടെന്ന് വയ്ക്കണമെന്നും നോമ്പും ഉപവാസവും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇത് വസ്തുക്കളുടെ കാര്യത്തിലെന്നപോലെ സമയത്തിന്റെ കാര്യത്തിലും എല്ലാം പ്രസക്തമാണ്.

നോമ്പുകാലത്ത് വ്യക്തിയുടേതെന്നപോലെ സമൂഹത്തിന്റെ മനസ്സിലും മനോഭാവത്തിലും മാറ്റങ്ങൾ വരുത്തുവാനുള്ള പരിശീലനം കിട്ടണം. കാരണം നാമെല്ലാം സമൂഹജീവികൾ കൂടിയാണല്ലോ. അതുകൊണ്ടാണ് ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നത്: "ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്കു വിരിച്ച് ചാരവും വിതറികിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?"(ഏശയ്യ 58:5-7). സമൂഹത്തിലെ അനീതിയുടെ നടുവൊടിക്കുക എന്നു പറഞ്ഞാൽ സമൂഹമനസാക്ഷിയെ മാറ്റുക എന്നാണർത്ഥം. സമൂഹമൊന്നാകെ ചെയ്യുന്ന പാപങ്ങളും തുടച്ചുനീക്കപ്പെടണം. അതിന് ഓരോ സമൂഹാംഗവും കടപ്പെട്ടിരിക്കുന്നു. സമൂഹത്തെ മറന്നുകൊണ്ടുള്ള ജീവിതം ക്രൈസ്തവമല്ല. സമൂഹത്തെ ക്രൈസ്തവമാക്കി തീർക്കാനുള്ള കടമ ഓരോ ക്രൈസ്തവ വിശ്വാസിക്കുമുണ്ട്.

സമൂഹത്തിന്റെ പാപങ്ങളെപ്പറ്റി പറയുമ്പോൾ ധാരാളം പറയാനുണ്ടെങ്കിലും രണ്ട് കാര്യങ്ങൾ പ്രത്യേകമായി എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന് അഴിമതിയും കൈക്കൂലിയും; രണ്ട് പരിസ്ഥിതിയോട് നാം ചെയ്യുന്ന ക്രൂരത. ആദ്യത്തെതിനോട് ബന്ധപ്പെട്ടത് തന്നെയാണ് രണ്ടാമത്തെതും. കൈക്കൂലി വാങ്ങുന്നവരും കൊടുക്കുന്നവരും ഉള്ളതുകൊണ്ടാണ് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകർക്കാൻ മനുഷ്യൻ അവസരമൊരുക്കുന്നത്. കൈക്കൂലിയും അഴിമതിയുമാണ് നമ്മുടെ സമൂഹത്തിലെ ഒട്ടെല്ലാ പ്രശ്നങ്ങളുടേയും അടിസ്ഥാനകാരണം.

ഒരുദാഹരണം മാത്രം നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ. നമ്മുടെ റോഡുകളിൽ ദിവസേന നൂറുകണക്കിന് മനുഷ്യരുടെ ജീവനാണ് പൊലിയുന്നത്. കൃത്യമായ നിലവാരത്തിൽ റോഡുകൾ നിർമ്മിക്കാൻ ബാദ്ധ്യതയുള്ളവരും അതങ്ങനെ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉത്തരവാദിത്വപ്പെട്ടവരും അനർഹമായി പണം സമ്പാദിക്കാൻ ശ്രമിക്കുമ്പോൾ റോഡിനുവേണ്ടി ആവശ്യമായ പണം മുടക്കാൻ കഴിയാതെ വരുന്നു. അങ്ങനെ ഗുണനിലവാരം കുറഞ്ഞ റോഡുകൾ നിർമ്മിക്ക

പ്പെടുകയും പെട്ടെന്ന് പൊട്ടിപ്പൊളിഞ്ഞ് വാഹനങ്ങൾക്കും കാൽനട ക്കാർക്കും അപകടകാരികളായിത്തീരുകയും ചെയ്യുന്നു.

അത്തരം റോഡുകളിലൂടെ സുരക്ഷിതമായി വാഹനമോടിക്കാൻ ഡ്രൈവർമാർക്കും കഴിയുന്നില്ല. കാരണം ഗതാഗതനിയമങ്ങൾ അനു ശാസിക്കുന്ന രീതിയിൽ നിർമ്മിക്കപെടാത്ത റോഡുകളിൽ നിയമം പാലിക്കുക പലപ്പോഴും സാധ്യമല്ല തന്നെ. ഗതാഗതനിയമങ്ങളനുസരി ച്ചുള്ള റോഡുകൾ ഉണ്ടാക്കാത്തതുകൊണ്ട് ആ നിയമങ്ങളിൽ ഡ്രൈവർമാരെ പരിശീലിപ്പിക്കാനും സാധ്യമല്ല.

അതുപോലെ തന്നെ ശരിയായി പരിശീലനം സിദ്ധിക്കാതെ പണം കൊടുത്ത് ലൈസൻസ് നേടാൻ നമ്മുടെ നാട്ടിൽ കഴിയും. അങ്ങനെ ലൈസൻസ് നേടുന്നവർ നിയമമനുസരിച്ച് വാഹനം ഓടി ക്കാൻ അറിയാത്തവരായിരിക്കും എന്നും അങ്ങനെയുള്ളവർ വാഹനം ഓടിച്ചാൽ അപകടങ്ങൾക്ക് കൂടിയ സാദ്ധ്യത ഉണ്ട് എന്നും ഏവർക്കുമ റിയാം. ഇങ്ങനെ ലൈസൻസ് കിട്ടാൻ പണം കൊടുക്കുന്നവരും അത് വാങ്ങുന്നവരും ഒരുപോലെ തെറ്റ് ചെയ്യുന്നു. ഒരുതരത്തിൽ അവർ മറ്റു ള്ളവരുടെ മരണത്തിന് കൂട്ടുനിൽക്കുന്നതിലൂടെ കൊലപാതകമെന്ന പാപം തന്നെയാണ് ചെയ്യുന്നത്.

ഗതാഗതനിയമനുസരിച്ച് വാഹനങ്ങൾ ഓടിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ബാദ്ധ്യസ്ഥരായവർ അത് ചെയ്യാതെ പണം വാങ്ങി നിയമ ലംഘകരെ വെറുതെ വിടുമ്പോഴും അപകടത്തിന് കൂട്ട് നിൽക്കുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെ കാലാകാലങ്ങളിൽ വാഹനങ്ങളുടെ സുരക്ഷാപരിശോധന നടത്തേണ്ടവർ അത് ചെയ്യാതെ പണം വാങ്ങി സുരക്ഷിതമല്ലാത്ത വാഹനങ്ങൾക്ക് സുരക്ഷാസർട്ടിഫിക്കറ്റ് കൊടുക്കു മ്പോഴും ഇത് തന്നെ ചെയ്യുന്നു. സമൂഹത്തിലെ ഉന്നതരും സ്വാധീന മുള്ളവരും പണക്കാരും നിയമലംഘനം നടത്തുമ്പോൾ അവർക്കെതിരെ നടപടിയെടുക്കാൻ വേണ്ടപ്പെട്ടവർ പലപ്പോഴും മടിക്കുന്നത് അങ്ങനെ ചെയ്താൽ ആ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷകൾ ഉണ്ടാകും എന്ന തിന്റെ പേരിലാണ്. അപ്പോൾ സത്യസന്ധരായ ഉദ്യോഗസ്ഥരെ ശിക്ഷി ക്കുന്നവരും ഗുരുതരമായ പാപം ചെയ്യുന്നു. ഇതും അഴിമതിയുടെ മറ്റൊരു മുഖംതന്നെ.

അപകടകരമായ രീതിയിൽ വാഹനങ്ങളിൽ ചരക്ക് കയറ്റി വരു മ്പോൾ പണത്തിന്റെ ശക്തികൊണ്ട് അത്തരക്കാർ നിർബാധം റോഡി ലൂടെ വാഹനങ്ങളോടിക്കുന്നു. റോഡു നിറഞ്ഞുനിൽക്കുന്ന രീതിയിൽ വയ്ക്കോലും തടിയും മുളയും മറ്റും കയറ്റി പോകുന്ന വാഹനങ്ങൾ

നാം ദിവസേന കാണുന്നു. അവർക്കതിന് സാധിക്കുന്നത് കൈക്കൂലി കൊടുത്തുകൊണ്ട് തന്നെ. വീതികുറഞ്ഞതും പൊട്ടിപ്പൊളിഞ്ഞതും തലങ്ങും വിലങ്ങും വൈദ്യുതികമ്പികളും എല്ലാം ഉള്ള നമ്മുടെ റോഡുകളിലൂടെ ഈ വാഹനങ്ങൾ അമിതവേഗത്തിൽ പായുമ്പോൾ അപകടമുണ്ടാകുന്നില്ലെങ്കിലല്ലെ അത്ഭുതപ്പെടേണ്ടതുള്ളൂ.

യാത്രക്കാരെ കയറ്റി പോകുന്ന ബസ്സുകളുടേയും മറ്റ് വാഹനങ്ങളുടേയും കാര്യവും ഇതുപോലെതന്നെ. അമിതവേഗത്തിലും ശ്രദ്ധയില്ലാതെയും ഓടിക്കുന്ന വാഹനങ്ങൾ അപകടത്തിൽപെട്ട് ധാരാളം പേരുടെ ജീവൻ പൊലിയുന്നു. അതിലേറെപ്പേരുടെ ജീവിതം ആജീവനാന്തം നരകതുല്യമാകുന്നു. ഇതെല്ലാം സംഭവിക്കുമ്പോഴും അതിന് ഉത്തരവാദികളായവർ ശിക്ഷിക്കപ്പെടുന്നില്ല. കാരണം വേണ്ടപ്പെട്ടവർക്ക് കൈക്കൂലി കൃത്യമായി കിട്ടുന്നു എന്നതുതന്നെ കാരണം.

നമ്മുടെ സമൂഹത്തിലെ മറ്റൊരു തിന്മയാണ് പരിസ്ഥിതിയ്ക്ക് മനുഷ്യർ വരുത്തുന്ന ദോഷം. സർവ്വതും നാം വിഷലിപ്തമാക്കിയിരിക്കുന്നു. ഭക്ഷണസാധനങ്ങൾ എല്ലാം മായം ചേർത്ത് വിൽക്കപ്പെടുന്നു. പഴവർഗ്ഗങ്ങൾ മൂക്കുന്നതിനു മുമ്പ് പഴുപ്പിക്കാൻ മാരകമായ വിഷം ഉപയോഗിക്കുന്നു. അമിതവിഷമുള്ള കീടനാശിനികളും രാസവളങ്ങളും ഉയർന്ന അളവിൽ ഉപയോഗിക്കുന്നതിനാൽ മണ്ണും വെള്ളവും മലിനപ്പെടുന്നു. അതിലൂടെ രോഗവാഹികളായ കൊതുകിനേയും മറ്റ് കീടങ്ങളേയും തിന്നൊടുക്കുന്ന തവളകളും മത്സ്യങ്ങളും പോലെയുള്ള ജീവികളും ചത്തൊടുങ്ങുന്നു. ഫലമോ, ഇതുവരെയും നാം കേട്ടിട്ടില്ലാത്ത പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. പല രോഗങ്ങളും എങ്ങനെ ഉണ്ടാകുന്നു എന്നുപോലും കണ്ടെത്താൻ കഴിയുന്നില്ല. പ്ലാസ്റ്റിക്കും മറ്റും ചുറ്റുപാടും വലിച്ചെറിയുന്ന നാം പരിസരത്തെ മലിനമാക്കുന്നതോടൊപ്പം രോഗങ്ങൾക്ക് കാരണമാക്കുകയും വന്യജീവികളുടെ മരണത്തിന് ഉത്തരവാദികളാകുകയും ചെയ്യുന്നു. ഇതെല്ലാം സംഭവിക്കുന്നത് പ്രധാനമായും അഴിമതിയും കൈക്കൂലിയും കൊണ്ടുതന്നെ. ആരെന്തു ചെയ്താലും നിയമങ്ങൾ ലംഘിച്ചാലും പണം കൊടുത്താൽ രക്ഷപെടാം.

ഇങ്ങനെ സമൂഹത്തിൽ അഴിമതിയും കൈക്കൂലിയും മൂലം നടക്കുന്ന മറ്റൊരുപാട് മേഖലകളുണ്ട്. അവിടെയെല്ലാം മാറ്റങ്ങൾ വരണം. അതിന് നമുക്കും ചിലതെല്ലാം ചെയ്യുവാനുണ്ട്. നാം കൈക്കൂലി കൊടുക്കുകയില്ല, വാങ്ങിക്കുകയില്ല എന്ന് തീരുമാനിച്ചാൽ കാര്യങ്ങൾ ഏറെ വ്യത്യാസപ്പെടും. പക്ഷേ നാം പീഢനം ഏൽക്കേണ്ടിവരും. അതാണ്

നമ്മുടെ പീഡാനുഭവവും കുരിശുമരണവും. ഇന്നത്തെ മനുഷ്യനെ രക്ഷിക്കുവാനുള്ള ചുമതലയാണ് കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. അത് നാം നിർവ്വഹിക്കുമ്പോൾ നമ്മുടെ നോമ്പുകാലം സാർത്ഥകമാകും. അങ്ങനെ കിട്ടുന്ന സന്തോഷമാണ് ഈ ലോകത്തിൽ ഉയിർപ്പിന്റെ സന്തോഷം. അതിനുള്ള ശക്തി ഈ നോമ്പുകാലത്തിലൂടെ നമുക്ക് സംഭരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2010 ഫെബ്രുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2010 മാർച്ച് മാസം 7–ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

Vol. 4

# മെയ്ദിന സന്ദേശം-2010

## കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ എല്ലാവിധ മംഗളാശംസകളും നേരുന്നു. മരപ്പണിക്കാരനെന്നും (മർക്കോ 6:3) മരപ്പണിക്കാരന്റെ മകനെന്നുമാണ് (മത്താ 13:55) യേശുവിനെ സ്വന്തം ഗ്രാമത്തിലെ ജനങ്ങൾ വിശേഷിപ്പിച്ചത്. അദ്ധ്വാനം വഴി തൊഴിലിനെയും തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ അനുഗ്രഹങ്ങൾ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്നു പ്രാർത്ഥിക്കുന്നു.

പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന പ്രഥമ സാമൂഹിക ചാക്രികലേഖനം പുറത്തിറങ്ങിയത് ലോകമെങ്ങും സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി നിന്ന അവസരത്തിലായിരുന്നു. സമകാലിക ലോകസാഹചര്യങ്ങളുടെ നേർക്കാഴ്ചയും വിശകലനവും ഈ ചാക്രികലേഖനത്തിലുണ്ട്. അധാർമ്മികമായ സാമ്പത്തികപ്രവർത്തനങ്ങളാണ് ലോകത്തെ മുഴുവൻ തകർച്ചയിലേക്ക് നയിച്ചതെന്നു തിരിച്ചറിഞ്ഞ് ധാർമ്മികതയിൽ ഊന്നി നിന്നുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ പുനഃക്രമീകരിക്കാൻ ഈ ചാക്രികലേഖനത്തിലൂടെ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

ഈ വർഷത്തെ മെയ്ദിന സന്ദേശം തയ്യാറാക്കപ്പെട്ടിരിക്കുന്നത് സത്യത്തിൽ സ്നേഹം ഉയർത്തിയ ചിന്തകളുടെ അടിസ്ഥാനത്തിലാണ്. ദരിദ്രജനകോടികൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ മഹാപീഡനങ്ങളിൽ നിന്നും അവരെ മോചിപ്പിച്ച് മാനുഷിക സാഹചര്യങ്ങളിലേക്ക് ഉയർത്തുവാനുള്ള സമഗ്രവികസന പ്രവർത്തനങ്ങൾക്കുള്ള ആഹ്വാനമാണ് ഈ ചാക്രികലേഖനത്തിന്റെ മുഖ്യസന്ദേശം. ലോകമെങ്ങുമുള്ള ദരിദ്രർ സമ്പന്നരുടെ കതകുകളിൽ മുട്ടിക്കൊണ്ടിരിക്കുന്നു. സമ്പൽസമൃദ്ധിയുടെ ലോകം ആ മുട്ടലുകൾ കേൾക്കാതിരിക്കുന്ന അപകട സാധ്യതയിലാണ്. മാനുഷികമായതെന്തെന്നു തിരിച്ചറിയാൻ കഴിയാത്ത മനഃസാക്ഷി മൂലമാണ് അങ്ങനെ സംഭവിക്കുന്നത് (സത്യത്തിൽ സ്നേഹം 75). ലോകത്തിന്റെ സമഗ്രവികസനത്തിന് വ്യക്തികളുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടുകളിൽ ഉണ്ടാകേണ്ട മാറ്റത്തെയാണ് മാർപാപ്പ വിവരിക്കുന്നത്.

സാമ്പത്തികമാന്ദ്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും സാമാന്യം വേഗത്തിൽ ഇന്ത്യയ്ക്കു പുറത്തുവരുവാൻ കഴിയുന്നുണ്ടെന്നാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്ക് 7.2% എന്നാണ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട സാമ്പത്തികസർവ്വേ വ്യക്തമാക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിലും ഇന്ത്യയ്ക്ക് അഭിമാനാർഹമായ വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ ഈ പുരോഗതി സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കാൻ പരാജയപ്പെട്ടിരിക്കയാണെന്ന് സാമ്പത്തിക സർവ്വേതന്നെ വെളിവാക്കുന്നു. ഇന്ത്യയിലെ 65% ജനങ്ങളും നിത്യവൃത്തിക്ക് ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. (മത്സ്യബന്ധനവും മൃഗപരിപാലനവും ഇതിൽ ഉൾപ്പെടുന്നു) ഈ മേഖലയിലെ വളർച്ചാ നിരക്ക് മൈനസ് 0.2% ആണ്. അതായത് വളർച്ച ഉണ്ടായില്ലെന്നു മാത്രമല്ല താഴേയ്ക്കു പോകുകയും ചെയ്തിരിക്കുന്നു. ഇതുമൂലം അടിസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും അഭൂതപൂർവ്വമായ വിധത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ധാന്യങ്ങളുടെയും ഇതര ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം സർവ്വകാല റെക്കോർഡാണെന്നാണ് സാമ്പത്തിക സർവ്വേ തന്നെ സൂചിപ്പിക്കുന്നത്.

വികസനം മുഴുവൻ മനുഷ്യനെയും ഓരോ മനുഷ്യനെയും ഉൾക്കൊള്ളുന്നില്ലെങ്കിൽ അത് സത്യസന്ധമായ വികസനമല്ല (സത്യത്തിൽ സ്നേഹം 18) എന്നാണ് പരിശുദ്ധ പിതാവ് ഉത്ബോധിപ്പിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യവികസന സൂചികാ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം വീണ്ടും താഴെക്കുവന്നു 134 ആയി. രാജ്യത്തിന് 9.2% വളർച്ചാനിരക്കുള്ളപ്പോഴുള്ള വിവരങ്ങൾ വിലയിരുത്തിയിട്ടുള്ള കണക്കാണിതെന്നു ഓർക്കണം. വികസനം ചുരുക്കം ചില പോക്കറ്റുകളിലേക്ക് ഒതുങ്ങുന്നതിനെ മാർപാപ്പ നിശിതമായി വിമർശിക്കുന്നുണ്ട്.

ദേശീയ ഉൽപാദന വളർച്ച മാത്രമല്ല വികസനം. വികസനത്തിന്റെ കേന്ദ്രസ്ഥാനം മനുഷ്യനാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ യഥാർത്ഥ ജീവിതാവസ്ഥകളെ മെച്ചപ്പെടുത്താനും ഈ ജനതയ്ക്ക് ദാരിദ്ര്യംമൂലം ഇപ്പോൾ നിർവ്വഹിക്കാൻ കഴിയാത്ത കാര്യങ്ങൾ നിർവ്വഹിക്കാനും അവരെ പ്രാപ്തരാക്കണം (സത്യത്തിൽ സ്നേഹം 47). വ്യക്തിയുടെ മഹത്വവും നീതിയുടെ ആവശ്യങ്ങളും പ്രത്യേകിച്ച് ഇന്നൊരു കാര്യം ആവശ്യപ്പെടുന്നുണ്ട്. അതായത് അമിതവും ധാർമ്മികവുമായി അംഗീകരിക്കാനാവാത്തതുമായവിധം അസമത്വങ്ങൾ വർദ്ധിക്കാൻ സാമ്പത്തിക തെരഞ്ഞെടുപ്പുകൾ കാരണമാകരുത്... ഒരു രാജ്യത്തിനുള്ളിലും വ്യത്യസ്ത രാജ്യങ്ങളിലെ ജനതകൾ തമ്മിലും സാമൂഹിക അസമത്വം വ്യവസ്ഥാപിതമാംവിധം വളരുന്നതിലൂടെ (അതായത്, ആപേക്ഷിക ദാരിദ്ര്യത്തിൽ വൻതോതിൽ വർദ്ധനവുണ്ടാകുന്നതിലൂടെ) സാമൂഹിക

സമന്വയത്തിനു മുറിവേൽക്കുന്നു. അങ്ങനെ ജനാധിപത്യക്രമം അപകടസ്ഥിതിയിലാകുന്നു (സത്യത്തിൽ സ്നേഹം, 32).

2005 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 45.7 കോടി തൊഴിലാളികൾ ഉണ്ട്. ഇവരിൽ 93% പേർ അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ എന്നല്ല അസംഘടിത തൊഴിലാളികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആവശ്യമായ സാമൂഹിക സുരക്ഷയോ ക്ഷേമപദ്ധതികളോ തൊഴിൽ അവകാശങ്ങളോ സംലഭ്യമല്ലാത്തവരെയാണ് അസംഘടിത തൊഴിലാളികൾ എന്നു വിശേഷിപ്പിക്കുന്നത്. സ്വാഭാവികമായും ഭരണാധികാരികളെ സ്വാധീനിക്കാൻ പറ്റിയ വിധത്തിൽ സംഘടനയോ വിലപേശൽ ശക്തിയോ നേതൃത്വമോ ഇല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ, ചെറുകിടകർഷകർ (അഞ്ചേക്കറിൽ താഴെ കൃഷിയിടമുള്ളവർ) കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ തുടങ്ങി നൂറിൽപരം തൊഴിൽ ഗ്രൂപ്പുകളെ കേന്ദ്രസർക്കാർ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംഘടിത മേഖലയിലെ കാഷ്വൽ കോൺട്രാക്ട് ജോലിക്കാരെയും അസംഘടിത തൊഴിലാളികളായിട്ടാണ് പരിഗണിക്കുന്നത്. സാമൂഹിക സുരക്ഷയോ ന്യായമായ വേതനമോ ഇല്ലാതെ തൊഴിലെടുക്കുന്ന താത്കാലീക അധ്യാപകർ, ഗ്രാമീണ പത്രപ്രവർത്തകർ (സ്ട്രിംഗർമാർ), ആശുപത്രിയിലെ താത്കാലിക ജീവനക്കാർ, എംപാനൽ ജീവനക്കാർ തുടങ്ങിയ നിരവധി വിഭാഗങ്ങളെ അസംഘടിത തൊഴിലാളികളിൽ ഉൾപ്പെടുത്താം. ഈ വിഭാഗത്തിന്റെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരികയാണ്.

പുതിയ ലോക സമ്പദ്ക്രമത്തിൽ വളർച്ചയുടെ ലാഭം കൂട്ടുന്നതിനായി തൊഴിലാളികളുടെ സാമൂഹിക സുരക്ഷാപദ്ധതികളെ ഇല്ലാതാക്കുന്നതോ കുറയ്ക്കുന്നതോ ആയ പ്രവണതകൾ ലോകമെങ്ങും വർദ്ധിച്ചുവരുന്നതായി മാർപാപ്പ വിലയിരുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം സാമൂഹികക്ഷേമ മേഖലകളെ ചുരുക്കുന്നതും തൊഴിലാളി യൂണിയനുകളുടെ വിലപേശൽ ശക്തിയെ ഇല്ലാതാക്കുന്നതും ശരിയല്ലെന്നാണ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നത്; ശക്തമായ തൊഴിലാളി സംഘടനകൾ ഉണ്ടെങ്കിൽ മാത്രമേ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാകുകയുള്ളൂ. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന തൊഴിലാളി സംഘടനകളെ വളർത്തണമെന്ന ആഹ്വാനം, ഇന്ന് കഴിഞ്ഞ കാലങ്ങളേക്കാൾ കൂടുതലായി ആദരിക്കപ്പെടണം (സത്യത്തിൽ സ്നേഹം 25).

കേരളത്തിലെ തൊഴിൽ ശക്തിയിലെ 85% പേരെങ്കിലും അസംഘടിത തൊഴിലാളികളാണ്. ഇവരുടെ സംഘാടനത്തിലും ശക്തീകര

ണത്തിനുമായി വേണ്ടപ്രകാരമുള്ള ശ്രമങ്ങൾ ദേശീയ ട്രേഡ് യൂണിയനുകൾ എടുക്കുന്നില്ലായെന്നതാണ് വസ്തുത. പല അസംഘടിത മേഖലകളിലും ട്രേഡ് യൂണിയനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷേ ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമവും വികസനവും എന്നതിനപ്പുറം മുദ്രാവാക്യം വിളിക്കാനും ജാഥ നടത്താനുമുള്ള അണികളെ സൃഷ്ടിക്കാനുള്ള ശ്രമമാണോയെന്ന് സംശയിക്കാനുള്ള സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. നിർമ്മാണരംഗം പോലെയുള്ള ചില മേഖലകളിൽ ട്രേഡ് യൂണിയനുകൾ തൊഴിലിന്റെ കുത്തകക്കാരായി മാറിക്കൊണ്ട് യഥാർത്ഥ തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുന്ന പ്രവണതകളും വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വത്തിന്റെ കുത്തകയും ട്രേഡ് യൂണിയനുകൾ ഏറ്റെടുത്തുകൊണ്ട് അർഹതയുള്ളവരെ ഒഴിവാക്കുന്ന രീതിയും കണ്ടുവരുന്നു. ഇത്തരം തെറ്റായ രീതികൾ തിരുത്തേണ്ടിയിരിക്കുന്നു.

അസംഘടിത തൊഴിലാളി വിഭാഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനുമുള്ള മൗലികമായ സമീപനങ്ങളും ശ്രമങ്ങളും ഇന്ന് രൂപപ്പെടുന്നില്ലായെന്നത് ആശങ്കാജനകമാണ്.

ഈ ജനുവരി ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ടിട്ടുള്ള ആസിയാൻ കരാർ ഇന്ത്യയിലെ വ്യവസായ സേവന മേഖലകൾക്ക് വളരെയേറെ ഗുണം ചെയ്യുന്ന ഒന്നായിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതിന്റെ വില നൽകേണ്ടിവരുന്നത് കർഷക സമൂഹമാണ്. പക്ഷേ, ഈ പ്രതിസന്ധി പരിഹരിക്കാൻ തക്കവിധത്തിലുള്ള ക്രിയാത്മക സമീപനം ബന്ധപ്പെട്ട സർക്കാരുകളുടെ ഭാഗത്ത് നിന്നും ഇനിയും ഉണ്ടായിട്ടില്ലായെന്നത് ഖേദകരമാണ്. വലിയ പ്രതീക്ഷയോടെ പ്രവർത്തനം തുടങ്ങിയ കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഇഴഞ്ഞു നീങ്ങുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

മത്സ്യമേഖലയിലും ആസിയാൻ കരാർവഴി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തക്കവിധത്തിലുള്ള പാക്കേജുകൾ സർക്കാർ തയ്യാറാക്കി നടപ്പിലാക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട കടൽമത്സ്യബന്ധന നിയന്ത്രണപരിപാലന നിയമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നിരവധി വകുപ്പുകൾ ഉണ്ട്. ഇതിൽ വേണ്ട തിരുത്തലുകൾ വരുത്തി മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ ട്രേഡ് യൂണിയൻ പ്രവർത്തനം സ്വന്തം അണികളുടെ ക്ഷേമത്തിനുവേണ്ടി മാത്രമുള്ളതാക്കി ചുരുക്കുന്നതിനെ മാർപാപ്പ അപലപിക്കുന്നുണ്ട്. തൊഴിലിന്റെ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പരിപ്രേക്ഷ്യങ്ങളോട് തൊഴിലാളി യൂണിയനുകൾ തുറവുള്ളതായിരിക്കുകയെന്നത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു

ഓർമ്മിക്കുക സമുചിതമാണ്.... ദേശീയ തൊഴിലാളി യൂണിയനുകൾ അവയിൽ രജിസ്ട്രർ ചെയ്തിട്ടുള്ള അംഗങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിൽ സ്വയം പരിമിതപ്പെടുത്താനുള്ള പ്രവണത കാണിക്കുകയാണ്, അവർ യൂണിയനിൽ അംഗമല്ലാത്തവരുടെയും കാര്യത്തിൽ താത്പര്യം കാണിക്കണം: പ്രത്യേകിച്ചു സാമൂഹികാവകാശങ്ങൾ മിക്കപ്പോഴും ലംഘിക്കപ്പെടുന്ന വികസ്വര രാജ്യങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ താത്പര്യം കാണിക്കണം (സത്യത്തിൽ സ്നേഹം 64).

നോക്കുകൂലി പോലെയുള്ള അനാശാസ്യപ്രവണതകൾക്കെതിരെ ട്രേഡ് യൂണിയൻ നേതൃത്വം മുന്നോട്ടുവന്നിട്ടുള്ളത് സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ പ്രഖ്യാപിക്കുന്ന കാര്യങ്ങൾ സത്യസന്ധതയോടെയും ആർജ്ജവത്തോടെയും നടപ്പിലാക്കാനുള്ള ദൃഢനിശ്ചയം ട്രേഡ് യൂണിയൻ നേതൃത്വം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. മൂന്നാർ വിവാദങ്ങളുടെ മദ്ധ്യത്തിൽ ട്രേഡ് യൂണിയനുകൾക്ക് ധാർമ്മീകത വേണ്ട എന്നുവരെയുള്ള അഭിപ്രായങ്ങളും ഉയരുകയുണ്ടായി. എല്ലാ മണ്ഡലങ്ങളിലും ധാർമ്മികതയുടെ ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ യഥാർത്ഥത്തിലുള്ള വികസനം സാധ്യമാകുകയുള്ളൂ എന്നാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത്. അസംഘടിത തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുവെ തന്നെ സമൂഹത്തിൽ അവബോധം വർദ്ധിച്ചുവരുന്നുണ്ട്. തദനുസരണം ഈ വിഭാഗത്തിന്റെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി പല പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ ഇവ തൊഴിലാളികളിലേയ്ക്ക് വേണ്ടവിധത്തിൽ എത്തിച്ചേരുന്നില്ലായെന്നതാണ് വസ്തുത. സർക്കാരുകൾ ആവിഷ്കരിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ എല്ലാ തൊഴിലാളികളിലേയ്ക്കും എത്തിക്കുന്ന ചാലകശക്തിയായിക്കൂടി ട്രേഡ് യൂണിയനുകൾ മാറണം. ഇതാണ് ട്രേഡ് യൂണിയനുകളുടെ മുന്നിൽ ഉയർത്തപ്പെടുന്ന വെല്ലുവിളി.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ് തൊഴിൽ. അതുകൊണ്ട് തൊഴിൽ ഒരു ദിവ്യമായ കർമ്മമാണ്. ധാർമ്മികതയുടെ മാനദണ്ഡം കൂടിയുണ്ട് തൊഴിലിന്. തൊഴിലാളികൾ തങ്ങളുടെ കടമകളെപ്പറ്റി കുറച്ചുകൂടി ബോദ്ധ്യമുള്ളവരായി മാറണം. ഏതു തൊഴിലും സാമൂഹിക സേവനമാണ്. സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാത്ത തൊഴിൽ പൂർണ്ണതയില്ലാത്തതാണ്. ഇതുമൂലം തൊഴിൽ സംസ്കാരത്തിനും മൂല്യച്യുതി വരുന്നു.

കെ.സി.ബി.സി. ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് - കെ.എൽ.എം. വഴിയാണ് കേരള കത്തോലിക്കാസഭ തൊഴിൽമേഖലയിൽ പ്രവർത്തിച്ചുവരുന്നത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമാണ് കെ.എൽ.എം. പ്രധാനമായും ശ്രദ്ധ കൊടുത്തുവരുന്നത്. അദ്ധ്വാനത്തിന്റെ

ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്കാരം വ്യാപിപ്പിക്കുക, സമകാലിക, സാമൂഹിക - സാമ്പത്തിക - സാംസ്കാരിക സാഹചര്യങ്ങൾ തൊഴിലാളികൾക്ക് മുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ അവരെ ശക്തീകരിക്കുക, തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം വളർത്തുക, സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളായി എല്ലാ തൊഴിലാളികളെയും മാറ്റുക, തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹികജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്നിവയാണ് കെ.എൽ.എം.ന്റെ പ്രധാന പ്രവർത്തന പദ്ധതികൾ.

തൊഴിലാളികളുടെ ശക്തീകരണത്തിന് ഏറ്റവും ഉചിതമായ മാർഗ്ഗമായിട്ടാണ് സ്വയംസഹായസംഘങ്ങൾ അഥവാ എസ്സ്.എച്ച്.ജി.കളെ മാർപാപ്പ ചാക്രികലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. (സത്യത്തിൽ സ്നേഹം 65). തൊഴിലാളികൾ എസ്.എച്ച്.ജി.കളിലൂടെ പ്രവർത്തിച്ച് സാമ്പത്തീകം ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ അഭ്യുന്നതി പ്രാപിക്കണം. തൊഴിലാളി ഫോറങ്ങൾ വഴി വിവിധ വിഭാഗം തൊഴിലാളികൾ സംഘടിതരായി മാറണം. എല്ലാ ഇടവകകളിലും തൊഴിലാളി എസ്.എച്ച്.ജികളും തൊഴിലാളി ഫോറങ്ങളും രൂപീകരിച്ച് കെ.എൽ.എം. നെ ശക്തിപ്പെടുത്തണം.

ഭരണനിർവ്വഹണരംഗത്ത് തൊഴിലാളികളുടെ സജീവപങ്കാളിത്തം ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ തൊഴിലാളികൾ ക്രിയാത്മക പങ്കാളിത്തം വഹിക്കണം. അടുത്തുനടക്കുന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പുകളിൽ തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളി കേന്ദ്രീകൃത വികസനപദ്ധതികൾ ഗ്രാമപഞ്ചായത്ത് തലങ്ങൾ മുതൽ പ്രാരംഭം കുറിക്കാൻ സാധിക്കുകയുള്ളൂ. അതിനുചിതമായ വിധത്തിൽ തൊഴിലാളികൾക്ക് പരിശീലനം ഏർപ്പെടുത്തണം.

എല്ലാ തൊഴിലാളികളെയും സർക്കാർ ക്ഷേമനിധികളിൽ അംഗങ്ങളാക്കാനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. കൂടാതെ ചികിത്സ ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, പെൻഷൻ പദ്ധതി എന്നിവയുടെയും ഗുണഭോക്താക്കളാകേണ്ടിയിരിക്കുന്നു.

തൊഴിലാളി സാമൂഹിക സുരക്ഷാക്ഷേമപദ്ധതികളെ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് വേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എറണാകുളത്ത് വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വർഷാവസാനത്തോടെ കേരളത്തിലെ മറ്റു കേന്ദ്രങ്ങളിൽക്കൂടി വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം തുടങ്ങുവാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിൽ സഭാസ്ഥാപനങ്ങൾ, ഇടവകകൾ, കോൺവെന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ സാമൂഹിക സുരക്ഷയ്ക്കായുള്ള പദ്ധതി നടപ്പിലാക്കാൻ കേരള കത്തോലിക്കാമെത്രാൻ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. കെ.എൽ.എം. നെയാണ് ഈ ചമതല കെ.സി.ബി.സി. ഏൽപ്പിച്ചിരിക്കുന്നത്. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തുല്യവിഹിത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ചികിത്സാസഹായം, അപകടസഹായം, പെൻഷൻ, മരണാനന്തരസഹായം എന്നിവ ഉണ്ടാകുന്നതാണ്. സുരക്ഷ എന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ രൂപതാകാര്യാലയങ്ങളിൽ അറിയിക്കുന്നതാണ്. ഈ വർഷത്തെ തൊഴിലാളി ദിനത്തിൽ ഈ പദ്ധതി ഔപചാരികമായി ആരംഭിക്കുന്നതാണ്.

ക്രൈസ്തവസഭ നടത്തിവരുന്ന എല്ലാ സാമൂഹിക ശുശ്രൂഷകളും (വിദ്യാഭ്യാസം, ആതുരശുശ്രൂഷ തുടങ്ങിയ എല്ലാംതന്നെ) സമസ്ത ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. അതിൽ ജാതിയുടേയോ മതത്തിന്റേയോ പ്രദേശത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ അതിർവരമ്പുകളില്ല. ഇതുപോലെ തന്നെയാണ് സഭയുടെ തൊഴിൽ രംഗത്തെ ഇടപെടലും ശുശ്രൂഷയും. ക്രൈസ്തവസഭയുടെ സാന്നിദ്ധ്യം വഴി കൂടുതൽ ശ്രദ്ധയും കരുതലും തൊഴിലാളികൾക്ക് സംലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. ദൈവത്തെ കൂടാതിരുന്നാൽ മനുഷ്യന് ഏതു വഴിയെ പോകണമെന്നറിയില്ല. താൻ ആരാണെന്നു അവനു മനസ്സിലാകുകപോലുമില്ല... ദൈവത്തെ ഒഴിവാക്കുന്ന മാനവികത മനുഷ്യത്വമില്ലാത്ത മാനവികതയാണ് (സത്യത്തിൽ സ്നേഹം 78). പരസ്പരദ്വേഷത്തിന്റെയല്ല സ്നേഹത്തിലുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും വക്താക്കളും പ്രവർത്തകരുമാകാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു.

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിക്കുന്നു. ഒരിക്കൽകൂടി എല്ലാ തൊഴിലാളികൾക്കും മെയ്ദിനാശംസകൾ നേരുന്നു.



**മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലറിലെ ഉള്ളടക്കം 2010 ഏപ്രിൽ 25-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ അറിയിക്കേണ്ടതാണ്**

Vol. 5

# സർക്കുലർ

***Circular Letter No. 4/2010***
***Prot. No. 9474/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പ്രഖ്യാപിച്ച വൈദിക വർഷത്തെ അതിന്റെ ചൈതന്യത്തോടെ സ്വീകരിച്ച് ആചരിക്കുന്ന മാനന്തവാടി രൂപതയിലെ മുഴുവൻ ദൈവജനത്തേയും പ്രത്യേകം അഭിനന്ദിക്കട്ടെ. എന്നാൽ, തങ്ങളെ ഏൽപിക്കുന്ന ജനത്തിനുവേണ്ടി ജീവിക്കുന്നവരും അപ്രകാരം ജീവിച്ച് വിശ്രമജീവിതത്തിലേയ്ക്ക് കടന്നുവരുന്നവരുമായ വൈദികരെ ആദരിക്കുവാനും അനുസ്മരിക്കുവാനും അവരെ സ്വന്തം കുടുംബത്തിലെ ഒരംഗമായി കരുതി സ്വീകരിക്കുവാനും നിങ്ങൾ കാണിക്കുന്ന താല്പര്യത്തെ ഏറെ സന്തോഷത്തോടെ ഞാൻ ഓർമ്മിക്കുന്നു. ആശയസമ്പുഷ്ടവും ഹൃദയസ്പർശിയുമായ വിവിധ ചടങ്ങുകളിലൂടെ വൈദിക ശ്രേഷ്ഠത മനുഷ്യ മനസ്സുകളിൽ ഉറപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നതു കാണുമ്പോൾ എനിക്കേറെ അഭിമാനമുണ്ട്. രൂപതയിലെ വൈദിക സമിതികളും അത്മായ സമിതികളും ചർച്ച ചെയ്ത് രൂപം നൽകി വൈദിക സഹകരണത്തോടെ ഇടവകതലത്തിലും ഫൊറോന തലത്തിലും രൂപതാ തലത്തിലും സംഘടനാതലങ്ങളിലും വിവിധ ഡിപ്പാർട്ടുമെന്റ് തലങ്ങളിലും നടക്കുന്ന വൈദിക വർഷാചരണ പ്രവർത്തനങ്ങൾക്ക് ആശംസകളും വിജയവും നേരുന്നു.

നമ്മുടെ ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ സന്ദർഭങ്ങളിലും ഒരു വൈദികന്റെ സാന്നിധ്യവും ശുശ്രൂഷയും നമുക്ക് അനിവാര്യമാണ്. അതിനാൽ തന്നെ വൈദികരെ സഭയ്ക്കായ് ഒരുക്കിയെടുക്കേണ്ടതും അവരെ സംരക്ഷിക്കേണ്ടതും ദൈവജനത്തിന്റെ ആവശ്യമാണെന്ന തിരിച്ചറിവ് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഇതുവരെ വൈദിക വിദ്യാർത്ഥികളുടെ പഠനചിലവും വൈദികരുടെ സംരക്ഷണവും ഒരു പരിധിവരെ വിദേശ സഹായത്താലാണ് നടന്നതെങ്കിൽ മാറിയ

സാമ്പത്തിക സാഹചര്യങ്ങൾ ആ വഴിക്കുള്ള സമ്പത്തിക സഹായങ്ങളുടെ സാധ്യത കുറച്ചുവെന്നത് സത്യമാണ്. ഇതു മനസ്സിലാക്കിയാണ് സഭയിലെ അംഗങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന അത്മായസഹോദരങ്ങൾ വളരെ നല്ലൊരു നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. അതിപ്രകാരമാണ്. “രൂപതയിലെ മുഴുവൻ കുടുംബങ്ങളും അവരുടെ ഒരു ദിവസത്തെ വരുമാനത്തിൽ കുറയാത്ത ഒരു തുക രൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനും വൈദികരുടെ സംരക്ഷണത്തിനും ഉപകരിക്കുംവിധം ‘വിയാനി ഫണ്ട്’ (ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയെ അനുസ്മരിച്ചുകൊണ്ടാണ് ഈ പേർ നൽകിയിരിക്കുന്നത്) എന്ന പേരിൽ സംഭാവന ചെയ്യുക.” ഇത് ഏറെ പ്രതീക്ഷ നൽകുന്ന പ്രശംസനീയമായ നിർദ്ദേശമായി ഞാൻ കരുതുന്നു. നിങ്ങളുടെ കുടുംബവും ഇതിൽ സന്തോഷത്തോടെ പങ്കാളിയാവുമെന്ന് വിശ്വസിക്കുന്നു. ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ഏപ്രിൽ 23-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 മെയ് മാസം 9-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

1. നിങ്ങളുടെ സംഭാവന 2010 മെയ് 31-ന് മുൻപായി വാർഡ് ലീഡർ മുഖേന പള്ളികളിൽ എത്തിക്കുമല്ലോ.

2. നിങ്ങൾ നൽകുന്ന തുകയ്ക്ക് രൂപതാ കേന്ദ്രത്തിൽ നിന്നു തന്നെ രശീത് നൽകുന്നതാണ്.

Vol. 6

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 ജൂൺ–2010 ലക്കം 03**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ - വൈദികവർഷ സമാപനം ...................... 03
സർക്കുലർ - മതബോധന ഞായർ .......................... 08
സർക്കുലർ - ബൈബിൾ ഞായർ-2010 ...................... 11
സർക്കുലർ - ചെറുപുഷ്പ മിഷൻലീഗ് ..................... 17
സർക്കുലർ - യുവജനദിനം-2010 ............................ 21
വൈദീകവർഷം .......................................................... 29
രൂപതാകച്ചേരി വാർത്തകൾ ...................................... 30
രൂപതാദിനം 2010 റിപ്പോർട്ട് ...................................... 35
മതബോധനരംഗം ...................................................... 38
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 43
ചെറുപുഷ്പമിഷൻലീഗ് .............................................. 45
കെ. സി. വൈ. എം. .................................................... 52
കുടുംബപ്രേഷിതത്വം .................................................. 56
സിയോൻ വാർത്തകൾ.................................................. 60
ക്രിസ്റ്റീൻ വാർത്തകൾ ................................................ 64
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 65
ജയിൽ മിനിസ്ട്രി ...................................................... 68
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 69
സാമൂഹ്യ സേവനരംഗം (WSSS) .................................. 71
അറിയിപ്പുകൾ .......................................................... 76
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 78
ബിഷപ്സ് പ്രോഗ്രാം .................................................. 79

# സർക്കുലർ

***Circular Letter No. 5/2010***
***Prot. No. 9569/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

2009 ജൂൺ 19 ന് ആണല്ലോ നമ്മുടെ പരിശുദ്ധ പിതാവ് ബെനഡിക്റ്റ് പതിനാറാമൻ പാപ്പാ വൈദിക വർഷം പ്രഖ്യാപിച്ചത്. ഇതുമായി ബന്ധപ്പെട്ട ആചരണങ്ങൾ 2010 ജൂൺ 19 ന് അവസാനിക്കുകയാണ്. ഇത്തരുണത്തിൽ നമ്മൾ ഈ വർഷം എങ്ങനെ ആചരിച്ചു എന്ന് ഒരു തിരിഞ്ഞുനോട്ടം ഏറെ പ്രസക്തമാണ്. *യേശുക്രിസ്തുവിന്റെ വിശ്വസ്തത, വൈദികരുടെ വിശ്വസ്തത* എന്നതായിരുന്നു ഈ ആചരണത്തിന്റെ ആപ്തവാക്യമായി പരിശുദ്ധ പിതാവ് നിർദ്ദേശിച്ചത്. അതുപോലെ തന്നെ ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ 150 -ാമത് ചരമ വാർഷികത്തോടനുബന്ധിച്ചാണ് ഈ വർഷം പ്രഖ്യാപിച്ചത് എന്നും നമുക്കറിയാം. സന്യാസവൈദികരെ തീർത്തും ഒഴിവാക്കുന്നില്ലെങ്കിലും ഇടവകവൈദികരാണ് ഈ വർഷത്തിന്റെ ശ്രദ്ധാകേന്ദ്രം എന്ന് അതിൽ നിന്ന് വ്യക്തമാണ്.

യേശുക്രിസ്തു പിതാവായ ദൈവത്തിൽ നിന്ന് ഏറ്റെടുത്ത മനുഷ്യരക്ഷ എന്ന ദൗത്യം എത്രമാത്രം വിശ്വസ്തതയോടെ പൂർത്തിയാക്കിയോ അതേ വിശ്വസ്തതയോടെ വൈദികർ തങ്ങളുടെ പൗരോഹിത്യ ധർമ്മം പൂർത്തിയാക്കണം എന്നതാണ് യേശുക്രിസ്തുവിന്റെ വിശ്വസ്തത, വൈദികരുടെ വിശ്വസ്തത എന്നതുകൊണ്ട് പരിശുദ്ധപിതാവ് വിവക്ഷിച്ചത്. കാരണം ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ വൈദികർ നിർവ്വഹിക്കുന്നതും മറ്റൊരു കാര്യമല്ല. കർത്താവിന്റെ രക്ഷാകരദൗത്യം ഇന്നുള്ളവർക്ക് യാഥാർത്ഥ്യമാക്കുന്നത് അവരാണ്. വചനപ്രഘോഷണവും കൂദാശാപരികർമ്മവും മറ്റ് അജപാലനകൃത്യങ്ങളും വഴി അവരത് നിർവ്വഹിക്കുന്നു.

യേശുക്രിസ്തു പൂർത്തിയാക്കിയ രക്ഷാകരദൗത്യം ഇന്നുള്ള

വർക്ക് ലഭ്യമാകുന്നതിനുവേണ്ടി അവിടുന്ന് കണ്ടെത്തിയ മാർഗ്ഗമാണ് സഭയും അതിലൂടെ പ്രഘോഷിക്കപ്പെടുന്ന ദൈവവചനവും പരികർമ്മം ചെയ്യപ്പെടുന്ന കൂദാശകളും മറ്റും. ഇവയെല്ലാം സാദ്ധ്യമാക്കുന്ന മാധ്യമമാണ് പൗരോഹിത്യം. ക്രിസ്തുവിന്റെ രക്ഷണീയകർമ്മത്തിന്റെ ഫലം കാലാകാലങ്ങളിൽ ജീവിയ്ക്കുന്ന മനുഷ്യർക്ക് ലഭ്യമാകുവാൻ പൗരോഹിത്യം വഹിക്കുന്ന പങ്ക് എത്രമാത്രം വലുതാണ് എന്ന് കാണിച്ച് തരാൻ കൂടിയാണ് പരിശുദ്ധപിതാവ് ഈ വൈദികവർഷം പ്രഖ്യാപിച്ചത്. വലിയ പാണ്ഡ്യത്യമൊന്നും ഇല്ലാതിരുന്നു എങ്കിലും തന്റെ സമയത്തിന്റെ ഏറിയ പങ്കും കുമ്പസാരക്കൂട്ടിൽ ചെലവഴിച്ച വിശുദ്ധ ജോൺ മരിയ വിയാനിയ്ക്ക് എപ്രകാരം ദൈവത്തിൽ നിന്ന് അകന്ന് ജീവിച്ച ആർസിലെ ഇടവകജനങ്ങളെ വീണ്ടും രക്ഷയുടെ പാതയിലേയ്ക്ക് നയിക്കുവാൻ കഴിഞ്ഞു എന്ന് നമുക്കറിയാം. സ്നേഹമില്ലാതിരുന്ന ആ ഇടവകയിൽ അത് പുനഃസ്ഥാപിക്കാനാണ് അദ്ദേഹത്തെ അധികാരികൾ അങ്ങോട്ട് അയച്ചത്. അദ്ദേഹമാകട്ടെ ആർസിലെ മാത്രമല്ല വിദൂരങ്ങളിൽ നിന്നുപോലുമുള്ളവരുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തി ഒരത്ഭുതം തന്നെ സൃഷ്ടിച്ചു.

ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിനായി പിതാവ് നിർദ്ദേശിച്ച വഴി അത്യന്തം വേദനാജനകവും പ്രയാസമേറിയതുമായിരുന്നു. എങ്കിലും പുത്രൻ തനിയ്ക്ക് പിതാവിനോടുണ്ടായിരുന്ന സ്നേഹത്തെ പ്രതി അത് നിർവ്വഹിച്ചു. പ്രയാസമേറിയതായിരുന്നു എങ്കിലും നിർവ്വഹിക്കാൻ കഴിയുന്ന ഒന്നായിരുന്നു അത്. പൗരോഹിത്യധർമ്മവും ഇതുപോലെതന്നെയാണ്. അത് പ്രയാസമേറിയതാണ്. മാതാപിതാക്കളേയും സഹോദരങ്ങളേയും ജനിച്ചുവളർന്ന നാടിനേയും എല്ലാം ഉപേക്ഷിച്ച് പരിപൂർണ്ണ ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊണ്ടുള്ള ഒരു ജീവിതമാണത്. പ്രയാസമേറിയതാണത്, എങ്കിലും സാദ്ധ്യമാണ്. പിതാവിനോടുള്ള വിഭജിയ്ക്കപ്പെടാത്ത സ്നേഹവും പൗരോഹിത്യദൗത്യനിർവ്വഹണത്തിലുള്ള പ്രതിബദ്ധതയും വിശ്വസ്തതയും വേണമെന്ന് മാത്രം.

പൗരോഹിത്യനിർവ്വഹണം ദൈവികമാണെന്നും ആ ജീവിതത്തെയും അത് തെരഞ്ഞെടുക്കുന്നവരേയും നാം എത്രമാത്രം മാനിയ്ക്കണമെന്നും ഈ വൈദികവർഷം നമുക്ക് പറഞ്ഞുതരുന്നു. ഈ വർഷം മുഴുവൻ നാം നമ്മുടെ വൈദികർക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥിച്ചു. പല ഇടവകകളിലും ഓരോ കുടുംബവും ഏതെങ്കിലും വൈദികനെ പ്രത്യേകമായി ഓർത്ത് പ്രാർത്ഥിച്ചു. മാത്രമല്ല തങ്ങൾക്ക് പ്രാർത്ഥി

ക്കാൻ കിട്ടിയ വൈദികരുമായി ഒരു വ്യക്തിബന്ധം തന്നെ സ്ഥാപിക്കുകയും പലരും അവരെ വീട്ടിൽ വിളിച്ച് ആദരിക്കുകയും ചെയ്തു. എനിക്കുവേണ്ടിയും പലരും പ്രാർത്ഥിച്ചു. അവരെല്ലാവരുംതന്നെ എന്നെ അക്കാര്യം ഫോണിൽ വിളിച്ചും നേരിൽ വന്നുകണ്ടും എന്നെ അറിയിക്കുകയും ചെയ്തു. നിങ്ങളുടെ പ്രാർത്ഥനയ്ക്കും സ്നേഹത്തിനുമുള്ള എന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുവാൻ കൂടി ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്. പ്രാർത്ഥനയിലാണല്ലോ നാം അന്തിമമായി ശരണം വയ്ക്കേണ്ടത്. നിങ്ങളുടെ പ്രാർത്ഥനകൾ നമ്മുടെ വൈദികരെ വളരെയധികം ശക്തിപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ഈ നല്ല ആചാരം ഇനിയും നിങ്ങൾ തുടരണം എന്നതാണ് എന്റെ ആഗ്രഹം.

പല ഇടവകകളിലും മുമ്പ് അവിടെ സേവനം ചെയ്ത് കടന്നുപോയ വൈദികരെയും ആ ഇടവകയിൽ നിന്നുള്ള വൈദികരേയും ക്ഷണിച്ച് വരുത്തി നിങ്ങൾ പ്രത്യേകമാംവിധം ആദരിക്കുകയുണ്ടായി. പല സമർപ്പിതസമൂഹങ്ങളും ഇതേ വിധം തന്നെ ചെയ്തു. അതുപോലെ ഇടവകയിൽ സേവനം ചെയ്തവരുടെ ഫോട്ടോകൾ വരും തലമുറയുടെ അറിവിനായി അവിടെ സ്ഥാപിയ്ക്കുകയും ചെയ്തു. ചില ഇടവകകളെങ്കിലും അവിടെ സേവനം ചെയ്തവരും മൺമറഞ്ഞുപോയവരുമായ വൈദികരുടെ മരണവാർഷികം വരും വർഷങ്ങളിൽ ആചരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഏറെ പ്രശംസാർഹമാണെന്ന് പറയട്ടെ. ഇതിലൂടെയെല്ലാം പൗരോഹിത്യത്തിന്റെ മഹനീയതയെപ്പറ്റി നിങ്ങൾ ചെറുതലമുറയ്ക്ക് കൊടുത്ത സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്.

എന്നാൽ വൈദികരെ ആദരിക്കേണ്ടത് കേവലമൊരു ചടങ്ങിലൂടെ മാത്രമായിരിക്കരുത്. ഇടവകകളിലും സംഘടനകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന വൈദികരുമായി നിങ്ങൾ സഹകരിക്കുകയും ദൈവജനത്തിന്റെ വളർച്ചക്കായി നിങ്ങളാൽ കഴിയുന്നത് ചെയ്യുകയും ചെയ്യുന്നതിലൂടെയാണ് അത് കൂടുതൽ പ്രകടമാകേണ്ടത്. അതുപോലെ തന്നെ ആവശ്യങ്ങളിലും പ്രയാസങ്ങളിലും അവർക്ക് നിങ്ങൾ തുണയാകുമ്പോൾ അവരെ നിങ്ങൾ മാനിക്കുകയും ആദരിക്കുകയും ചെയ്യുകയാണ്.

സജീവമായി സേവനരംഗത്ത്നിന്ന് വിരമിച്ച വൈദികരേയും ഈ വൈദികവർഷത്തിൽ നിങ്ങൾ വിസ്മരിച്ചില്ല എന്നതും പ്രത്യേകം

എടുത്ത് പറയത്തക്ക കാര്യമാണ്. നമ്മുടെ വൈദികമന്ദിരമായ വിയാനി ഭവനിൽ നിങ്ങളിൽ പലരും പോകുകയും അവിടെയുള്ളവരെ സന്ദർശിക്കുകയും ചെയ്തു. മാത്രമല്ല അവർക്ക് വേണ്ടി ബൃഹത്തായ ഒരു സാമ്പത്തികസമാഹരണ യജ്ഞം തന്നെ നടത്തുകയും ചെയ്തു. നിങ്ങൾ അതിൽ ആത്മാർത്ഥമായി സഹകരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. ഓരോ കത്തോലിക്കാ വിശ്വാസിയുടേയും കടമയാണ് തനിയ്ക്കുവേണ്ടിയും തന്റെ മക്കൾക്കുവേണ്ടിയും കഠിനാദ്ധ്വാനം ചെയ്ത വൈദികരുടെ ശിഷ്ടകാലത്ത് അവരെ സംരക്ഷിക്കുക എന്നത്. കത്തോലിക്കരുടെ മാത്രമല്ല എല്ലാ സമുദായങ്ങളുടെയും ആദ്ധ്യാത്മികവും ഭൗതികവുമായ സമുദ്ധാരണത്തിന് വേണ്ടി നമ്മുടെ വൈദികർ പ്രത്യേകിച്ച് കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ സഹിച്ച കഷ്ടതകൾ മുതിർന്ന തലമുറയെങ്കിലും ഓർക്കുന്നുണ്ടാകും. അതിനെയെല്ലാം തമസ്കരിക്കാനും ഇകഴ്ത്തിക്കാണിക്കാനും ശ്രമിക്കുന്ന പ്രതിലോമശക്തികളുടെ സ്വാധീനം ഇന്ന് ഏറെയാണ് എന്നതും വസ്തുതയാണ്.

വൈദികവർഷാചരണങ്ങൾക്ക് നേതൃത്വം കൊടുത്ത നമ്മുടെ രൂപതയിലെ അത്മായ നേതാക്കളെ പ്രത്യേകം അനുമോദിക്കുകയും നന്ദിപൂർവ്വം ഓർക്കുകയും ചെയ്യുന്നു. പല പ്രാവശ്യം അവർ സമ്മേളിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. അവയിൽ ചിലതിനെപ്പറ്റിയാണ് മുകളിൽ പ്രതിപാദിച്ചത്. വരും തലമുറയ്ക്ക് നിങ്ങൾ ചെയ്ത വലിയൊരു സേവനമാണിത്. അത് നിങ്ങൾക്കും അവർക്കും അനുഗ്രഹത്തിന്റെ നീർച്ചാലുകൾ തീർക്കും.

എന്നാൽ ഇതുകൊണ്ടൊന്നും നമ്മുടെ കടമ അവസാനിക്കുന്നില്ല. വൈദികരാകാൻ ഇനിയും ധാരാളം മിടുക്കരായവർ കടന്നു വരുന്നുണ്ടെന്ന് നിങ്ങൾ ഉറപ്പ് വരുത്തണം. മാതാപിതാക്കൾക്കും മതാധ്യാപകർക്കും സമർപ്പിതർക്കും മറ്റും ഇതിൽ വലിയൊരു പങ്ക് നിർവ്വഹിക്കാനുണ്ട്. മാതാപിതാക്കളുടെ പ്രാർത്ഥനയും പ്രോത്സാഹനവും കുട്ടികൾക്ക് ഏറെ പ്രധാനപ്പെട്ടതാണ്. അതുപോലെതന്നെ വിശ്വാസപരിശീലനം കൊടുക്കുന്ന മതാദ്ധ്യാപകരും സംഘടനാ നേതൃത്വത്തിലുള്ളവരും ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം. മുൻ കാലഘട്ടത്തിൽ മിഷൻലീഗ് ഇക്കാര്യത്തിൽ നിർവ്വഹിച്ച പങ്ക് അവിസ്മരണീയമാണ്.

സമർപ്പിതരുടെ സമൂഹങ്ങളും ഇടവകസേവനത്തിനായി കൂടുതൽ വൈദികരുണ്ടാകുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. കാരണം ഇടവകവൈദികരാണ് ഇടവകാസമൂഹത്തിന്റെ, പ്രത്യേകിച്ച് കുട്ടിക

ളുടെ, ക്രൈസ്തവ രൂപീകരണത്തിൽ വലിയ പങ്ക് നിർവ്വഹിക്കുന്നത്. അവരുടെ എണ്ണവും ഗുണമേന്മയും കുറയുമ്പോൾ ഇടവകസമൂഹത്തിന്റെ ക്രൈസ്തവരൂപീകരണത്തേയും അത് ബാധിയ്ക്കും. തത്ഫലമായി സമർപ്പിതജീവിതത്തിലേയ്ക്ക് കടന്നു വരാൻ കുട്ടികൾ ഉണ്ടായിരിക്കുകയില്ല. തങ്ങളുടെ ആളും അർത്ഥവും സ്വന്തം സ്ഥാപനകേന്ദ്രീകൃതമായി മാത്രം ചെലവഴിക്കുമ്പോൾ കാലക്രമത്തിൽ സമർപ്പിതസമൂഹങ്ങളുടെയും മിഷൻ രൂപതകളുടെയും നിലനില്പ്പു തന്നെ അപകടത്തിലാകും എന്നത് നാം ഓർത്തിരിക്കേണ്ടതാണ്.

ഏറെ വെല്ലുവിളികളിലൂടെയാണ് വൈദികജീവിതം ഇന്ന് കടന്നുപോകുന്നത്. അവയെ ധൈര്യപൂർവ്വം നേരിടാനും അതിജീവിക്കാനും കഴിവുള്ളവർ വേണം ഈ രംഗത്തേയ്ക്ക് കടന്നു വരാൻ. തങ്ങൾ നേതൃത്വം കൊടുക്കേണ്ട സമൂഹത്തിനുള്ളതിനേക്കാൾ അറിവും കഴിവും ഉള്ളവർക്കേ കാര്യക്ഷമമായും ഫലപ്രദമായും ആ സമൂഹത്തെ നയിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെയുള്ളവർ കൂടുതലായി ഇടവക വൈദികരാകാൻ കടന്നുവരേണ്ടതുണ്ട്. ഈ വൈദികവർഷാചരണം അതിന് ഇടയാകട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 മെയ് 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂൺ മാസം 6-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 6/2010***
***Prot. No. 9568/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

പുതിയ സ്കൂൾവർഷം ആരംഭിക്കുന്നതിന്റെ തിരക്കിലാണല്ലോ മതാപിതാക്കളും കുട്ടികളും. അവധിക്കാലത്തിനുശേഷം സ്കൂളുകളിലേയ്ക്ക് യാത്രയാകുന്ന കുട്ടികളെ പ്രത്യേകമായി ഓർക്കുകയും അവർക്ക് നല്ല ഒരു അധ്യയന വർഷം ആശംസിക്കുകയും ചെയ്യുന്നു.

നമ്മുടെ മതബോധനക്ലാസുകളും മെയ് 30 ന് വളരെ കൃത്യതയോടെ ആരംഭിച്ചു. ഈ അധ്യയനവർഷത്തിൽ തന്നെ ജൂൺ 13-ാം തീയതി നമ്മൾ മതബോധന ഞായർ ആയി ആഘോഷിക്കുകയാണ്. ഇത്തരുണത്തിൽ മതബോധനവുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

സഭയുടെ ഏറ്റവും പ്രഥമവും പ്രധാനപ്പെട്ടതുമായ ദൗത്യം 'സത്യവിശ്വാസം കുറവുകൂടാതെയും തെറ്റുകൂടാതെയും പഠിപ്പിക്കുക' എന്നതാണ്. ഇത് ഈശോ നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണ്. വൈദികരും, സമർപ്പിതരും, മാതാപിതാക്കളും, മക്കളും.... എല്ലാവരും ഈ ഉത്തരവാദിത്വത്തിൽ പങ്കാളികളാണ്. നമ്മുടെ വിശ്വാസപരിശീലന ക്ലാസുകളിലൂടെ സുസംഘടിതമായി നടത്തുന്നതും ഈശോ നമ്മെ ഏൽപിച്ച ഈ ദൗത്യമാണ്. അതിൽ ഞാൻ ഉൾപ്പെടെ നാമെല്ലാവരും പങ്കാളികളാണ്. വിശ്വാസ പഠനവും പരിശീലനവും കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് കരുത്തോടെ മുന്നേറണം. അതിനായി നാമെല്ലാവരും അതീവ ജാഗ്രതയോടും ആത്മാർത്ഥതയോടെയും പരിശ്രമിക്കണം. നമ്മുടെ രൂപതയുടെ മതബോധന കേന്ദ്രം ഈ ലക്ഷ്യം മുന്നിൽകണ്ട് ഭംഗിയായും ചിട്ടയായും കാര്യങ്ങൾ ക്രമീകരിക്കുന്നുണ്ട്. ഇടവകകളിൽ അത് നടപ്പിലാക്കേണ്ടത് ബഹു. വികാരിയച്ചൻമാരും അവരോട് ചേർന്നു നിൽക്കുന്ന നിങ്ങൾ ഓരോരുത്തരുമാണ്.

പ്രിയ മാതാപിതാക്കളെ, മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസത്തിൽ വളർത്തേണ്ടവരും നിങ്ങളാണ്. അത് പ്രഥമവും പ്രധാനവുമായി നിങ്ങളുടെ മാതൃകയാലും ഉപദേശത്താലുമാണ് നൽകേണ്ടത്. ദൈവീക മൂല്യങ്ങളും ധാർമ്മിക ചിന്തകളും പകർന്ന് നൽകുന്നതിൽ നിങ്ങൾ ഒരിക്കലും അലംഭാവം കാണിക്കരുത്. മറ്റു പഠനങ്ങളേക്കാൾ ഉത്തരവാദിത്വത്തോടെ വിശ്വാസ പരിശീലനത്തെ മനസ്സിലാക്കണം. "ലോകം മുഴുവനും നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ എന്താണ് പ്രയോജനം?" ദൈവവചനം എല്ലാ ദിവസവും വായിക്കുവാനും കൂദാശാ ബന്ധിതമായ ഒരു ജീവിതത്തിനും അവരെ പഠിപ്പിക്കണം, പരിശീലിപ്പിക്കണം.

പ്രിയ മക്കളെ ഈശോ നിങ്ങളെ ഒത്തിരി സ്നേഹിക്കുന്നുണ്ട്. ഈ സ്നേഹം മറ്റെവിടെനിന്നും നിങ്ങൾക്ക് ലഭിക്കില്ല. നിങ്ങളുടെ മാതാപിതാക്കളിലൂടെയും, വൈദീകരിലൂടെയും, സിസ്റ്റേഴ്സിലൂടെയും, മതാധ്യാപകരിലൂടെയും ഈശോ നിങ്ങളോട് സംസാരിക്കുന്നു. പ്രിയ കുഞ്ഞുങ്ങളെ മതബോധന ക്ലാസുകളിൽ പഠിപ്പിക്കുന്നവ കൃത്യമായി പഠിക്കണം. വി.ഗ്രന്ഥം എല്ലാ ദിവസവും വായിക്കുകയും പഠനത്തിനായി തന്നിരിക്കുന്ന വചനഡയറി എഴുതുകയും വേണം. കൂദാശകൾ സ്വീകരിക്കുന്നതിൽ മുടക്കം വരുത്താതെ ശ്രദ്ധിക്കണം. അതുവഴി സത്യസന്ധത, ദയ, കരുണ, ആത്മാർത്ഥത, പങ്കുവയ്ക്കുന്ന മനോഭാവം തുടങ്ങിയ മാനുഷിക ഗുണങ്ങൾ വളർത്തണം.

പ്രിയ അധ്യാപകരെ, നിസ്വാർത്ഥതയോടെയും അർപ്പണ മനോഭാവത്തോടെയും നിങ്ങൾ ചെയ്യുന്ന സേവനങ്ങളെ വിലമതിക്കുന്നു. ദൈവാനുഗ്രഹം നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും ലഭിക്കും. സത്യവിശ്വാസത്തിൽ പരിശീലിപ്പിക്കുവാൻ ഓരോ വർഷവും കുട്ടികളെ നിങ്ങളുടെ പക്കൽ ഏൽപ്പിക്കുകയാണ്. രൂപതാ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ നിങ്ങൾക്ക് കഴിയണം. നിങ്ങളുടെ ക്രിസ്തീയ ജീവിത മാതൃകയായിരിക്കട്ടെ അവർക്കു കൊടുക്കുവാനുള്ള വലിയപാഠം.

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, വിശ്വാസ പരിശീലനത്തിൽ നിങ്ങൾ കാണിക്കുന്ന അതീവശ്രദ്ധയ്ക്ക് നിങ്ങളെ അഭിനന്ദിക്കുന്നു. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യവും അതു തന്നെയാണല്ലൊ. കുട്ടികളുടെ മതബോധനത്തിനായി ഞായറാഴ്ച മാറ്റി വച്ചിരിക്കുന്ന സമയം മറ്റൊരു കാര്യത്തിനും ഉപയോഗിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

വിശ്വാസ പരിശീലനത്തോട് ബന്ധപ്പെട്ട് അവർ ചെയ്യേണ്ട കാര്യങ്ങൾ വേണ്ട വിധത്തിൽ ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തണം. തിരുവചനത്തിലൂടെയും കൂദാശാബന്ധിതമായ ജീവിതത്തിലൂടെയും അവരെ നയിക്കണം.

പ്രിയപ്പെട്ട സമർപ്പിത സഹോദരീ സഹോദരന്മാരെ, നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ നിങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കാനുണ്ട്. കൂടുതൽ കുട്ടികൾ സന്യാസ ജീവിതത്തിലേയ്ക്കും വൈദിക ജീവിതത്തിലേയ്ക്കും കടന്നു വരണമെങ്കിൽ അതിനവരെ ഒരുക്കണം. ഈ പ്രകിയയിൽ നിങ്ങൾ ഹൃദയപൂർവ്വം സഹകരിക്കാൻ ശ്രമിക്കണം.

പ്രിയ ഇടവകജനമേ, കുട്ടികളുടെ വിശ്വാസ വളർച്ചയിൽ പ്രധാന പങ്ക് നിങ്ങൾക്കോരോരുത്തർക്കുമാണ്. ഭാവിയിൽ നല്ലകുടുംബ ജീവിതക്കാരും വൈദികരും, സമർപ്പിതരും ഉണ്ടാകുന്നതും നിങ്ങളുടെ സന്മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് ഇടവകയുടെ മതബോധന പ്രവർത്തനങ്ങളിൽ സജീവ പങ്കുകാരാകുക; കാരണം അത് ഇടവകയുടെ ഏറ്റവും പ്രധാന കടമയാണ്. രൂപതയുടെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കാൻ മതബോധന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മൾ ഒരു സ്തോത്രക്കാഴ്ച എടുക്കാറുള്ളതാണല്ലോ അതിന് നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടാകണം. അന്നേ ദിവസം ലഭിക്കുന്ന സംഭാവന താമസിയാതെ രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 മെയ് 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂൺ മാസം 6-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 7/2010***
***Prot. No. 9567/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഈയവസരത്തിൽ പ്രവർത്തനങ്ങൾക്ക് ഇടയനടുത്ത ആശീർവ്വാദവും പ്രവർത്തന വിജയവും ഞാൻ ഏവർക്കും നേരുകയാണ്. ഇത്തരുണത്തിൽ കഴിഞ്ഞ പ്രവർത്തന വർഷത്തെ രൂപതാ സമിതിയെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ത്യാഗോജ്ജ്വലമായ നേതൃത്വത്തിലൂടെ രൂപതാ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സംസ്ഥാനതലത്തിൽ ഒന്നാമതെത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച രൂപതാ, മേഖലാ, ശാഖാ ഭാരവാഹികളെയും മുഴുവൻ പ്രവർത്തകരെയും അഭിനന്ദിക്കുന്നു.

പ്രേഷിതപ്രവർത്തനം, വ്യക്തിത്വ വികസനം എന്നീ ലക്ഷ്യങ്ങൾക്ക് വേണ്ടി യത്നിക്കുന്ന മിഷൻലീഗിന്റെ മുഴുവൻ പ്രവർത്തകർക്കും നേതൃത്വം നൽകാൻ പുതുതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാഭരണ സമിതിക്ക് എല്ലാവിധ പ്രവർത്തന വിജയങ്ങളും ആശംസിക്കുന്നു. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ധീരതയോടെ സംഘടനയെ നയിക്കാൻ നിങ്ങൾക്കാകട്ടെയെന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുതിയ വർഷത്തിൽ തിരഞ്ഞെടുക്കപ്പെടാൻ പോകുന്ന മേഖലാ, ശാഖാ ഭാരവാഹികൾക്കും മുഴുവൻ അംഗങ്ങൾക്കും പ്രവർത്തനവിജയങ്ങൾ നേരാനും ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

മിഷൻലീഗ് സംഘടന കുട്ടികൾക്കുവേണ്ടി മാത്രമുള്ള ഒരു സംഘടനയല്ല, മുതിർന്നവർക്കുംകൂടി വേണ്ടിയുള്ളതാണ്. കാരണം സംഘടനയുടെ ലക്ഷ്യംതന്നെ അത് സൂചിപ്പിക്കുന്നു. പ്രേഷിത

പ്രവർത്തനം നടത്തുക എന്നത് ഏതൊരു കത്തോലിക്കന്റെയും ചുമതലയാണ്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നുള്ള തിരുവചനമാണ് ഇതിന്റെ അടിസ്ഥാനം. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാനുള്ള യേശുവിന്റെ ഉപദേശത്തെ അറിവുകൊണ്ടും അനുഭവം കൊണ്ടും നിറവേറ്റാൻ നാമെല്ലാവരും കടപ്പെട്ടവരാണ്.

മാത്രമല്ല, കുട്ടികൾക്ക് നേതൃത്വം നൽകാൻ കുട്ടികളെക്കൊണ്ട് സാധിക്കുകയുമില്ല. അതിന് മുതിർന്നവർ തന്നെ വരണം. അതുകൊണ്ട് ഈ വർഷത്തെ ശാഖാതിരഞ്ഞെടുപ്പുകൾ നടത്തുമ്പോൾ ഭരണ സമിതിയിലേക്ക് താൽപര്യമുള്ള മുതിർന്നവരെക്കൂടി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലൊ. മുതിർന്നവരോട് സംഘടനാ പ്രവർത്തന രംഗത്ത് മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മിഷൻലീഗിന്റെ അടിസ്ഥാന ഘടകം 7 പേരുടെ ഗ്രൂപ്പാണ്. ആ ഗ്രൂപ്പിനു നേതൃത്വം നൽകാൻ ഒരു ലീഡർ ഉണ്ടാവും. ബാക്കിയുള്ള 6 പേരെയും കൂട്ടിയിണക്കി കൊച്ചു കൊച്ചു പ്രവർത്തനങ്ങൾ നടത്താനും മാനുവൽ ബുക്ക് പൂരിപ്പിക്കാനുമൊക്കെ ആ ലീഡറിന് കഴിയും. ഇന്ന് നാമഭിമുഖീകരിക്കുന്ന വലിയ ഒരു പ്രശ്നം നമ്മുടെ സമുദായത്തിൽ നിന്നും പൊതുപ്രവർത്തനത്തിനായി മുന്നോട്ടു വരാൻ ആളില്ല എന്നതാണ്. അതിന്റെ കാരണം നമുക്ക് നേതാക്കന്മാരെ വാർത്തെടുക്കാൻ കഴിഞ്ഞില്ല എന്നതാണ്. അതുകൊണ്ട് കുട്ടികളായിരിക്കുമ്പോൾതന്നെ നല്ല നേതാക്കന്മാരാകാൻ പരിശീലനം കൊടുക്കേണ്ടതുണ്ട്. ഓരോ ഇടവകയിലും 10 ഉം 20 ഉം ഒക്കെ ഗ്രൂപ്പ് ലീഡർമാർ ഉണ്ടാവും. അവരെ ഒരുമിച്ചുകൂട്ടി നേതൃത്വ പരിശീലനം, പ്രസംഗപരിശീലനം എന്നിങ്ങനെയുള്ള പരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതാണ്.

മാത്രമല്ല, കക്ഷി രാഷ്ട്രീയത്തിന്റെയും മറ്റും അതിപ്രസരം ഇപ്പോൾ കുട്ടികളെ തെറ്റായ ദിശയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. പല പേരുകളിൽ കുട്ടികൾക്ക് ക്യാമ്പുകളും സെമിനാറുകളും നടത്തി തങ്ങളുടെ സ്വാധീനം ഉറപ്പാക്കുമ്പോൾ നമുക്ക് നഷ്ടമാകുന്നത് ഭാവി തലമുറയെയാണ് എന്നോർക്കണം. മിഷൻലീഗിന്റെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പുകളിലും സെമിനാറുകളിലും പങ്കെടുക്കാൻ കുട്ടികളെ സ്നേഹപൂർവ്വം നിർബന്ധിക്കുകതന്നെ വേണം. ശാഖാ ക്യാമ്പുകൾ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ, സ്റ്റഡി ടൂറുകൾ എന്നിവ സംഘടിപ്പിക്കാൻ താൽപര്യമെടുക്കണം.

ഈ വർഷം മിഷൻലീഗ് സംസ്ഥാന സമിതി മാധ്യമ വർഷമായി ആചരിക്കുകയാണ്. അതിനോട് ചേർന്ന് മാനന്തവാടി രൂപതാ ഘടകവും മാധ്യമവർഷമായി ആചരിക്കുന്നു. മാധ്യമങ്ങൾക്ക് ഇന്നത്തെ സമൂഹത്തിൽ വലിയ സ്വാധീനമാണുള്ളത് എന്നതിൽ സംശയമില്ല. മാധ്യമങ്ങളെക്കുറിച്ച് സെമിനാറുകളും ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കാൻ ശാഖാ നേതൃത്വം ശ്രദ്ധിക്കുമല്ലോ. രൂപതാ നേതൃത്വത്തിൽ നടത്തുന്ന ശാഖാ സെമിനാറുകൾ എല്ലാ ശാഖകളിലും നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

മാധ്യമ വർഷത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിലെ മുഴുവൻ ശാഖകൾക്കും റേഡിയോ മാറ്റൊലിയിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരമുണ്ടായിരിക്കുന്നതാണ്. റേഡിയോ മാറ്റൊലിയുടെ നേതൃത്വവുമായി ആലോചിച്ച് മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാമുകൾ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളപ്രകാരം അതാത് ദിവസങ്ങളിൽ സംപ്രേഷണം ചെയ്യാൻ സാധിക്കും. കുട്ടികൾക്കും മുതിർന്നവർക്കും സ്റ്റുഡിയോ നേരിട്ട് കാണാനും പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാനുമൊക്കെ ഈ അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഭാരതത്തിൽ ആദ്യമായി ഈ രൂപത തുടങ്ങിയ കമ്മ്യൂണിറ്റി റേഡിയോ സംപ്രേഷണം ഇന്ന് വയനാട്ടിൽ പരക്കെ സ്വാഗതം ചെയ്യപ്പെട്ടു കഴിഞ്ഞു എന്ന കാര്യം നിസ്തർക്കമാണ്. പൊതുജനോപകാരപ്രദമായ പരിപാടികൾ അവതരിപ്പിച്ച് പ്രസക്തി നേടിയ നമ്മുടെ റേഡിയോയിലൂടെ നമ്മുടെ കുട്ടികൾ വളരട്ടെ. ജോ.ഡയറക്ടർ സിസ്റ്റേഴ്സിന്റെയും മതാധ്യാപകരുടെയും പൂർണ്ണ പിന്തുണ ഇതിനുണ്ടാകേണ്ടതാണ്.

വിശ്വാസ പരിശീലന രംഗത്ത് വളരെ നിർണ്ണായക സ്ഥാനമാണ് മിഷൻലീഗിനുള്ളത്. മതപഠനത്തിലൂടെ ലഭിക്കുന്ന ബോധ്യങ്ങൾ പ്രവർത്തന തലത്തിലേയ്ക്ക് എത്തിക്കുന്ന വേദിയാണ് മിഷൻലീഗ്. അതുകൊണ്ടുതന്നെ മതാധ്യാപകർ മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമാകേണ്ടതാണ്. മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ വേണ്ടത്ര സഹകരിച്ചുകൊണ്ട് മതാധ്യാപകർ ഈ ദൗത്യം നിർവ്വഹിക്കണമെന്ന് എല്ലാ മതാധ്യാപകരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഗ്രൂപ്പ് മീറ്റിംഗുകൾക്കും മാനുവൽ ബുക്ക് പൂരിപ്പിക്കലിനും ഹൗസ് മീറ്റിംഗുകൾക്കും മതാധ്യാപകർ തന്നെ നേതൃത്വം

കൊടുക്കുന്നത് ഉചിതമായിരിക്കും. ഭാവിയിലെ നേതാക്കന്മാരെ ആ ഗ്രൂപ്പിൽ നിന്നുതന്നെ വളർത്താൻ ഇതുപകരിക്കും.

ഈ വർഷം മിഷൻലീഗിന്റെ സംസ്ഥാന വാർഷികം ഡിസംബർ 11-ാം തീയതി ശനിയാഴ്ച മാനന്തവാടിയിൽ വച്ച് നടക്കുകയാണ്. വാർഷികത്തോടനുബന്ധിച്ച് പൊതുസമ്മേളനവും പ്രേഷിതറാലിയും ഉണ്ടായിരിക്കുന്നതാണ്. റാലിയിലേയ്ക്ക് മിഷൻലീഗിലുള്ളവർ മാത്രമല്ല യുവജനങ്ങളും മുതിർന്നവരുമടക്കം എല്ലാവരെയുമാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന വാർഷികത്തിന് വേണ്ട ക്രമീകരണങ്ങൾ രൂപതാ, മേഖലാ, ശാഖാ തലങ്ങളിൽ മുൻകൂട്ടി ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

നിങ്ങൾക്കേവർക്കും കർമ്മനിരതവും ഫലദായകവുമായ പ്രവർത്തനവർഷം ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 മെയ് 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂൺ മാസം 20-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

Vol. 7

# സർക്കുലർ

***Circular Letter No. 8/2010***
***Prot. No. 9716/2010***

## യുവജനദിനം ജൂലൈ 4

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ജൂലൈ 4 ഞായറാഴ്ച കേരള കത്തോലിക്കാ സഭയിൽ യുവജനദിനമായി ആചരിക്കുകയാണല്ലോ. യുവജനങ്ങളുടെ ശക്തിയും കഴിവുകളും തിരിച്ചറിഞ്ഞ് അവരെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത് അവരെ സഭയുടെ ശക്തിസ്രോതസും അടിത്തറയുമായി സംരക്ഷിക്കുകയെന്ന യുവജന ശുശ്രൂഷ ഇന്നത്തെ കാലഘട്ടത്തിൽ കൂടുതൽ പ്രസക്തമാണ്. യുവത്വത്തിന്റെ ചിന്തകളും ദർശനങ്ങളും സഭയേയും സമൂഹത്തെയും യൗവ്വനയുക്തയാക്കാൻ തക്കവിധം രൂപപ്പെടുത്തിയെടുക്കാൻ ഏവരും ശ്രമിക്കണം. വിധ്വംസക പ്രവർത്തനങ്ങളും കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരങ്ങളും യുവജനങ്ങളിൽ കൂടുതൽ സ്വാധീനം ചെലുത്തുന്ന ഇന്ന്, ക്രൈസ്തവ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും മുറുകെപിടിക്കുന്ന ഒരു യുവതലമുറയ്ക്ക് രൂപം കൊടുക്കുവാൻ നമുക്ക് സാധിക്കണം. കേവലം മുപ്പത് വയസിലാണ് മനുഷ്യരക്ഷയെന്ന മഹാദൗത്യനിർവ്വഹണത്തിന് യേശു പരസ്യമായി രംഗത്തിറങ്ങുന്നത്. ആ ദൗത്യനിർവ്വഹണത്തിൽ എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കി മുന്നോട്ടുപോയ യേശുവുമായുള്ള ആത്മബന്ധം യുവാക്കൾക്കുണ്ടാകണം. സഭയിലെ സജീവമായ പങ്കാളിത്തം, കൂദാശാധിഷ്ഠിതമായ ജീവിതം, സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിൽ ക്രിസ്തീയ ധാർമ്മികതയിൽ ഊന്നിയ ഭാഗഭാഗിത്വം എന്നിവയിലൂടെ സഭയുടെ യൗവ്വനമായ യുവജന സമൂഹം ഉണർന്നെഴുന്നേൽക്കണം.

2010 ഫെബ്രുവരി മാസത്തിൽ ആസാമിലെ ഗോഹട്ടിയിൽ നടന്ന ഭാരത മെത്രാൻ സംഘത്തിന്റെ പൊതുസമ്മേളനത്തിന്റെ ചർച്ചാവിഷയം യുവജനങ്ങളെക്കുറിച്ചായിരുന്നു."Youth for peace and harmony" – യുവജനങ്ങൾ സമാധാനത്തിനും സഹവർത്തിത്വത്തിനും എന്നതായിരുന്നു പഠനവിഷയം. കലുഷിതമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ, വികലവും നിഷേധാത്മകവുമായ നിലപാടുകൾ സ്വീകരിക്കാതെ – സമാധാനത്തിനും സമന്വയത്തിനും മുൻഗണന കൊടുത്ത് – സാമൂഹിക പ്രതിബദ്ധതയാർന്ന ജീവിത ശൈലികൾ യുവജനങ്ങൾ ഉൾകൊള്ളണമെന്ന് സമ്മേളനം ചൂണ്ടിക്കാണിച്ചു. യുവത്വത്തെ സ്വാധീനിക്കുന്ന മാധ്യമങ്ങളും കമ്പോളങ്ങളും അക്രമരാഷ്ട്രീയ ചിന്തകളും ലൈംഗിക അരാജകത്വങ്ങളും തിരിച്ചറിഞ്ഞ് – സഭാത്മക ജീവിതത്തിന്റെ പ്രസക്തി മനസ്സിലാക്കി – സമൂഹത്തിനും സഭയ്ക്കും രാഷ്ട്രീയത്തിനും യുവജനങ്ങൾ യുവത്വം പകരണം. ഭാരതത്തിന്റെ എല്ലാ ഭാഗത്തു നിന്നുള്ള കത്തോലിക്കാ യുവജന പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ഗോഹട്ടി സമ്മേളനം – യുവജനങ്ങൾ സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കണമെന്ന് ഓർമ്മിപ്പിച്ചു. മനുഷ്യാവകാശങ്ങൾ, സാമൂഹിക നീതി എന്നീ പ്രശ്നങ്ങളിൽ ഇടപ്പെടുക, ഗ്രാമസഭകളിൽ പങ്കുചേരുക, മൂല്യാധിഷ്ഠിതവും അഴിമതിരഹിതവുമായ നേതൃനിര രൂപീകരിക്കുക, രാഷ്ട്രീയത്തിനതീതമായി സമൂഹത്തിന്റെ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സജ്ജരായ യുവനേതൃത്വത്തെ വളർത്തിയെടുക്കുക എന്നിവ നിങ്ങളുടെ ലക്ഷ്യങ്ങളായിരിക്കട്ടെ.

രൂപതയിലെ മുഴുവൻ യുവജനങ്ങളെയും നമ്മുടെ യുവജന സംഘടനയിൽ അംഗങ്ങളാക്കണം. അതിനായി ഓരോ ഇടവകയിലെയും യുവജനങ്ങളുടെ സർവ്വേ നടത്തി പുറത്ത് പഠനത്തിനും ജോലിക്കുമായി പോയിരിക്കുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് അവരുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകണം.

കെ.സി.വൈ.എം. സംഘടന രൂപതയിലെ എല്ലാ ഇടവകകളിലും സജീവമാകണം. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും വേണ്ടി സേവനം ചെയ്യുന്ന നിരവധി നേതാക്കളെ വളർത്തിയെടുക്കാൻ ഈ സംഘടനയ്ക്ക് കഴിയും. ജൂലൈ 4 ഞായറാഴ്ച യുവജനങ്ങൾക്കായി

പ്രത്യേകം ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് ആചരിക്കുകയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു. യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന യൂണിറ്റ്, മേഖല, രൂപത ഭാരവാഹികളെയും എല്ലാ വൈദികരെയും സന്യസ്തരെയും നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും യുവജനദിനാശംസകൾ നേരുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ജൂൺ 20 നൽകപ്പെട്ടത്.

യേശുവിൽ,



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ജൂലൈ 4 -ാം തീയതി പള്ളികളിൽ വായിക്കുകയോ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്. ജൂലൈ 4 ന് വായിക്കാൻ സാധിക്കാത്ത പള്ളികളിൽ അതിനടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 9/2010***
***Prot. No. 9733/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

സാമാന്യം നീണ്ട മദ്ധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പാഠശാലകളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. കഴിഞ്ഞ വർഷത്തെ വിജയപരാജയങ്ങൾ വിലയിരുത്തി കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും പുതിയ തീരുമാനങ്ങളോടും കൂടി മുന്നേറുവാനുള്ള സമയമാണിത്. വിജയം നേടിയവർ ദൈവത്തിന് നന്ദി പറയുകയും പരാജയപ്പെട്ടവർ അതിന്റെ കാരണം തിരിച്ചറിഞ്ഞ് ഭാവിയിൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്യണം. നമ്മൾ എത്ര പരിശ്രമിച്ചാലും ചിലപ്പോൾ നമ്മുടേതല്ലാത്ത കുറ്റം കൊണ്ട് പരാജയപ്പെട്ടെന്ന് വരാം. എന്നാൽ ദൈവത്തിൽ പരിപൂർണ്ണ ആശ്രയം വച്ച് മുന്നേറുന്നവർക്ക് പരാജയങ്ങളും വിജയങ്ങളാക്കി മാറ്റാൻ കഴിയും. ആ ശുഭാപ്തി വിശ്വാസം നിങ്ങളെ നിരന്തരം നയിക്കട്ടെ. തോറ്റവർ ദുഃഖിക്കേണ്ടതില്ല.

പത്തും പന്ത്രണ്ടും ക്ലാസുകളിൽ നിന്ന് പാസായവരിൽ അധികം പേരും പുതിയ സ്കൂളുകളിലും കോളേജുകളിലും മറ്റും ചേർന്നിട്ടുണ്ടാകും. എന്നാൽ കുറേപ്പേർക്കെങ്കിലും പലവിധ കാരണങ്ങളാൽ തുടർപഠനം സാധ്യമാകാതെ വരാനും ഇടയുണ്ട്. അങ്ങനെയുള്ളവരും എന്തെങ്കിലുമൊക്കെ ജീവിതമാർഗ്ഗം തേടിയേ തീരൂ. ദൈവം നിങ്ങൾക്ക് അതിനുള്ള മാർഗ്ഗം കാണിച്ചു തരട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. നമുക്കാഗ്രഹമുണ്ടെങ്കിൽ വഴി ദൈവം കാണിച്ചു തരും. എല്ലാവർക്കും കോളേജുകളിൽ തന്നെ ഉപരിപഠനം നടത്താൻ കഴിഞ്ഞെന്നു വരുകയില്ല. അതിലുപരി വളരെ കുറച്ചു പേർക്ക് മാത്രമായിരിക്കും മെഡിക്കൽ, എഞ്ചിനീയറിംഗ്, നേഴ്സിംഗ് കോളേജുകളിൽ പ്രവേശനം കിട്ടുന്നത്. പ്ലസ് ടു പഠനം കഴിഞ്ഞ് വലിയ ചെലവ് കൂടാതെ

തന്നെ നേടിയെടുക്കാവുന്ന മറ്റൊരുപാട് തൊഴിലധിഷ്ഠിത കോഴ്സുകൾ നിലവിലുണ്ട്. അവയിൽ ഏതെങ്കിലും സ്വന്തം അഭിരുചിക്കനുസരിച്ച് പ്രവേശനം തേടാവുന്നതാണ്.

സ്വന്തം കഴിവുകൾ മനസിലാക്കി അതിനനുസരിച്ചുള്ള ഉപരിപഠനവും തൊഴിൽമാർഗ്ഗങ്ങളുമാണ് തേടേണ്ടത് എന്നത് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. എല്ലാവർക്കും എല്ലാം പഠിക്കാനും ചെയ്യാനും സാധിക്കുകയില്ല. കാരണം ദൈവം നമ്മളെ സൃഷ്ടിച്ചിരിക്കുന്നത് എല്ലാവരേയും ഒരേ കഴിവുകളോടെയല്ല. എന്തു ചെയ്യണം എന്നറിയാത്ത സാഹചര്യത്തിൽ പകച്ച് നിൽക്കാതെ അറിവുള്ളവരെ സമീപിച്ച് ഉപദേശം തേടണം. ഉപരിപഠനത്തിന് ഉപദേശം നൽകുന്ന അനേകം ഏജൻസികൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. അവയെ വേണ്ടവിധം നാം പ്രയോജനപ്പെടുത്തണം.

തീർത്തും കഴിവു കുറഞ്ഞവർ പോലും ഇപ്പോൾ ഒരു പക്ഷേ ചിന്തിക്കുന്നത് ഡോക്ടർ, എഞ്ചിനീയർ, നേഴ്സ് തുടങ്ങിയ ജോലികളെപ്പറ്റിയാകും. അതിനുള്ള കോഴ്സുകളിൽ ചേരുന്നതിനെപ്പറ്റി മാതാപിതാക്കളും പറഞ്ഞെന്നു വരും. അതുപോലെ തന്നെ ഇവ പാസായി വിദേശത്ത് പോകാമെന്നും പലരും ചിന്തിക്കുന്നു. പെട്ടെന്ന് പണം സമ്പാദിക്കാനുള്ള മാർഗ്ഗം എന്ന നിലയിലാണ് ആ ചിന്ത ഉണ്ടാകുന്നത്. എന്നാൽ നാമോർക്കേണ്ടത് എല്ലാവർക്കും അതിന് കഴിയുകയില്ലെന്നും അവ മാത്രമല്ല ജോലിയെന്നുമുള്ള കാര്യമാണ്. മറ്റനവധി ജോലി സാധ്യതകൾ ഇന്നുണ്ട്. വിദേശത്ത് പോകണമെങ്കിൽ വീണ്ടും ബുദ്ധിമുട്ടേറിയ കടമ്പകൾ കടക്കണം എന്നത് വേറെ കാര്യം, എന്നു തന്നെയുമല്ല, പൊതുഖജനാവിൽ നിന്ന് വലിയ ഒരു തുക ഓരോ കുട്ടിയേയും പഠിപ്പിക്കാൻ ചെലവാക്കുന്നുണ്ട്. അങ്ങനെ പഠിച്ചിറങ്ങുന്നവർ ഈ നാടിനെ സേവിക്കാൻ കൂടി വേണ്ടിയാണ് സർക്കാർ അപ്രകാരം പണം ചെലവഴിക്കുന്നത്.

അതുപോലെ തന്നെ ഇവിടുത്തെ പൊതുജീവിതത്തിലേയ്ക്കും രാഷ്ട്രീയജീവിതത്തിലേയ്ക്കും എല്ലാം നല്ല മിടുക്കരായവർ കടന്നുവരണം. അല്ലെങ്കിൽ അറിവും കഴിവും ഇല്ലാത്തവർ രാജ്യം ഭരിക്കുന്ന സ്ഥിതി സംജാതമാകും. അങ്ങനെയുള്ളവരുടെ ഭരണം എങ്ങനെയിരിക്കും എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അറിവും കഴിവും നല്ല വിദ്യാഭ്യാസവും ഉള്ളവർ രാഷ്ട്രീയത്തിലേയ്ക്കും പൊതുജീവിതത്തിലേയ്ക്കും കടന്നു വന്നില്ലെങ്കിൽ സമൂഹജീവിതം തന്നെ അസാധ്യ

മാകുംവിധം കാര്യങ്ങൾ നീങ്ങിയെന്ന് വരാം. നാം അഴിമതിയെപ്പറ്റിയും മറ്റും എപ്പോഴും സംസാരിക്കാറുണ്ടല്ലോ. അഴിമതിക്കാരല്ലാത്ത രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഉണ്ടാവുകയല്ലേ അതിന് പരിഹാര മാർഗ്ഗം? നിങ്ങൾക്കങ്ങനെ ആയിക്കൂടേ?

രാഷ്ട്രീയമെന്നാൽ ഇന്നു നാം നമ്മുടെ നാട്ടിൽ കാണുന്ന അക്രമ രാഷ്ട്രീയമല്ല. അത് രാഷ്ട്രീയമേയല്ല, പ്രത്യുത, ഗുണ്ടായിസമാണ്. എതിരാളികളേയും വിമർശിക്കുന്നവരേയും കായികമായി നേരിടുന്നവർ ബുദ്ധിപരമായി പാപ്പരത്വം അനുഭവിക്കുന്നവരാണ്. മാത്രമല്ല, രാഷ്ട്രീയം എന്തെന്ന് തീർത്തും അറിഞ്ഞുകൂടാത്തവരുമാണ്. അത്തരം അക്രമരാഷ്ട്രീയത്തിൽ നിന്ന് നിങ്ങൾ വിട്ടുനിൽക്കുകതന്നെ വേണം. രാഷ്ട്രീയം അഥവാ പൊളിറ്റിക്സ് എന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ ഭരണഘടന അനുശാസിക്കുന്ന രീതിയിലും മാർഗ്ഗങ്ങളിലൂടെയും നാടിന് നന്മയുണ്ടാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന പ്രക്രിയ എന്നാണർത്ഥം. അത്തരം ഒരു പ്രക്രിയയിലാണ് നിങ്ങൾ പഠനകാലത്ത് പരിശീലനം നേടേണ്ടത്. പ്രതിപക്ഷ ബഹുമാനത്തോടെ നാടിന്റെ നിയമങ്ങളനുസരിച്ച് എപ്രകാരം പാർലമെന്റിലും നിയമസഭയിലും മറ്റും ചർച്ചകൾ നടത്തണം എന്നും മറ്റുമുള്ള പരിശീലനവും ഇതിന്റെ ഭാഗമാണ്. നമ്മുടെ ഭരണവ്യവസ്ഥിതിയുടെ പ്രധാന ഘടകങ്ങളായ ലെജിസ്ലേച്ചർ (പാർലമെന്റ് - നിയമസഭ), എക്സിക്യൂട്ടീവ് (മന്ത്രിസഭ), ജുഡീഷ്യറി (കോടതികൾ) ഇവയാണ് നമ്മുടെ ഭരണവ്യവസ്ഥിതിയുടെ അടിത്തറയെന്നും അവയെ മാനിക്കുക എന്നത് രാഷ്ട്രീയത്തിന്റെ ബാലപാഠത്തിൽ പെടുന്നു എന്നും നമ്മൾ മനസ്സിലാക്കണം. നിർഭാഗ്യവശാൽ അങ്ങനെയൊന്നുമല്ല നമ്മുടെ നാട്ടിൽ കാര്യങ്ങൾ നടക്കുന്നത്. വിദ്യാർത്ഥിരാഷ്ട്രീയമെന്നാൽ വലിയ രാഷ്ട്രീയകക്ഷികളിലേയ്ക്ക് ഭാവിയിൽ ചേക്കേറാനും അധികാരത്തിൽ എത്താനും പണം സമ്പാദിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് ഇന്ന് പലരും മനസ്സിലാക്കുന്നത്.

സ്കൂളിലേയ്ക്കും കോളേജിലേയ്ക്കും പോകുന്നവർ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ചില മേഖലകളുണ്ട്. നിങ്ങൾ പോകുന്നത് പഠിക്കാനാണെന്നും മറ്റൊന്നും നിങ്ങളുടെ ശ്രദ്ധയെ വഴി തെറ്റിക്കരുത് എന്നതുമാണ് അതിലൊന്ന്. നാട് നന്നാക്കാനെന്ന വ്യാജേന സമരങ്ങൾ ചെയ്യാനും, സ്കൂളിലേയ്ക്കും കോളേജിലേയ്ക്കും കടന്നു വരുന്ന നവാഗതരുടെ പേടി മാറ്റാനെന്ന പേരിൽ റാഗിങ്ങെന്ന ഓമനപ്പേരിട്ട് മറ്റുള്ള

വരെ ഉപദ്രവിക്കുവാനും ഒന്നും നിങ്ങൾക്ക് അവകാശമില്ല. നാണം കുണുങ്ങിക്ക് അങ്ങനെയിരിക്കാനുള്ള അവകാശവും ഉണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്. അവരുടെ നാണം മാറ്റേണ്ടത് നിങ്ങളുടെ ഉത്തര വാദിത്വമല്ല.

ഇന്ന് നാം നഷ്ടപ്പെടുത്തുന്ന സമയം നമുക്ക് എന്നേയ്ക്കുമായി നഷ്ടപ്പെടും എന്നതാണ് ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം. സമയവും കാലവും ആർക്കും വേണ്ടി കാത്തു നിൽക്കുകയില്ല. പഠനം ഏറ്റവും നന്നായി നടക്കുന്നത് ചെറുപ്പകാലത്ത് തന്നെയാണ്. പ്രായമായ ശേഷം പഠിക്കാമെന്നു വയ്ക്കുന്നത് ഏറ്റവും വലിയ മഠയത്തരമാകും. അതു പോലെതന്നെ പഠിച്ചതുകൊണ്ട് പ്രയോജനമൊന്നുമില്ല എന്ന് ചിന്തി ക്കുന്നതും ശരിയല്ല. നന്നായി കൃഷി ചെയ്യാൻ പോലും നല്ല വിദ്യാ ഭ്യാസം ആവശ്യമാണ്.

അറിവാണ് വരും ലോകത്തെ നിയന്ത്രിക്കാൻ പോകുന്ന ഏറ്റവും പ്രധാന ഘടകം. ഏതു കാര്യത്തെപ്പറ്റിയും സാമാന്യജ്ഞാനമെങ്കിലും നമുക്കുണ്ടാകണം. നമ്മുടെ സ്വന്തം പഠനവിഷയത്തിൽ നല്ല പാണ്ഡിത്യം ഉണ്ടായിരിക്കുകയും വേണം. കേവലമൊരു ഡിഗ്രിക്കട ലാസ് കയ്യിൽ കിട്ടിയതുകൊണ്ട് ആരും ജോലി തരണമെന്നില്ല. പണം കൊടുത്താൽ ഡോക്ടറേറ്റ് പോലും കൊടുക്കുന്ന സംഘങ്ങൾ നമ്മുടെ നാട്ടിൽ യഥേഷ്ടം പ്രവർത്തിക്കുന്നതായി ഈയിടെ നാം പത്രങ്ങളിൽ വായിക്കുകയുണ്ടായി. നമ്മുടെ ഡിഗ്രികളും ഡിപ്ലോമകളും സംശയ ത്തോടെയാണ് പല ലോകരാജ്യങ്ങളും നോക്കിക്കാണുന്നത് എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കണം. അതോടൊപ്പം നമ്മെ ലജ്ജിപ്പിക്കേണ്ട വസ്തുതയുമാണ്. എളുപ്പത്തിൽ പണം നേടാനുള്ള മലയാളിയുടെ മന സ്സാണ് ഇതിലെല്ലാം പ്രതിഫലിയ്ക്കുന്നത്. കോപ്പിയടിയും മറ്റും ഇതിന്റെ ചെറുരൂപങ്ങൾ മാത്രം.

സമയമാണ് ഇന്നത്തെ ലോകത്തെ നിയന്ത്രിക്കുന്ന മറ്റൊരു പ്രധാന ഘടകം. ലോകത്തിൽ നടക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് വേഗ ത്തിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും നമ്മൾ ആർജ്ജിക്കണം. ഇന്നെടുക്കേണ്ട തീരുമാനം നാളത്തേക്കെന്നല്ല ഒരു മണിക്കൂർ പോലും മാറ്റി വയ്ക്കുന്ന സാഹചര്യം ഉണ്ടാകരുത്. പെട്ടെന്ന് തീരുമാനമെടു ക്കാൻ കഴിവാർജ്ജിക്കുന്നവർ കാര്യങ്ങൾ നേടുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ആധുനിക സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ സമയം അടിസ്ഥാന ഘടകമാണ്. ഉദാഹരണമായി

ഈമെയിലിലൂടെ നമുക്ക് കത്തയയ്ക്കുന്നവർ അന്നുതന്നെയുള്ള ഒരു മറുപടിയും പ്രതീക്ഷിക്കുന്നു. അങ്ങനെ മറുപടി കൊടുക്കാൻ നമ്മൾ പരാജയപ്പെട്ടാൽ വലിയ അവസരങ്ങളാകും നമുക്ക് നഷ്ടമാകുന്നത്. ഇന്റർനെറ്റും മൊബൈൽഫോണും എല്ലാം നമ്മുടെ ജീവിതവിജയത്തിന് ഉപയോഗിക്കാൻ നമുക്ക് അറിവുണ്ടാകണം. അവ കേവലം വിനോദോ പാധികളല്ല, പ്രത്യുത, അതിജീവനമാർഗ്ഗങ്ങളാണ് എന്ന വസ്തുത നാം വിസ്മരിക്കരുത്.

മുൻകൂട്ടി കാര്യങ്ങൾ മനസിലാക്കി പ്ലാൻ ചെയ്യുക എന്നതാണ് മൂന്നാമതൊരു കാര്യം. പലരും ഏതു വിഷയം പഠിക്കണം എന്ന് തീരു മാനിക്കുന്നത് പത്താം ക്ലാസ് അഥവാ പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഫലം അറിഞ്ഞതിനു ശേഷമായിരിക്കും. ദീർഘവീക്ഷണത്തോടെ കാര്യ ങ്ങൾ നടത്തുന്നവർ അപ്പോഴേയ്ക്കും അവരുടെ തെരഞ്ഞെടുപ്പുകൾ നടത്തിയിരിക്കും. അതിമത്സരം നിറഞ്ഞ ഇന്നത്തെ ലോകത്തിൽ അതി ജീവിക്കുന്നവരും വിജയം നേടുന്നവരും ഇപ്രകാരമൊക്കെ ചെയ്യുന്നവ രാണ്. അവരെ നോക്കി നാം അസൂയപ്പെട്ടിട്ട് കാര്യമില്ല. ആവശ്യത്തി നുള്ള ബുദ്ധിയും കഴിവുമെല്ലാം ദൈവം എല്ലാവർക്കും തന്നെ തന്നി ട്ടുണ്ട്. അത് കാര്യക്ഷമമായും ഫലപ്രദമായും ഉപയോഗിക്കാൻ നാം മനസ്സായാൽ മതി. അതിനുള്ള ആഗ്രഹമുണ്ടാകുക എന്നതാണ് പ്രഥ മവും പ്രധാനവുമായ കാര്യം. അതോടൊപ്പം ദൈവാനുഗ്രഹവും യാചി ക്കണം. ഇവ മൂന്നും കൂടിച്ചേരുമ്പോൾ വിജയം സുനിശ്ചയമാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ജൂൺ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂലൈ മാസം 11-ാം തീയതി ഞായറാഴ്ച വിശുദ്ധകുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

Vol. 8



# ഇടയലേഖനം



***Pastoral Letter No. 02/2010***
***Prot. No. 10139/2010***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന്റെ ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ചുനോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ കാലഘട്ടത്തെ ആരാധനാക്രമവത്സരത്തിൽ ആഗമനകാലം അഥവാ മംഗളവാർത്താക്കാലം എന്ന് നാം വിളിക്കുന്നു. കാരണം ദൈവം വാഗ്ദാനം ചെയ്ത രക്ഷകന്റെ ആഗമനമെന്ന ശുഭവാർത്തയെയാണ് ഈ കാലഘട്ടത്തിൽ നാം അനുസ്മരിക്കുന്നത്. രക്ഷകനെ സ്വീകരിക്കാൻ നാം നോമ്പു നോക്കി ഇരുപത്തഞ്ച് ദിവസങ്ങൾ കാത്തിരിക്കുന്നതിനാൽ ഇരുപത്തഞ്ച് നോമ്പെന്നും ഈ കാലഘട്ടം അറിയപ്പെടുന്നു. ആഗമനകാലത്തിന്റെ അവസാനം നാം നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ അഥവാ ക്രിസ്തുമസ് ആചരിക്കുന്നു. ക്രിസ്തുമസ് കഴിഞ്ഞാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ നാം 2010 നോട് വിട പറയുകയും പുതിയൊരു വർഷത്തെ – 2011 നെ വരവേൽക്കുകയുമാണ്. ഇത്തരുണത്തിൽ ഇവയെപ്പറ്റി ഏതാനും ആദ്ധ്യാത്മിക ചിന്തകൾ നിങ്ങളുമായി പങ്കു വയ്ക്കട്ടെ.

ക്രിസ്തുമസ് അഥവാ നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ സന്തോഷത്തിന്റെ അവസരമാണ്. പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്ന മനുഷ്യന് നഷ്ടപ്പെട്ട ദൈവരാജ്യവും ദൈവപുത്രസ്ഥാനവും വീണ്ടുകിട്ടിയതിന്റെ സന്തോഷമാണ് ഇതിൽ നാം ആഘോഷിക്കുന്നത്.

പാപം ചെയ്ത് പറുദീസാ നഷ്ടപ്പെടുത്തിയ ആദിമാതാപിതാക്കന്മാരോട് ദൈവം ചെയ്ത വാഗ്ദാനത്തിന്റെ പൂർത്തീകരണമാണത്.

രക്ഷകന്റെ മുന്നോടിയായി വന്ന സ്നാപകയോഹന്നാന്റെ ജനനം അവന്റെ മാതാപിതാക്കന്മാർക്ക് വലിയൊരു സന്തോഷകാരണമായിരുന്നു. മക്കളില്ലാത്തതിന്റെ പേരിൽ അപമാനം സഹിച്ച് മടുത്ത സക്കറിയായ്ക്കും എലിസബത്തിനും രക്ഷകന്റെ മുന്നോടിയുടെ മാതാപിതാക്കൾ എന്ന നിലയിൽ വലിയ സന്തോഷമുണ്ടായി. അതേ, രക്ഷകനെ സ്വീകരിക്കുന്നവർ മാത്രമല്ല അവന് വഴിയൊരുക്കുന്നവരും സന്തോഷമനുഭവിക്കുന്നു. സക്കറിയായ്ക്ക് പറ്റിയതുപോലെ പറ്റാതിരിക്കാൻ നാം ശ്രദ്ധിക്കണമെന്ന് മാത്രം. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടൽ നമുക്ക് തിരിച്ചറിയാൻ പറ്റണം. അതുപോലെ ദൈവത്തിന്റെ സർവ്വശക്തിയിലുള്ള വിശ്വാസവും ഉണ്ടായിരിക്കണം. എല്ലാം നശിച്ചു എന്നു തോന്നുമ്പോഴും അവിടുത്തേയ്ക്ക് എല്ലാം സാദ്ധ്യമാണ് എന്ന് നാം മനസ്സിലാക്കണം. ക്രിസ്ത്യാനിയ്ക്ക് പ്രത്യാശയില്ലാത്ത അവസ്ഥ ഉണ്ടാകുന്നത് യുക്തിസഹമല്ല. പ്രത്യാശയില്ലാത്ത ക്രിസ്ത്യാനിയുടെ ജീവിതം പൂർണ്ണമായി ക്രൈസ്തവമായിട്ടില്ല എന്നർത്ഥം.

സക്കറിയായുടേതിൽ നിന്ന് വിഭിന്നമായ ഒരു നിലപാടാണ് രക്ഷകന്റെ അമ്മയായ മറിയവും വളർത്തുപിതാവായ യൗസേപ്പും സ്വീകരിച്ചത്. ദൂതന്റെ വാക്കു കേട്ട മറിയം അസ്വസ്ഥയായെങ്കിലും അവസാനം *ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിയ്ക്കട്ടെ* എന്നു പറഞ്ഞുകൊണ്ട് അവൾ ദൈവതിരുമനസ്സിന് വിധേയപ്പെടുകയാണ് ചെയ്യുന്നത്. തന്റെ ഗ്രഹണശക്തിയ്ക്ക് അതീതമെങ്കിലും ദൂതന്റെ വാക്ക് വിശ്വസിച്ച് അവൾ ദൈവത്തിന്റെ പുത്രനെ ഗർഭം ധരിച്ച് പ്രസവിക്കുക എന്ന ദൗത്യം ഏറ്റെടുത്തു. അതിൽ അടങ്ങിയിരുന്ന അപകടത്തെപ്പറ്റി അവൾ പൂർണ്ണ ബോധവതി ആയിരുന്നു എന്ന് ദൂതനുമായുള്ള വാദപ്രതിവാദത്തിൽ നിന്ന് വ്യക്തമാണ്. എങ്കിലും മറിയം തനിയ്ക്ക് സംഭവിക്കാമായിരുന്ന അപകടം ഒഴിവാക്കുക എന്നതിനെക്കാൾ ദൈവത്തിന്റെ വാക്ക് അനുസരിക്കുക എന്നതിന് മുൻഗണന കൊടുത്തു. *ദൈവകൃപ നിറഞ്ഞവളേ* എന്ന അഭിസംബോധന തീർച്ചയായും അവൾക്ക് ധൈര്യം പകർന്നു കാണണം. അതുപോലെ തന്നെ തന്നിൽ നിന്ന് ജനിക്കാനിരിക്കുന്ന ശിശുവിനെപ്പറ്റി *അവൻ വലിയവനായിരിക്കും* എന്ന പ്രസ്താവനയും അവൾക്ക് ആശ്വാസം പകർന്നു കാണും. കാരണം വി.ഗ്രന്ഥത്തിൽ ദൈവത്തിന് മാത്രം കൊടുക്കുന്ന ഒരു വിശേഷണമാണത്. മറിയത്തിന്റെ ത്യാഗത്തിന്റെയും ദൈവവിശ്വാസത്തിന്റെയും ഫലമാണ് നാമോരോരുത്തരും എന്ന വസ്തുത നമുക്ക് മറക്കാ

തിരിക്കാം. പരിശുദ്ധ അമ്മയോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. അമ്മയുടെ മാദ്ധ്യസ്ഥം എന്നും നമുക്ക് യാചിക്കുകയും ചെയ്യാം. ദൈവത്തിന്റെ അമ്മയാകാൻ പോകുന്നു എന്നറിഞ്ഞ നിമിഷം ചാർച്ചക്കാരിയായ എലിസബത്തിന് ശുശ്രൂഷ ചെയ്യാൻ തിടുക്കത്തിൽ പോകുകയും എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവേഷ്ടം മാത്രം അന്വേഷിച്ച് നടക്കുകയും ചെയ്ത അമ്മ നമുക്ക് മാതൃകയും പ്രചോദനവുമാകണം.

ദൈവത്തിന്റെ വാക്ക് ശിരസ്സാവഹിച്ച വ്യക്തിയാണ് യൗസേപ്പ്. യഹൂദ നിയമമനുസരിച്ച് കുറ്റക്കാരനായി മുദ്രകുത്തപ്പെടാമായിരുന്നെങ്കിലും അതൊന്നും വകവയ്ക്കാതെ തന്റെ ഭാര്യയ്ക്ക് ചെറിയൊരപമാനം പോലും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ച വ്യക്തിയാണ് അദ്ദേഹം. അതിന്റെ കാരണവും വി.ഗ്രന്ഥം പറയുന്നുണ്ട്. കാരണം *അവൻ നീതിമാനായിരുന്നു* (മത്താ.1:19). നീതിമാനെന്നതിന്റെ ശരിയായ അർത്ഥം നാം മനസ്സിലാക്കേണ്ടതുണ്ട്. ദൈവം എങ്ങനെ പ്രവർത്തിക്കുന്നുവോ അങ്ങനെ പ്രവർത്തിക്കുന്നവരാണ് നീതിമാന്മാർ. ആർക്കെങ്കിലും കൊടുക്കാനുള്ളത് കൊടുക്കുക മാത്രമല്ലത്. കേവലം സ്വപ്നത്തിൽ നിന്ന് കിട്ടിയ തെളിവ് മാത്രമാണ് തന്റെ ഭാര്യയെ സംശയിക്കാതെ സ്വീകരിക്കാൻ യൗസേപ്പിന് ആശ്രയിക്കാനുണ്ടായിരുന്നത്. അതിൽ ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതേ, ദൈവം നമ്മോട് സംസാരിക്കുന്നത് വലിയ അത്ഭുതപ്രതിഭാസങ്ങളിലൂടെയാകണമെന്നില്ല. ഏതൊരു നിസ്സാര സംഭവത്തിലും ദൈവത്തിന്റെ സ്വരത്തിന് നാം കാതോർക്കണം.

ഏതൊരു യുവാവിനേയും പോലെ വലിയ പ്രതീക്ഷകളോടെ വിവാഹം ചെയ്ത യൗസേപ്പിന്റെ ദാമ്പത്യാനുഭവം അദ്ദേഹം പ്രതീക്ഷിച്ചതുപോലെ ആയിരുന്നില്ല എന്ന് നമുക്കറിയാം. തന്റെ പ്രതീക്ഷകൾക്ക് വിരുദ്ധമായി കാര്യങ്ങൾ നീങ്ങുമ്പോഴും ദൈവത്തിൽ പൂർണ്ണവിശ്വാസം അർപ്പിച്ച് തന്റെ കുടുംബത്തെ സംരക്ഷിക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന യൗസേപ്പ് കുടുംബജീവിതക്കാർക്ക് എന്നും മാതൃകയും മദ്ധ്യസ്ഥനുമാണ്. അടിസ്ഥാനരഹിതമായൊരു സംശയത്തിന്റെ പേരിൽ ശിഥിലമാകുന്ന എത്രയോ കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്! ഭർത്താവിന്റെയോ ഭാര്യയുടേയോ ദുർന്നടപ്പ് മൂലം തകർക്കപ്പെട്ട കുടുംബങ്ങൾ ഇവിടെ വേണ്ടുവോളമുണ്ട്. സൗകര്യത്തിന്റെ പേരിൽ ഗർഭത്തിൽ വച്ച് തന്നെ നശിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾ നമ്മുടെ നാട്ടിലും ഏറി വരുന്നില്ലേ? ജനിച്ചതിന് ശേഷവും മാനസ്സികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണവും നമ്മുടെ നാട്ടിൽ അത്ര കുറവൊന്നുമല്ല എന്നത് നമ്മെ അസ്വസ്ഥതപ്പെടുത്തേണ്ട വസ്തുതയാണ്.

കാണാതായ മകനെ ദേവാലയത്തിൽ കണ്ടെത്തുമ്പോൾ *മകനെ നീ എന്തുകൊണ്ട് ഞങ്ങളോട് ഇങ്ങനെ ചെയ്തു* എന്ന് ഈശോയോട് ചോദിക്കുന്ന മറിയം അമ്മമാർ തങ്ങളുടെ കുട്ടികൾക്ക് കൊടുക്കേണ്ട ശിക്ഷണത്തെ ഓർമ്മിപ്പിക്കുന്നു. എല്ലാം വാങ്ങികൊടുക്കുകയും എന്തും ചെയ്യാനും പറയാനും സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്യുന്നതല്ല യഥാർത്ഥ സ്നേഹം. സത്യവും നീതിയും ആത്മാർത്ഥതയും പരസ്പര ബഹുമാനവും പാവങ്ങളോടുള്ള സഹാനുഭൂതിയും മറ്റും ചെറുപ്പത്തിലെ അവരിൽ ശീലമാകാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പരിശുദ്ധ അമ്മയുടേയും വി. യൗസേപ്പ് പിതാവിന്റെയും ജീവിതം എല്ലാ ഭാര്യാഭർത്താക്കന്മാർക്കും മാതാപിതാക്കൾക്കും മാതൃകയാകട്ടെ. അവരുടെ മാദ്ധ്യസ്ഥം എന്നും എല്ലാ കുടുംബങ്ങൾക്കും ഉണ്ടാകട്ടെ എന്നാണ് ഈ ക്രിസ്തുമസ് കാലഘട്ടത്തിൽ ഞാൻ പ്രാർത്ഥിക്കുന്നത്.

മറിയത്തിനും യൗസേപ്പിനും ശേഷം ആദ്യമായി രക്ഷകനെ കാണാൻ ദൈവം തെരഞ്ഞെടുത്തത് പാവപ്പെട്ടവരായ ആട്ടിടയന്മാരെയാണ് എന്ന കാര്യം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. അവർക്ക് കൊടുത്ത അടയാളമാകട്ടെ *പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും* എന്നതും. ദൈവത്തെ നാം വലിയ കൊട്ടാരങ്ങളിൽ അഥവാ സമ്പൽസമൃദ്ധിയിൽ അല്ല അന്വേഷിക്കേണ്ടത് എന്ന് ഇക്കാര്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുപോലെ മനസ്സിൽ ലാളിത്യമുള്ളവർക്കേ അവിടുത്തേ കണ്ടെത്താൻ പറ്റുകയുള്ളു എന്നും ഈ വസ്തുത നമ്മോട് പറയുന്നു.

വരാനിരിക്കുന്ന രക്ഷകനെ ദാവീദ് രാജാവിന്റെ കുലത്തിൽ ജനിക്കുന്ന ഒരു രാജാവായി കരുതി പ്രതീക്ഷിച്ച യഹൂദന്മാർക്ക് രക്ഷ എന്നു പറഞ്ഞാൽ റോമാ സാമ്രാജ്യത്തിന്റെ മേൽക്കോയ്മയിൽ നിന്നുള്ള മോചനം എന്നേ മനസ്സിലാക്കാൻ സാധിച്ചിരുന്നുള്ളു. ദാവീദിന്റെ ഗോത്രത്തിൽപ്പെട്ടവരെങ്കിലും സാമ്പത്തികമായും സാമൂഹികമായും താഴേക്കിടയിലായിരുന്ന യൗസേപ്പിനും മറിയത്തിനും കാലിത്തൊഴുത്തിൽ ജനിച്ച യേശുവിനെ രക്ഷകനായി സ്വീകരിക്കാൻ യഹൂദർ വിസമ്മതിച്ചത് അതുകൊണ്ടാണ്. സ്വയം കുരിശുമരണം ഏറ്റെടുത്ത യേശുവിനെ സ്വീകരിക്കാൻ ശിഷ്യപ്രമുഖനായ പത്രോസിനു പോലും സാധിച്ചില്ലല്ലോ. തന്നെ കേവലം ഭൗതികനായ ഒരു രാജപുത്രനായി കണക്കാക്കിയാൽ പോരാ എന്ന് കർത്താവ് തന്നെ പറയുന്നുണ്ട്. *ഫരിസേയർ ഒരുമിച്ച് കൂടിയപ്പോൾ അവനവരോട് ചോദിച്ചു: നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്ത് വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്? ദാവീദിന്റെ എന്ന് അവർ പറഞ്ഞു. അവൻ ചോദിച്ചു: ദാവീദ് ആത്മാവിനാൽ പ്രചോദിതനായി*

*അവനെ കർത്താവ് എന്ന് വിളിക്കുന്നതെങ്ങനെ? അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതു ഭാഗത്ത് ഉപവിഷ്ടനാകുക: ദാവീദ് അവനെ കർത്താവ് എന്ന് വിളിക്കുന്നുവെങ്കിൽ അവൻ അവന്റെ പുത്രനാകുന്നതെങ്ങനെ? അവനോട് ഉത്തരമായി ഒരു വാക്കുപോലും പറയാൻ ആർക്കും കഴിഞ്ഞില്ല (മത്താ. 21:41-46).* രക്ഷകൻ ദാവീദിന്റെ ഗോത്രത്തിലാണ് ജനിക്കുന്നതെങ്കിലും അവിടുത്തെ ദൗത്യം ദാവീദിന്റെ ഭൗതികസാമ്രാജ്യം പുനഃസ്ഥാപിക്കുകയല്ല എന്ന് കർത്താവ് അസന്നിഗ്ധമായി പ്രഖ്യാപിക്കുകയാണിവിടെ ചെയ്യുന്നത്. പ്രത്യുത ദൈവത്തിന്റെ ഛായയും സാദൃശ്യവും നഷ്ടപ്പെടുത്തിയ മനുഷ്യന് അത് വീണ്ടെടുക്കാനുള്ള മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുകയാണ് അവിടുത്തെ ദൗത്യം. അത് ചെയ്യുന്നതാകട്ടെ സ്വന്തം മാതൃകയിലൂടെയും. ആ മാതൃക സ്വയം താഴ്ത്തലിന്റെയും ചെറുതാകലിന്റെയും - അതായത് കുരിശിന്റെ വഴിയിലൂടെ നടക്കുക - ആയിരുന്നു എന്നു നാം ഓർക്കണം.

രക്ഷകന്റെ പ്രകൃതിയെ തെറ്റിദ്ധരിച്ചാൽ എന്തു സംഭവിക്കും എന്നതിന്റെ ഉദാഹരണമാണ് ഹേറോദേസ് രാജാവ്. തന്റെ രാജാധികാരത്തിന് പുതിയ രാജാവിന്റെ വരവോടെ ഇളക്കം തട്ടും എന്ന് തെറ്റിദ്ധരിച്ച അദ്ദേഹം ചെയ്ത കൊടുംപാതകം ചരിത്രത്തിൽ എന്നും ഒരു കളങ്കമായി നിലകൊള്ളുന്നു. നിഷ്കളങ്കരായ നൂറു കണക്കിന് കുഞ്ഞുങ്ങളെയാണ് അദ്ദേഹം കൊന്നൊടുക്കിയത്. അധികാരത്തിന്റെ ഉന്മാദം ബാധിച്ചാൽ ഇതും ഇതിലപ്പുറവും മനുഷ്യൻ ചെയ്യും. എന്നിട്ടെന്തുണ്ടായി? രക്ഷകനെ കൊല്ലാൻ പറ്റിയില്ല എന്ന് മാത്രമല്ല, ഹേറോദേസ് അതിദാരുണമായി ഈ ജീവിതത്തോട് വിടപറയേണ്ടതായും വന്നു. ദൈവത്തെ ഇല്ലായ്മ ചെയ്യാൻ പരിശ്രമിക്കുന്നവരുടെ ഗണത്തിൽ നാം എണ്ണപ്പെടാതിരിക്കട്ടെ. ദൈവം നമ്മുടെ എതിരാളിയല്ല. *അവിടുന്ന് എമ്മാനുവേലാണ്,* ദൈവം നമ്മോടുകൂടെയായിരിക്കുന്നതാണ്. നമ്മുക്ക് രക്ഷയുടെ പാത തുറന്നുതരാൻ വേണ്ടിയാണ് അവിടുന്ന് വന്നത്. വിശുദ്ധ കുർബ്ബാനയിൽ ഇന്നും അവിടുന്ന് നമ്മോടുകൂടെയായിരിക്കുന്നു.

മിശിഹായുടെ വരവിനെ കണ്ണിലെണ്ണയുമൊഴിച്ച് കാത്തിരുന്ന മൂന്ന് രാജാക്കന്മാരും ഹന്നായും ശെമയോനും എത്ര സൗഭാഗ്യമുള്ളവർ. അവരെപ്പോലെ നമ്മളും അവിടുത്തേയ്ക്കായി കാത്തിരിക്കണം. പൂജരാജാക്കന്മാരെപ്പോലെ പ്രകൃതിയിലെ അടയാളങ്ങൾ വായിച്ചറിയാൻ നമുക്ക് കഴിയണം. നമ്മുടെ മനസ്സിലും ഹൃദയത്തിലും നിറഞ്ഞു നിൽക്കുന്നത് ഈ ലോകവും അതിലെ വ്യഗ്രതകളുമാണെങ്കിൽ

അതത്ര എളുപ്പമല്ല. എങ്കിലും അത് സാധിക്കുന്നവർക്കാണ് രക്ഷ കൈവരുന്നത് എന്ന വസ്തുത നാം മറക്കരുത്. മാത്രമല്ല, മറ്റുള്ളവരെ രക്ഷകനിലേയ്ക്ക് നയിക്കുന്ന നക്ഷത്രങ്ങളായി, വഴികാട്ടിയായി ഓരോ ക്രിസ്ത്യാനിയും മാറുകയും വേണം.

രക്ഷകന്റെ പ്രകൃതിയെ തെറ്റിദ്ധരിക്കുക എന്ന അപകടം നമ്മുടെ ക്രിസ്തുമസ്സ് ആഘോഷത്തിലുമുണ്ട്. ആഢംഭരത്തിന്റെയും ആഘോഷങ്ങളുടെയും മദ്ധ്യേ നടത്തപ്പെടുന്ന ക്രിസ്തുമസ്സിൽ നിറഞ്ഞു നിൽക്കുന്നത് ദാവീദിന്റെ ഭൗതികപുത്രനാണ് എന്നത് നമുക്ക് നിഷേധിക്കാനാകാത്ത വസ്തുതയാണ്. ഒരുപക്ഷേ നാം ഇഷ്ടപ്പെടുന്നതും അങ്ങനെയുള്ള ഒരു രക്ഷകനെയല്ലേ എന്നും സ്വയം ചോദിക്കണം. അങ്ങനെ ചെയ്യാൻ ന്യായീകരണങ്ങൾ എത്ര വേണമെങ്കിലും നമുക്ക് കണ്ടെത്താം. പക്ഷേ അവയ്ക്ക് യഥാർത്ഥ ക്രൈസ്തവികതയുമായി പുലബന്ധം പോലും കാണുകയില്ല. ക്രിസ്തുമസ് കാർഡുകളും, ക്രിസ്തുമസ് കേക്കും ക്രിസ്തുമസ് കരോളും, ക്രിസ്തുമസ്സ് പപ്പായും, ക്രിസ്തുമസ്സ് ട്രീയും എല്ലാം വാണിജ്യവത്ക്കരിക്കപ്പെടുമ്പോൾ സംഭവിക്കുന്നത് അതാണ്. ക്രിസ്തുമസ്സിന് നമ്മുടെ കൊച്ചുകേരളത്തിൽ ഏറ്റവും കൂടുതൽ ചെലവാകുന്ന വസ്തു മദ്യം ആയിരിയ്ക്കാനാണ് സാധ്യത. ഓരോ ക്രിസ്തുമസ്സും കഴിയുമ്പോൾ സർക്കാർ പുറത്തുവിടുന്ന കണക്കുകൾ നമ്മെ ഭയപ്പെടുത്തുന്നതാണ്. മാത്രമല്ല കേരളത്തിൽ പതിനാല് വയസ്സു മുതൽ മദ്യപാനം ആരംഭിക്കുന്നു എന്നതും നമ്മെ അസ്വസ്ഥരാക്കേണ്ടതല്ലേ? മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഉണ്ടാക്കുന്ന വിപത്തുകളെ നാം നിസ്സാരമായി തള്ളരുത്. ഇന്നല്ലെങ്കിൽ നാളെ നാമതിന് കനത്ത വില കൊടുക്കേണ്ടി വരും. പ്രത്യേകിച്ച് ഇളം തലമുറയെ ഈ വിപത്തിൽ നിന്ന് നാം രക്ഷിക്കാൻ മുന്നോട്ടിറങ്ങണം. ഈ ക്രിസ്തുമസ്സ് അതിനൊരു നിമിത്തമാകട്ടെ.

രക്ഷകന്റെ മുന്നോടിയായി വന്ന യോഹന്നാൻ നൽകിയത് പശ്ചാത്താപത്തിന്റെയും മാനസാന്തരത്തിന്റെയും ആഹ്വാനമാണ് (മത്താ.3:2). *കർത്താവിന്റെ വഴി ഒരുക്കുവിൻ, അവന്റെ പാത നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും. കുന്നും മലയും നിരത്തപ്പെടും. വളഞ്ഞ വഴികൾ നേരെയാക്കപ്പെടും. പരുപരുത്തവ മൃദുവാക്കപ്പെടും. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും* (ലൂക്ക 3: 46). രക്ഷകൻ തരുന്ന രക്ഷയുടെ സന്തോഷം അനുഭവിക്കാനുള്ള ഉപാധികളാണ് യോഹന്നാൻ മുന്നോട്ട് വയ്ക്കുന്നത്. നാം പാപത്തിന്റെ വഴികൾ വിട്ട് പുണ്യത്തിന്റെ പാത തെരഞ്ഞെടുക്കണം. നമ്മുടെ വ്യക്തി

ജീവിതത്തിലും സമൂഹജീവിതത്തിലും ഇത് സംഭവിക്കണം. പുണ്യത്തിന്റെ പാത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കേവലം പള്ളിയിൽ പോകുന്നതും നേർച്ചകാഴ്ച്ചകൾ അർപ്പിക്കുന്നതും ഏതാനും പ്രാർത്ഥനകൾ ചൊല്ലുന്നതും ഒരു തീർത്ഥാടനം കഴിക്കുന്നതുമല്ല. അതിലുപരി ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നമ്മൾ ആ ഛായയും സാദൃശ്യവും വീണ്ടെടുത്ത് അതിനനുസരിച്ചുള്ള ജീവിതം നയിക്കുന്നതാണ് പുണ്യജീവിതം. എല്ലാ നന്മകളുടെയും ഇരിപ്പിടമായ ദൈവത്തിന്റെ ഛായയും സാദൃശ്യവും നമുക്കുണ്ട് എന്നുപറഞ്ഞാൽ അർത്ഥം ആ ദൈവത്തെപ്പോലെ നന്മ നിറഞ്ഞവരായിട്ടാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത് എന്നാണ്. അതിന്റെ ഭാഗമാണ് അമർത്യമായ നമ്മുടെ ആത്മാവ്. ദൈവം നമുക്ക് നൽകിയ സ്വാതന്ത്ര്യം നാം ദുരുപയോഗം ചെയ്ത് പാപത്തിന് അടിമകളായി നാം ആ ഛായ നഷ്ടപ്പെടുത്തുന്നു. അത് വീണ്ടെടുത്ത് തരാനും അതിനുള്ള മാർഗ്ഗങ്ങൾ കാണിച്ച് തരാനുമാണ് രക്ഷകൻ ഭൂമിയിൽ അവതരിച്ചത്. ആ മാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള പ്രബോധനത്തിന്റെ രത്നച്ചുരുക്കം *നിന്റെ ദൈവമായ കർത്താവിനെ സർവ്വശക്തിയോടും സർവ്വാത്മാവോടും കൂടി സ്നേഹിക്കുക, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക* എന്ന രണ്ട് പ്രമാണങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. ദൈവത്തോടും സഹമനുഷ്യരോടും അനുരഞ്ജനപ്പെടുക എന്ന പ്രക്രിയയ്ക്ക് നാം ഈ ക്രിസ്തുമസ്സ് വേളയിൽ പ്രത്യേക പ്രാധാന്യം കൊടുക്കണം. നമ്മളനുഷ്ടിക്കുന്ന ഇരുപത്തഞ്ച് നോമ്പ് ഏതാനും ഭക്ഷണപാനീയങ്ങളെ ചുറ്റിപ്പറ്റിയാകാതെ പരമ പ്രധാനമായ ഈ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയാകട്ടെ.

കർത്താവ് വന്നത് ദൈവരാജ്യം ഈ ഭൂമിയിൽ തന്നെ സ്ഥാപിക്കാനാണ്. വി. പൗലോസ് ശ്ലീഹാ പറയുന്നു: *ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല, പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്... ആകയാൽ സമാധാനത്തിനും പരസ്പരോത്കർഷത്തിനും ഉതകുന്നവ നമുക്ക് അനുവർത്തിക്കാം* (റോമാ 14:17, 19). ഈ ക്രിസ്തുമസ് കാലഘട്ടത്തിലും തുടർന്നും നമ്മുടെ ശ്രമം ഈ സ്വർഗ്ഗരാജ്യസ്ഥാപനത്തിനുവേണ്ടിയാകട്ടെ.

ഏതാനും ദിവസങ്ങൾക്കുള്ളിൽ നാം 2010 നോട് വിട പറയുകയാണ്. കഴിഞ്ഞ വർഷം നമ്മുടെ ജീവിതം എങ്ങനെയായിരുന്നു എന്ന് പരിശോധിച്ച് വിജയങ്ങൾക്ക് ദൈവത്തിന് നന്ദി പറയാനും പരാജയങ്ങളുടെ കാരണം മനസിലാക്കി അവ തിരുത്തി കൂടുതൽ ഊർജ്ജസ്വലതയോടെ അടുത്ത വർഷത്തിലേക്ക് പ്രവേശിക്കാനും ഉള്ള അവ

സരമാണിത്. പരാജയങ്ങൾ ജീവിതത്തിന്റെ ഭാഗമാണ് എന്ന് നാം തിരിച്ചറിയണം. ദൈവത്തിൽ നാം കൂടുതൽ ആശ്രയിക്കാൻ അവിടുന്ന് നമുക്ക് തരുന്ന സുവർണ്ണാവസരങ്ങളായി നാമവയെ കാണണം. എല്ലായിടത്തും നൂറ് ശതമാനം എന്നത് മാനുഷികമായി പറഞ്ഞാൽ അസാദ്ധ്യമാണ്. പരാജയങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടികളാണ് എന്നു നാം വിസ്മരിക്കരുത്. ദൈവത്തിന്റെ സഹായം നമുക്ക് എപ്പോഴും ലഭ്യമാണ് എന്ന് ഉറച്ച് വിശ്വസിക്കുന്നവർ പരാജയപ്പെട്ടാലും തളരുകയില്ല. അവരതിനെയെല്ലാം വിജയത്തിലേക്കുള്ള വഴികളായി കണ്ട് വീണ്ടും പരിശ്രമിച്ച് വിജയിക്കും. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2010 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2010 ഡിസംബർ മാസം 5 ന് അല്ലെങ്കിൽ 12-ന് വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 11/2010***
***Prot. No. 10140/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകകളിൽ തിരുനാളുകൾ നടത്തപ്പെടുന്ന അവസരമാണല്ലോ ജനുവരി, ഫെബ്രുവരി മാസങ്ങൾ. നമ്മുടെ ആഘോഷങ്ങളെപ്പറ്റി മുമ്പ് ഞാൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഒരിക്കൽകൂടി നിങ്ങളെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അവയോടൊപ്പം കേരള കത്തോലിക്കാ മെത്രാൻ സമിതി കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ നൽകിയ ചില മാർഗ്ഗനിർദ്ദേശങ്ങളും നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ. ഈ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ രൂപതാ ബുള്ളറ്റിന്റെ ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഇപ്രകാരം പറയുന്നു:

*ക്രൈസ്തവ വിശ്വാസത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത്. വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകക്കൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള അവസരമല്ല. അവയിൽ ലാളിത്യം നിറഞ്ഞു നിൽക്കണം. ഇടവക മദ്ധ്യസ്ഥരുടേയും മാലാഖമാരുടേയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാസികൾക്ക് കടമയുണ്ട്. ഇടവകത്തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റേയും ആരാധനക്രമപൈതൃകത്തിന്റേയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനം വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന അജപാലനമാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു. കെ.സി.ബി.സി. നിർദ്ദേശങ്ങൾ രൂപതാതലത്തിലും ഇടവകാതലത്തിലും നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേണ്ടതാണ്. (പേജ് 3).*

തിരുനാളുകൾ നൊവേനകൾ തുടങ്ങിയവയെ സംബന്ധിച്ച് 12

നിർദ്ദേശങ്ങളാണ് മെത്രാൻ സമിതി നൽകിയിരിക്കുന്നത്. അവയുടെ ചുരുക്കം നിങ്ങളുടെ സവിശേഷ ശ്രദ്ധയ്ക്കായി സമർപ്പിക്കുകയാണ്.

1) നമ്മുടെ ആഘോഷങ്ങൾ വാണിജ്യവത്ക്കരിക്കപ്പെടരുത് എന്നതാണ് ഒന്നാമത്തെ നിർദ്ദേശം. ഇതിന് ഇടവകവികാരിമാരും വിശ്വാസികളും ഒത്തൊരുമിച്ച് പരിശ്രമിക്കണം. വഴി നീളെ കമാനങ്ങൾ വയ്ക്കുന്നതും ബാനറുകൾ കെട്ടുന്നതും പോസ്റ്ററുകൾ ഒട്ടിക്കുന്നതും വാണിജ്യവത്ക്കരണത്തിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്. ഇവയിലെല്ലാം അവ സ്പോൺസർ ചെയ്യുന്ന വാണിജ്യസ്ഥാപനങ്ങളുടെ പരസ്യങ്ങൾ പ്രമുഖസ്ഥാനത്ത് തന്നെ പ്രദർശിപ്പിക്കുന്ന കാഴ്ച സർവ്വസാധാരണമാണ്. ഇത്തരം സ്ഥാപനങ്ങൾ പലപ്പോഴും അധാർമ്മികമായി പ്രവർത്തിക്കുന്നവയും ആകാം. പരസ്യങ്ങൾ ആ സ്ഥാപനങ്ങളിലേയ്ക്ക് ആളുകളെ ആകർഷിക്കാനാണല്ലോ. അപ്പോൾ നാം പ്രസംഗിക്കുന്ന തത്വങ്ങൾക്ക് വിരുദ്ധമായി നാം തന്നെ സാക്ഷ്യം കൊടുക്കുകയല്ലേ ചെയ്യുന്നത്? മാത്രമല്ല വഴിയിൽ വയ്ക്കുന്ന കമാനങ്ങളും ബാനറുകളും വലിയ അപകടങ്ങൾ വിളിച്ചു വരുത്തുകയും ചെയ്യും. നമ്മുടെ റോഡുകൾ വാഹനങ്ങൾക്ക് പോലും കടന്നുപോകാൻ വീതിയില്ലാത്തവയാണ്. അവയുടെ ഇരുവശത്തും കാലുകൾ നാട്ടി തോരണങ്ങൾ തൂക്കുമ്പോൾ അതിലെ പോകുന്ന വാഹനങ്ങളിലെ യാത്രക്കാരുടെ ജീവനാണ് നാം അപകടത്തിലാക്കുന്നത്. മാത്രമല്ല തോരണങ്ങൾ വലിയ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കെട്ടിയ തോരണങ്ങൾ നാം അഴിയ്ക്കാറില്ലല്ലോ. അവയെല്ലാം റോഡിൽ വീണുകിടന്ന് കാൽനടയാത്രക്കാർക്കും അപകടം വരുത്തി വയ്ക്കുന്നു.

2) തിരുനാളിന്റെയോ നൊവേനയുടെയോ ഭാഗമായി സംഘടിപ്പക്കുന്ന നേർച്ചസദ്യ, ഊട്ടുനേർച്ച തുടങ്ങിയവ ഇടവകക്കാർക്ക് മാത്രമായി നടത്തുന്നതാണ് ഉത്തമം. അതിലേയ്ക്ക് പ്രത്യേകാവസരങ്ങളിൽ ഇടവകാതിർത്തിയിലുള്ള ഇതരമതസ്ഥരേയും ക്ഷണിക്കാം. ഇത്തരം സദ്യകളുടെ ലക്ഷ്യം എന്താണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അവ ഒരു സമൂഹത്തിന്റെ കൂട്ടായ്മയും സാഹോദര്യവും ഊട്ടിയുറപ്പിക്കാനാണ്. അതിനർത്ഥം തിരുനാളിന് വരുന്ന മറ്റ് ഇടവകക്കാരെ ഒഴിവാക്കണം എന്നതല്ല. പ്രത്യുത, പരസ്യം കൊടുത്ത് ആളുകളെ കൂട്ടരുത് എന്നാണ്.

3) പരസ്യങ്ങൾ വിപണനക്കാർ ചെയ്യുന്നത് പോലെ വലിയ ഹോർഡിംഗുകൾ, ഫ്ളെക്സ് ബോർഡുകൾ, എന്നിവയിലൂടെ നൽകുന്നത് നിരുത്സാഹപ്പെടുത്തണം. വലിയ തീർത്ഥാടനകേന്ദ്രങ്ങളുടേയും ധ്യാനകേന്ദ്രങ്ങളുടേയും പരസ്യങ്ങൾ ഇടവകയ്ക്ക് പുറത്ത് നൽകേണ്ടി

വരുന്ന സാഹചര്യങ്ങളിൽ വേണ്ടത്ര വിവേകം ബന്ധപ്പെട്ടവരും വികാരിമാരും കാണിക്കണം. *മഹാഊട്ടുനേർച്ച, അത്ഭുതരോഗശാന്തിധ്യാനം* തുടങ്ങിയ പദപ്രയോഗങ്ങൾ ഒഴിവാക്കണം. ഇക്കാര്യത്തിൽ രൂപതാകാര്യാലയം നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്. എന്തിനാണ് നാം ഇത്ര വലിയ പരസ്യങ്ങൾ നൽകുന്നത് എന്ന് ആത്മശോധന ചെയ്യുന്നത് നല്ലതാണ്. അതിന് ചെലവാകുന്ന പണം തിരിച്ച് കിട്ടാൻ നാം പരിശ്രമിക്കും എന്നതും വസ്തുതയാണല്ലോ. ഇതും വിശുദ്ധവസ്തുക്കളുടെ വാണിജ്യവത്ക്കരണം തന്നെ.

4) പ്രധാന ഇടവകത്തിരുനാളിന് പുറമേ കപ്പേളകളിലും കുരിശടികളിലും വലിയ തോതിൽ തിരുനാളുകൾ നടത്തുന്നത് തീർത്തും നിരുത്സാഹപ്പെടുത്തണം. അതുപോലെ ഇവയിലുള്ള മത്സരബുദ്ധിയും ഒഴിവാക്കണം. ഇത് പറയാൻ കാരണം ഇവയൊന്നും ക്രൈസ്തവാരൂപിക്ക് ചേർന്നതല്ല എന്നതുകൊണ്ടാണ്. മാത്രമല്ല, റോഡ് വക്കിലുള്ള ഇത്തരം ആഘോഷങ്ങളും ആൾക്കൂട്ടങ്ങളും നിരോധിച്ചുകൊണ്ട് കോടതിവിധിയുള്ള കാര്യവും നാം ഓർക്കണം. വർഗ്ഗീയമായ ചേരിതിരുവുകൾ ഉണ്ടാകാം എന്നതിന്റെ പേരിൽ പോലീസും നിയമപാലകരും ഇത്തരം ആൾകൂട്ടങ്ങൾക്ക് നേരേ കണ്ണടച്ചു എന്ന് വരാം. പക്ഷേ, രാജ്യത്തെ ഉത്തമപൗരന്മാർ എന്ന നിലയിൽ ഏവർക്കും മാതൃകയാകേണ്ടവർ നമ്മളല്ലേ? എങ്കിലല്ലേ നമുക്ക് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും മറ്റും ആകാൻ കഴിയുകയുള്ളൂ?

5) തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ നിശ്ചിതശതമാനം സാമൂഹ്യപ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടി മാറ്റി വയ്ക്കണം. മൊത്തം തുകയുടെ എത്ര ശതമാനമാണ് ഉപവിപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതെന്ന് രൂപതകളും ഇടവകകളും നിശ്ചയിക്കേണ്ടതാണ്. പല ഇടവകകളിലും നിന്നും കേൾക്കുന്ന ഒരു കാര്യമാണ് *ഞങ്ങൾ പെരുന്നാളിന് കൂടുതൽ ചെലവഴിച്ചാലും സാമൂഹ്യപ്രവർത്തനങ്ങളിൽ കുറവൊന്നും വരുത്തുന്നില്ല* എന്ന്. ആ നിലപാട് ശരിയല്ല എന്ന് പറയണം. ചെലവിൽ കുറവ് വരുത്തി മിച്ചം വരുന്നത് കൊടുക്കുമ്പോഴാണ് അത് യഥാർത്ഥ ത്യാഗമാകുന്നത്. മാത്രമല്ല ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന സമ്പത്തിന്റെ ഉപയോഗം ദൈവത്തിന് പ്രീതികരമായ രീതിയിൽ ആയിരിക്കുകയും വേണം. തിരുനാളുകൾക്ക് ചെലവാകുന്ന തുകയുടെ അഞ്ച് ശതമാനമെങ്കിലും നാമാരംഭിച്ചിരിക്കുന്ന വിദ്യാഭ്യാസ സഹായനിധിയിലേക്ക് കൊടുക്കണം എന്ന് മുമ്പും ഞാൻ എഴുതിയിട്ടുള്ളതാണല്ലോ. അത് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുകയാണ്. **കുറേയധികം ഇടവകകൾ**

**കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ആ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും ഇടവകക്കാരേയും ഞാൻ അഭിനന്ദിക്കുകയും നന്ദിപൂർവ്വമോർക്കുകയും ചെയ്യുന്നു.** അക്കാര്യത്തിൽ നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടാകണം. ഇതിനു പുറമേ ഓരോ തിരുനാളിനോടനുബന്ധിച്ചും അതാത് ഇടവകകളിൽ തന്നെ എന്തെങ്കിലും ഒരു ഉപവി പ്രവർത്തനം നടത്താനും നിങ്ങൾ ശ്രദ്ധിക്കണം.

6) ക്രിസ്തുകേന്ദ്രീകൃത ഭക്തിയിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്ത്യാഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. പായസം, തമുക്ക് മുതലായവ ലാഭേച്ഛയോടെ വിൽപന നടത്തുന്നത് ഉദാഹരണമായി നിർദ്ദേശങ്ങളിൽ എടുത്തു പറഞ്ഞിരിക്കുന്നു. ഇതെല്ലാം വിശ്വാസത്തിന്റെ വാണിജ്യവത്ക്കരണം ആണെന്ന വസ്തുത നാം മറക്കാതിരിക്കുക.

7) തിരുനാളാഘോഷപരിപാടികൾ രാത്രി എത്രമണി വരെ പോകാം എന്ന കാര്യവും നമ്മുടെ തീരുമാനത്തിന് വിധേയമാകണം. ഏറെ വൈകി ദേവാലയങ്കണത്തിൽ കലാപരിപാടികൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തണം. നടത്തപ്പെടുന്ന കലാപരിപാടികൾ ക്രൈസ്തവ മൂല്യങ്ങൾക്ക് വിരുദ്ധമാകരുത് എന്നും നിർദ്ദേശിക്കുന്നു. ക്രൈസ്തവമൂല്യങ്ങൾക്ക് വിരുദ്ധമായ കലാരൂപങ്ങൾ വിശ്വാസത്തെ നശിപ്പിക്കുന്നു.

8) ആഘോഷത്തിന് വേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നതും അഭിലഷണീയമല്ല എന്ന് നിർദ്ദേശങ്ങളിൽ പറയുന്നു. ഇത്തരുണത്തിൽ ഇടവകത്തിരുനാളുകൾക്ക് ഞാൻ പോകാത്തതിനെപ്പറ്റിയും ഒരു വിശദീകരണം പ്രസക്തമാണെന്ന് കരുതുന്നു. ഇതിൽ പലർക്കും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട് എന്നെനിക്കറിയാം. ഒരു മെത്രാൻ ചെയ്യേണ്ടുന്ന അനേകകാര്യങ്ങൾ ഉണ്ട്. അതിൽ അതിപ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഇടവകയിലെ അജപാലനസന്ദർശനങ്ങൾ. അതിന് പുറമേ മറ്റ് ധാരാളം കൂടുതൽ പ്രാധാന്യമുള്ള കാര്യങ്ങളും ചെയ്ത് തീർക്കേണ്ടതായുണ്ട്. തിരുനാളുകൾക്ക് പോയാൽ അക്കാര്യങ്ങൾക്ക് സമയം കിട്ടുകയില്ല എന്ന കാര്യം മനസ്സിലാക്കിക്കൊണ്ടാണ് അവയ്ക്ക് പോകണ്ട എന്ന് തീരുമാനിച്ചത്. ഞാൻ രൂപതയുടെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ട് ഏഴു വർഷങ്ങൾ ആകാൻ പോകുന്നു. എന്നിട്ടും ഇതുവരെ എനിക്ക് എല്ലാ ഇടവകകളിലും അജപാലനസന്ദർശനം നടത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത സമയത്തിന്റെ സംലഭ്യത എത്ര കുറവാണ് എന്ന കാര്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. മാത്രമല്ല,

അജപാലനസന്ദർശന സമയത്താണ് മുതിർന്നവരും കുട്ടികളുമായ വിശ്വാസികളെ കാണാനും സംസാരിക്കാനും ഇടവകയുടെ വിവരങ്ങൾ ചോദിച്ചറിയാനും മറ്റും സമയം കിട്ടുന്നത്. തിരുനാളവസരങ്ങളിൽ അതി നൊന്നും കഴിയുകയില്ലല്ലൊ.

9) മറ്റ് ഇടവകകളിൽ നിന്ന് സ്വർണ്ണ, വെള്ളിക്കുരിശുകൾ വാട കയ്ക്ക് എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം. പലപ്പോഴും ആഘോ ഷത്തിന്റെ പൊലിമ കൂട്ടാൻ വേണ്ടി ഇതര ഇടവകകളിൽ നിന്ന് കൂടു തൽ കുരിശുകളും കുടകളും കൊടികളും മറ്റും കൊണ്ടുവരുന്നതിനെ യാണ് ഇവിടെ നിരുത്സാഹപ്പെടുത്തുന്നത്. ഓരോ ഇടവകയും ഉള്ളതു കൊണ്ട് തൃപ്തിപ്പെടുന്നതാണ് അഭിലഷണീയം.

10) തിരുനാൾ പ്രദിക്ഷണങ്ങൾ ഭക്തിനിർഭരമായും ഗതാഗത ത്തിനു തടസ്സം വരാതെയുമാണ് നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ധാരാളം യാത്രചെയ്യുന്ന എനിക്ക് തിരുനാൾ പ്രദിക്ഷണങ്ങൾ കാരണം മാർഗ്ഗതടസ്സം പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. അത്യാവശ്യ കാര്യങ്ങൾക്ക് പോകുന്ന എത്രയോ പേർ ഇങ്ങനെയുള്ള തടസ്സങ്ങളിൽപെട്ട് ദുരിതം അനുഭവിക്കുന്നു ണ്ടാകും. ആശുപത്രിയിൽ പോകുന്നവരും വിമാനം, തീവണ്ടി മുതലാ യവ കയറാൻ പോകുന്നവരും, ജോലിക്കായി പോകുന്നവരും എല്ലാം അക്കൂട്ടത്തിലുണ്ടാകും. അവർക്കുണ്ടാകുന്ന നഷ്ടത്തിന് തടസ്സമുണ്ടാ ക്കുന്നവരല്ലേ ഉത്തരവാദികൾ? തടസ്സം പ്രധാനപാതകളിൽ ആണെങ്കിൽ കടന്നുപോകാൻ കാത്തുകിടക്കുന്ന വാഹനങ്ങളുടെ നീണ്ട നിര തന്നെ കാണും. സമയനഷ്ടത്തിന് പുറമേ ഇന്ധന നഷ്ടവും അന്തരീക്ഷമലി നീകരണവും എല്ലാം അതിന്റെ ഫലമായുണ്ടാകുന്നു. ഇക്കാര്യങ്ങൾ ദൈവത്തിനും മാലാഖമാർക്കും വിശുദ്ധർക്കും പ്രീതികരമാകും എന്ന് ചിന്തിക്കുന്നത് മൗഢ്യമാണല്ലോ. തിരുനാൾ പ്രദിക്ഷണങ്ങൾക്ക് പോലീ സിൽ നിന്ന് മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. ഇക്കാര്യത്തിൽ നിയമപാലകർ നൽകുന്ന നിർദ്ദേശങ്ങൾ കാർക്കശ്യത്തോടെ പാലിക്ക പ്പെടണം. മുകളിൽ നാലാം നമ്പർ നിർദ്ദേശത്തിൽ പറഞ്ഞ കാര്യങ്ങൾ ഇവിടേയും പ്രസക്തമാണ്. *മറ്റു മതസ്ഥരും രാഷ്ട്രീയപാർട്ടികളും ഗതാ ഗത തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ട് ജാഥകളും പ്രദക്ഷിണങ്ങളും നട ത്തുന്നുണ്ടല്ലോ* എന്ന് നാം പറഞ്ഞേക്കാം. അവർ നടത്തുന്നുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ അവർ ചെയ്യുന്നത് ഒരുപക്ഷേ നിയമപാല കർ അനുവദിച്ചാൽ തന്നെ ശരിയല്ല എന്ന ബോദ്ധ്യം നമുക്കുണ്ടാകണം. ക്രൈസ്തവ വിശ്വാസികൾ മറ്റുള്ളവർക്ക് മാതൃകയാകാൻ വിളിക്കപ്പെ

ട്ടവരാണ്. നമ്മളെ ചൂണ്ടിക്കാട്ടിയിട്ട് മറ്റുള്ളവരോട് നമ്മെ അനുകരിക്കാൻ പറയാൻ നിയമപാലകർക്ക് കഴിയുന്ന രീതിയിലായിരിക്കണം നമ്മുടെ ശൈലികൾ.

11) കരിമരുന്ന് പ്രയോഗങ്ങൾ നിരുത്സാഹപ്പെടുത്തണം എന്നതാണ് മറ്റൊരു നിർദ്ദേശം. ചെലവു ചുരുക്കുകയും അപകടങ്ങൾ കുറയ്ക്കുകയും ചെയ്യുക എന്ന ഉദ്ദേശമാണ് ഇതിന്റെ പിന്നിലുള്ളത്. അതുപോലെ ഇക്കാര്യത്തിൽ നമ്മുടെ രാജ്യത്തെ നിയമങ്ങൾ കർക്കശമായി നാം പാലിക്കണം.

12) പരിസരമലിനീകരണത്തിനും അന്തരീക്ഷമലിനീകരണത്തിനും കാരണമാകുന്ന ഒന്നും നാം ചെയ്യരുത് എന്നതാണ് അടുത്ത നിർദ്ദേശത്തിന്റെ ചുരുക്കം. ഫ്ളക്സ്, പ്ലാസ്റ്റിക്ക് തുടങ്ങിയ വസ്തുക്കൾ കൊണ്ട് നിർമ്മിക്കുന്ന പോസ്റ്ററുകളും ബാനറുകളും തോരണങ്ങളും നമ്മുടെ പ്രകൃതിയെ നശിപ്പിക്കുന്നവയാണ്. അവ തീർത്തും ഒഴിവാക്കി പരിസ്ഥിതി സൗഹൃദമായ വസ്തുക്കൾ ഉപയോഗിക്കണം. കടലാസ്സിലും തുണിയിലും ഉണ്ടാക്കിയവ പോലും പൊതുജനത്തിന് ഉപകാരമാകാൻ സ്ഥാപിച്ചിട്ടുള്ള സൈൻബോർഡുകളിലും മതിലുകളിലും വളവുകളിൽ നിൽക്കുന്ന മരങ്ങളിലും പാറകളിലും പതിക്കാറുണ്ട്. വർദ്ധിച്ചുവരുന്ന രോഗങ്ങൾ ഇത്തരം മലിനീകരണത്തിന്റെ അനന്തര ഫലമാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതല്ലെങ്കിൽ പെരുന്നാളിൽ നിന്ന് കിട്ടുന്ന സന്തോഷം ഒരു നിമിഷം കൊണ്ട് ആശുപത്രിയിൽ അപ്രത്യക്ഷമാകും. സർക്കാർ എത്ര ശ്രമിച്ചാലും നാടിനെ രോഗവിമുക്തമാക്കാൻ കഴിയുകയുമില്ല. ശബ്ദമലിനീകരണവും നമ്മുടെ സജീവപരിഗണനയ്ക്ക് വിഷയമാകണം. രോഗികളും വിദ്യാർത്ഥികളും എല്ലാം ശബ്ദമലിനീകരണത്താൽ വിഷമിപ്പിക്കപെടുന്നുണ്ട് എന്ന കാര്യം നാം മറക്കരുത്. മാത്രമല്ല അന്യമതസ്ഥരുടെ അസഹിഷ്ണതയ്ക്കും അത് കാരണമാകാം. ആരേയും ഭയപ്പെടുത്താനുള്ള ശക്തിപ്രകടനമല്ല നമ്മുടെ പ്രദിക്ഷണങ്ങൾ.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പലർക്കും അസ്വീകാര്യങ്ങളും ചിലരുടെയെങ്കിലും അഭിപ്രായത്തിൽ അപ്രായോഗികങ്ങളും ആകാം. പിതാക്കന്മാർക്ക് ഇടവകയിലെ യാഥാർത്ഥ്യങ്ങൾ എന്താണെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ എഴുതുന്നത് എന്നും ആരെങ്കിലുമൊക്കെ ചിന്തിച്ചേക്കാം. ഇടവക നടത്താൻ ആവശ്യമായ പണം കണ്ടെത്താനുള്ള വിഷമവും, ഇടവകജനങ്ങളെ, പ്രത്യേകിച്ച് യുവജനങ്ങളേയും കുട്ടികളേയും, പള്ളിയോടടുപ്പിച്ച് നിർത്താനുള്ള പ്രയാസവും എല്ലാം മനസ്സിലാക്കിയിട്ടു തന്നെയാണ് ഈ നിർദ്ദേശങ്ങൾ തന്നിട്ടുള്ളത്. ഈ പ്രയാസങ്ങളെല്ലാം നിലനിൽക്കുമ്പോഴും ഞങ്ങളുടെ തന്നെ ജീവി

തത്തിൽ കുറവുകൾ ഉള്ളപ്പോഴും യഥാർത്ഥക്രൈസ്തവജീവിതം എന്താണ് എന്ന് പറഞ്ഞു തരാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട് എന്ന വസ്തുത ഞങ്ങൾ മറക്കരുതല്ലോ. ഏതെങ്കിലും തരത്തിൽ ജീവിച്ചാൽ അത് ക്രൈസ്തവജീവിതമാകുകയില്ല. വഴി തെറ്റുന്നു എന്ന് തോന്നുമ്പോൾ അക്കാര്യം പറയേണ്ടതും ഞങ്ങളുടെ കടമയാണ്. നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് മാത്രം ഞങ്ങൾ പറയുകയാണെങ്കിൽ അത് ഞങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമായിരിക്കും.

**ചില ഇടവകകളെങ്കിലും ഇപ്പോൾ തന്നെ ഈ നിർദ്ദേശങ്ങളിൽ പറയുന്ന രീതിയിലാണ് തിരുനാളുകൾ നടത്തുന്നത് എന്നത് ഏറെ പ്രതീക്ഷയുണർത്തുന്നുണ്ട്. അവരെ ഞാൻ അഭിനന്ദിക്കുന്നു. കുറേപ്പേർക്ക് സാധിക്കുമെങ്കിൽ ഇനിയുള്ളവർക്കും അത് സാധിക്കും എന്നത് നിസ്സംശയമാണ്. അതിന് ഇടവകക്കാരുടെ സഹകരണം വേണമെന്ന് മാത്രം. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഇക്കാര്യങ്ങൾ പൊതുയോഗത്തിലും മറ്റും അവതരിപ്പിക്കുമ്പോൾ അതവർക്ക് മുകളിൽ നിന്ന് കിട്ടിയ നിർദ്ദേശമനുസരിച്ചാണെന്ന് നിങ്ങൾ തിരിച്ചറിയുകയും അവരോടൊത്ത് സഹകരിക്കുകയും ചെയ്യണം.**

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ തിരുനാളാഘോഷങ്ങളെപ്പറ്റി നാമൊരു പുനർവിചിന്തനം നടത്തുകയും ഇനിയുള്ള തിരുനാളാഘോഷങ്ങൾ അവയ്ക്കനുസരിച്ച് നടത്തുകയും ചെയ്യണം. കർത്താവിന് വേണ്ടി പീഡയനുഭവിച്ച് മരിച്ച വിശുദ്ധർ അവരുടെ തിരുനാളുകളിൽ ആഗ്രഹിക്കുന്നതും അത് തന്നെയായിരിക്കും. ദൈവത്തിന്റെ മുമ്പിൽ നീതീകരണത്തിനും അത് നമുക്ക് കാരണമാകും. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 നവംബർ മാസം 20 -ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ഡിസംബർ മാസം 12-ന് അല്ലെങ്കിൽ 19 -ന് വിശുദ്ധകുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 12/2010***
***Prot. No.10141/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ഒരു കാര്യം നിങ്ങളെ പ്രത്യേകം അനുസ്മരിപ്പിക്കാൻ വേണ്ടി യാണ് ഞാനിതെഴുതുന്നത്. എല്ലാ വർഷവും ദനഹാത്തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ച സീറോ മലബാർ മിഷൻ ഞായർ ആയി ആചരിക്കുന്നു എന്നതാണത്. ഒക്ടോബർ മാസത്തിൽ ആഗോള സഭ ആചരിക്കുന്ന മിഷൻ ഞായറിന് പുറമേ ഒരു സീറോമലബാർ മിഷൻ ഞായർ ആചരണം എന്തുകൊണ്ടാണ് എന്ന് നിങ്ങൾ ചിന്തിച്ചേക്കാം. ആ ചോദ്യം പ്രസക്തവുമാണ്. അതിനാൽ ഈ പ്രത്യേക ആചരണ ത്തെപ്പറ്റി ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുക യാണ്.

നിങ്ങൾക്കറിയാവുന്നതുപോലെ കത്തോലിയ്ക്കാ സഭാ കൂട്ടാ യ്മയിലെ ഒരു വ്യക്തിഗത പൗരസ്ത്യസഭയാണ് സീറോ മലബാർ സഭ. എല്ലാ പൗരസ്ത്യ സഭകൾക്കും വേണ്ടി പരിശുദ്ധ പിതാവ് 1990 ൽ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള സഭാനിയമമനുസരിച്ചാണ് ഈ സഭ കൾ പ്രവർത്തിക്കേണ്ടത്. അങ്ങനെയല്ലാതെ അവയ്ക്ക് നിലനിൽപ്പില്ല. ഈ നിയമമനുസരിച്ച് ഓരോ വ്യക്തിഗതസഭയ്ക്കും റോമാ മാർപാപ്പ യുടെ പൊതു നേതൃത്വവും ഭരണസംവിധാനവും ഉണ്ടായിരിക്കണം. അങ്ങനെ 1992 മുതൽ നമുക്ക് പ്രത്യേകമായ സഭാഭരണവും മറ്റ് സംവി ധാനങ്ങളും ഉണ്ടായി.

സഭ അതിന്റെ പ്രകൃതിയാൽ തന്നെ പ്രേഷിതയാണ്. എന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത്. (*പ്രേഷിതപ്ര വർത്തനം, നമ്പർ 2*). പ്രേഷിതപ്രവർത്തനം എന്നതിന്റെ തത്തുല്യമായ വാക്കാണ് മിഷൻ പ്രവർത്തനം എന്നത്. സഭയുടെ പരമോന്നത പ്രബോ ധനാധികാരസഭയാണല്ലോ സൂനഹദോസുകൾ. അവയുടെ പ്രബോധ നങ്ങളെ നമുക്ക് അവഗണിക്കാൻ സാദ്ധ്യമല്ല. പ്രേഷിതയല്ലാത്ത ഒരു

സഭയ്ക്ക് നിലനിൽക്കാൻ സാധിക്കുകയില്ല. അതായത് നാം സ്വീകരിച്ച ക്രൈസ്തവ വിശ്വാസം മറ്റുള്ളവരിലേയ്ക്ക് പകർന്നുകൊടുക്കാതെ നമ്മുടെ ക്രൈസ്തവ ജീവിതം പൂർണ്ണമല്ല എന്നർത്ഥം. അപ്രകാരം ചെയ്യുന്നത് മറ്റുള്ളവരെ എപ്പോഴും ജ്ഞാനസ്നാനപ്പെടുത്തിക്കൊണ്ടാകണം എന്ന് വരുന്നില്ല. ക്രൈസ്തവവിശ്വാസത്താൽ പ്രേരിതരായി നാം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും മിഷൻ പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ്. അതായത് അവ നടത്തുന്നത് കേവലം മാനുഷിക പരിഗണന മാത്രം വച്ചുകൊണ്ടല്ല. അതുപോലെ ഭൗതികമായ ലാഭേച്ഛയോടെയുമല്ല.

സഭയിലെ ഓരോ വ്യക്തിഗത സഭയും അവരുടെ വിശ്വാസപാരമ്പര്യങ്ങൾ സംരക്ഷിക്കണം എന്നതാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനം *(പൗരസ്ത്യ സഭകൾ നമ്പർ 2)*. അതുപോലെ തന്നെ ഓരോ സഭയ്ക്കും മേൽപ്പറഞ്ഞ രീതിയിൽ പ്രേഷിത പ്രവർത്തനം നടത്താനുള്ള കടമയുമുണ്ട് എന്നും സൂനഹദോസ് പ്രബോധിപ്പിക്കുന്നു (നമ്പർ 3). എന്നു തന്നെയുമല്ല അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഈ സഭകൾക്ക് സ്വന്തം പാരമ്പര്യങ്ങൾ സംരക്ഷിക്കാനും വളരാനും അതിലുപരി നിലനിൽക്കാനും സാധിക്കുകയുള്ളു. അങ്ങനെ ചെയ്യാത്ത സഭകൾ സാവധാനം ഈ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകും എന്നതാണ് വസ്തുത. അതുകൊണ്ടാണ് ഓരോ വ്യക്തിഗത സഭയ്ക്കും മിഷൻ രൂപതകൾ അനുവദിക്കപ്പെടുന്നത്.

പരമ്പരാഗതമായി സീറോ മലബാർ കത്തോലിക്കരുടെ സാന്നിദ്ധ്യമുള്ള കേരളത്തിന് പുറമേ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി പതിനാല് സീറോ മലബാർ രൂപതകൾ കൂടിയുണ്ട്. അഡീലാബാദ് (ആന്ധ്രപ്രദേശ്), ബിജ്നോർ (ഉത്തരാംചൽ), ചാന്ദ (മഹാരാഷ്ട്ര), ഗോരഖ്പൂർ (ഉത്തർപ്രദേശ്), ജഗദൽപ്പൂർ (ഛത്തീസ്ഘട്ട്), കല്യാൺ (മഹാരാഷ്ട്ര), രാജ്ക്കോട്ട് (ഗുജറാത്ത്), സാഗർ (മദ്ധ്യപ്രദേശ്), സാത്ന (മദ്ധ്യപ്രദേശ്) ഉജ്ജൈൻ (മദ്ധ്യപ്രദേശ്), തക്കലൈ (തമിൾ നാട്), രാമനാഥപുരം (തമിൾനാട്), ബൽത്തങ്ങാടി (കർണ്ണാടക), ഭദ്രാവതി (കർണ്ണാടക), മണ്ഡ്യ (കർണ്ണാടക) എന്നിവയാണവ. ഇവയ്ക്ക് പുറമേ അമേരിക്കൻ ഐക്യനാടുകൾ മുഴുവൻ ഉൾക്കൊള്ളുന്ന ചിക്കാഗോ രൂപതയുമുണ്ട്. ഇവയിൽ കല്യാൺ, രാമനാഥപുരം, ബൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ, ചിക്കാഗോ എന്നീ രൂപതകൾ പ്രധാനമായും സീറോ മലബാർ കുടിയേറ്റക്കാരെ ഉദ്ദേശിച്ചുള്ളവയാണ്.

ഈ രൂപതകളിൽ ഒന്നുപോലും വൈദികരുടെയും സന്യസ്തരുടെയും അത്മായപ്രേഷിതരുടെയും കാര്യത്തിലായാലും സാമ്പത്തിക

കാര്യങ്ങളിലായാലും സ്വയം പര്യാപ്തമല്ല. അവരെല്ലാം പ്രവർത്തിക്കുന്നത് മറ്റു സ്ഥലങ്ങളിലുള്ള വിശ്വാസികളുടെ സഹായം കൊണ്ടാണ്. ചിക്കാഗോയുടെ കാര്യത്തിൽ മാത്രം സാമ്പത്തികമായി നാം അവരെ സഹായിക്കേണ്ടതില്ല എന്നു പറയാം. സീറോ മലബാർ രൂപതകളുടെ കാര്യത്തിൽ പരമ്പരാഗതകത്തോലിയ്ക്കരായ നമുക്കും ഈ രൂപതകളെ സഹായിക്കാൻ കടപ്പാടുണ്ട്. ആ കടപ്പാട് ഓർമ്മപ്പെടുത്താൻ വേണ്ടിയാണ് സീറോമലബാർ മിഷൻഞായർ നാം ആചരിക്കുന്നത്.

നാം പല രീതിയിലാണ് നമ്മുടെ മിഷൻ രൂപതകളെ സഹായിക്കേണ്ടത്. ഒന്നാമതായി ആ രൂപതകളിൽ പ്രവർത്തിക്കുന്ന പ്രേഷിതർക്കും മറ്റ് ദൈവജനത്തിനും വേണ്ടി നാം നിരന്തരം പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന എന്നും അവർക്ക് ശക്തി പകരണം. വിശ്വാസപ്രേരിതമായി അവർ ചെയ്യുന്ന ആതുരസേവനം, വിദ്യാഭ്യാസപ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ മറ്റുള്ളവർ പലപ്പോഴും തെറ്റിദ്ധരിക്കുന്നുണ്ട്. സാധാരണയായി ആരും ലാഭേച്ഛയില്ലാതെ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുകയില്ല എന്നൊരു ചിന്ത സാമാന്യജനങ്ങൾക്കുണ്ട്. അപ്പോൾ നമ്മളും അങ്ങനെയായിരിക്കും എന്നാണവർ ചിന്തിക്കുന്നത്. എന്നാൽ *നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം എന്നും കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല* എന്നും മറ്റുമുള്ള ദൈവവചനങ്ങളുടെ അടിസ്ഥാനത്തിലാണ് നാമവ ചെയ്യുന്നത് എന്ന് നമുക്കറിയാം. ഇപ്രകാരം തെറ്റിദ്ധരിക്കപ്പെടുന്നതുകൊണ്ട് തന്നെ നമ്മുടെ പ്രേഷിതർ പല തരത്തിലുള്ള പീഡനങ്ങൾക്കും വിധേയരാകുന്നുണ്ട്. ഏതാനും നാൾ മുമ്പ് ഒറീസ്സായിലെ കണ്ഡമാലിൽ നടന്ന കാര്യങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ. ഈ പീഡനങ്ങൾക്കും പ്രതിസന്ധികൾക്കും നടുവിൽ പ്രവർത്തിക്കുന്ന സഹോദരങ്ങൾക്ക് ഉറച്ച് നിൽക്കാനുള്ള ശക്തിക്കായി നാം പ്രാർത്ഥിക്കണം. അതുപോലെ തന്നെ ഈ ക്രൂരകൃത്യങ്ങൾ നടത്തുന്നവരുടെ മാനസാന്തരത്തിന് വേണ്ടിയും. ദൈവത്തിന് അസാദ്ധ്യമായത് ഒന്നുമില്ലല്ലോ.

രണ്ടാമതായി നാം ചെയ്യേണ്ടത് ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കാൻ ധാരാളം വൈദികരും സന്യസ്തരും അത്മായ പ്രേഷിതരും ഉണ്ടാകാൻ യത്നിക്കുക എന്നതാണ്. നമ്മുടെ കുട്ടികളെ നാമതിന് പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ധാരാളം പേർ ഈ ജീവിതത്തിലേയ്ക്ക് കടന്നുവരാൻ വേണ്ടി നാം പ്രാർത്ഥിക്കുകയും ചെയ്യണം. നമ്മുടെ ഇടവകകളിൽ തന്നെ സ്ഥിരം വൈദികരും സന്യ

സ്തരും വേണമെന്ന നിർബന്ധം നമുക്കുണ്ട്. എന്നാൽ അവരെ എവിടെ കണ്ടെത്തും എന്ന ചോദ്യത്തിനു മുമ്പിൽ നാം നിശബ്ദരാകുകയാണ് ചെയ്യുന്നത്. അപ്പോൾ പ്രതിസന്ധികൾ നിറഞ്ഞ മിഷൻ പ്രദേശങ്ങളിലേയ്ക്ക് പോകാൻ എത്ര പേർ കടന്നുവരും എന്നത് ചിന്തനീയമാണ്. വൈദികസമർപ്പിത ജീവിതങ്ങളിലേയ്ക്ക് പോകാൻ നിങ്ങളുടെ മക്കൾക്ക് താൽപര്യമില്ലെങ്കിൽ പോകുന്ന മറ്റ് കുടുംബങ്ങളിലെ മക്കളെ പ്രാർത്ഥനകൊണ്ടും സാമ്പത്തികസഹായം കൊണ്ടും നിങ്ങൾ പിന്തുണയ്ക്കണം.

ജോലിക്കാർ ഉണ്ടെങ്കിലും ജോലി എടുക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ലെങ്കിൽ അവർക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല. അതിന് നമ്മുടെ സാമ്പത്തിക സഹായം കൂടിയേ കഴിയൂ. നാം നമ്മുടെ സമ്പത്ത് പങ്കു വയ്ക്കാൻ തയ്യാറാകുന്നത് നമ്മുടെ വിശ്വാസത്തിന്റെ ആഴമനുസരിച്ചാണ്. സുവിശേഷങ്ങളിലെ വിധവയേപ്പോലെ ഉള്ളത് മുഴുവനും കൊടുക്കണം എന്ന് ആവശ്യപ്പെടുന്നില്ല. നമുക്ക് മിച്ചമുള്ളതിൽ ഒരോഹരിയെങ്കിലും കൊടുത്താൽ നമ്മുടെ മിഷൻ രൂപതകൾക്ക് പ്രവർത്തിക്കാൻ പ്രയാസമുണ്ടാകുകയില്ല. യഥാർത്ഥ ക്രൈസ്തവ വിശ്വാസം ഉള്ളവർ തങ്ങളുടെ ആവശ്യങ്ങൾ മാറ്റി വച്ച് പോലും ഇപ്രകാരം കൊടുക്കാൻ തയ്യാറാകും. അങ്ങനെയുള്ളവർ മറ്റ് രാജ്യങ്ങളിൽ, പ്രത്യേകിച്ച്, പാശ്ചാത്യരാജ്യങ്ങളിൽ, ഉള്ളതുകൊണ്ടാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണുന്ന പല പള്ളികളും മറ്റ് അനുബന്ധസ്ഥാപനങ്ങളും ഉയർന്നു വന്നതും നമുക്ക് ആവശ്യത്തിനുള്ള വൈദികരും സമർപ്പിതരും ഉണ്ടായതും. എന്നാൽ അങ്ങനെ കൊടുക്കുന്നവരുടെ സംഖ്യ ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്നു എന്ന കാര്യം നമ്മുടെ ഉത്തരവാദിത്വത്തെപ്പറ്റി നാം കൂടുതൽ അവബോധമുള്ളവരാകാൻ നമ്മെ ക്ഷണിക്കുന്നു.

സീറോമലബാർ സഭയ്ക്ക് തനതുഭരണസംവിധാനം ലഭ്യമായതോടെ നമ്മുടെ മിഷൻ രൂപതകളെ സഹായിക്കുക എന്ന ഉത്തരവാദിത്വവും നമ്മുക്ക് വന്നു ചേർന്നു. അതിനുള്ള പ്രായോഗികമാർഗ്ഗമായി നിർദ്ദേശിക്കപ്പെട്ടത് കേരളത്തിലുള്ള ഓരോ സീറോമലബാർ രൂപതയും ഓരോ മിഷൻ രൂപതയെ ദത്തെടുക്കുക എന്നതായിരുന്നു. അതിൻപ്രകാരം നമ്മുടെ രൂപതയ്ക്ക് തന്നിരിക്കുന്നത് കർണ്ണാടകത്തിലുള്ള ബൽത്തങ്ങാടി രൂപതയെയാണ്. തലശ്ശേരി അതിരൂപത വിഭജിച്ച് 1999 ൽ സ്ഥാപിക്കപ്പെട്ട രൂപതയാണ് ബെൽത്തങ്ങാടി. അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവാണ് അവിടുത്തെ മെത്രാൻ. ബൽത്തങ്ങാ

ടിയ്ക്ക് പുറമേ നമ്മുടെ രൂപത വിഭജിച്ചുണ്ടായ ഭദ്രാവതി, മണ്ഡ്യ എന്നീ രൂപതകളെയും നാം സഹായിക്കണം.

സീറോമലബാർ മിഷൻ ഞായറായ ജനുവരി 9 ന് എടുക്കുന്ന സ്തോത്രകാഴ്ച നമ്മുടെ ദത്തുരൂപതയായ ബെൽത്തങ്ങാടിയ്ക്കാണ് കൊടുക്കുന്നത്. ആരംഭദിശയിലുള്ള ആ രൂപതയ്ക്ക് ഒരുപാട് ആവശ്യങ്ങളുണ്ട്. അവ മുന്നിൽ കണ്ടുകൊണ്ട് നിങ്ങൾ ഉദാരമായി സംഭാവനകൾ കൊടുക്കണം എന്നഭ്യർത്ഥിക്കുന്നു. നാം കൊടുക്കുന്ന ഓരോ പൈസയും ക്രിസ്ത്യാനിയെന്ന നിലയിൽ നമ്മുടെ പ്രേഷിതദൗത്യത്തിന്റെ അഥവാ മിഷനറിദൗത്യത്തിന്റെ നിറവേറ്റലാണ് എന്ന കാര്യം വിസ്മരിക്കാതിരിക്കുക. നിങ്ങളുടെ സംഭാവനകൾ ദൈവത്തിന്റെ അനുഗ്രഹമായി നിങ്ങളിലേയ്ക്ക് തന്നെ തിരിച്ചെത്തുകയും ചെയ്യും. ആ അനുഗ്രഹം ഒരുപക്ഷേ നല്ല മൂല്യബോധമുള്ള മക്കളുടെ രൂപത്തിലായിരിക്കാം, അല്ലെങ്കിൽ അപകടങ്ങളിൽ നിന്നുള്ള സംരക്ഷണത്തിന്റെ രൂപത്തിലായിരിക്കാം, അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലായിരിക്കാം. ഏതുതരത്തിലായാലും ഒന്നിന് നൂറിരട്ടിയായി തിരിച്ച് കിട്ടാതിരിക്കുകയില്ല. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2010 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജനുവരി മാസം 2 -ന് വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**